# സാന്ത്വനപ്രകാശം

പാലാ രൂപതാബുള്ളറ്റിൻ



സെപ്റ്റംബർ 14 - മാർ സ്ലീവായുടെ പുകഴ്ചയുടെ തിരുനാൾ

Vol. LXXVI No. 9 Sep 2026 ഏലിയ – സ്ലീവാ – മൂശേക്കാലങ്ങൾ



ജയ്ഗിരി പള്ളിയിൽ വച്ചു
പുരോഹിതനായി അഭിഷിക്തനായ

# ഫാ. ജോസഫ് നെടുനിലത്തിന്

രൂപതാ കൂടുംബത്തിന്റെ

## ആശംസകൾ

04.08.2026

മലേഷ്യയിലെ ലിങ്കൺ യൂണിവേഴ്സിറ്റിയിൽ നിന്ന്

## ഡോക്ടറേറ്റ് നേടി



**Dr. Mathew Chennattu**
(PhD in psycology)



**Dr. Sebastian Chamakkalayil**
(PhD in Social Sciences )

## NET എക്സാമിൽ ഉന്നത വിജയം



**Fr. Francis Mattel**
(Secured NET in Library & Information Science)

രൂപതാ കുടുംബത്തിന്റെ

## ആശംസകൾ



04.08.2026

മുട്ടുചിറ ആശുപത്രിയിൽ

## പുതിയ കാത്ത്‌ലാബ് യൂണിറ്റ്

അഭിവന്ദ്യ
മാർ ജോസഫ് കല്ലറങ്ങാട്ട്
പിതാവ് വെഞ്ചരിച്ചു.











ഇൻഫാമിന്റെ ആഭിമുഖ്യത്തിൽ

## പാലാ കാർഷികജില്ലയുടെ അടുക്കളത്തോട്ട വിത്തുവിതരണം

അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ്
നിർവഹിക്കുന്നു.

14.08.2026

## മംഗളഗിരി, പെരിങ്ങുളം

എന്നീ ഇടവകകളിൽ

# അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ്

സന്ദർശനം നടത്തി പ്രളയദുരന്തത്തിൽ അകപ്പെട്ട കുടുംബങ്ങൾക്ക്

സാന്ത്വനവും സഹായവും നൽകി.















14.08.2026

48 -ാമത്

കെ. സി. വൈ. എം. സംസ്ഥാന സമിതിയുടെ

# അർദ്ധവാർഷിക സെനറ്റ്

അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച്



അഭിവന്ദ്യ

മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ്

ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി

ജലവിഭവ – ഭവന നിർമ്മാണ വകുപ്പ് മന്ത്രി

ശ്രീ മോൻസ് ജോസഫ്

അനുഗ്രഹപ്രഭാഷണം നടത്തി





15 .08.2026

LEAD KINDLY LIGHT

EPARCHY OF PALAI

“നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു...
മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട്,
സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ
മഹത്ത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം
അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ.”
(മത്തായി 5: 14 – 16)

*‘സാന്ത്വനപ്രകാശമേ, നയിച്ചാലും’*

# സാന്ത്വനപ്രകാശം

## പാലാ രൂപതാബുള്ളറ്റിൻ

**SEPTEMBER 2026**
**Vol. LXXVI No. 9**

# CONTENTS


സർക്കുലർ ....................................................................567

അറിയിപ്പ് ....................................................................576

കച്ചേരിക്കാര്യം ....................................................................577

വാർത്തകൾ .................................................................... 578

അഭിവന്ദ്യപിതാവിന്റെ ഡയറി ....................................................618

Prot. No. 0572/2026

# സിനഡനന്തര സർക്കുലർ

## സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്

## മാർ റാഫേൽ തട്ടിൽ

തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലനശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്. കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ!

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

സീറോമലബാർസഭയുടെ മുപ്പത്തിനാലാമതു സിനഡിന്റെ രണ്ടാം സമ്മേളനം 2026 ഓഗസ്റ്റ് 17 മുതൽ 28 വരെ സഭയുടെ ആസ്ഥാനമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്നു. സഭയുടെ വിശ്വാസജീവിതത്തെയും അജപാലനപ്രവർത്തനങ്ങളെയും കാലഘട്ടത്തിന്റെ വെല്ലുവിളികളോടു കൂടുതൽ ഫലപ്രദമായി പ്രതികരിക്കുന്നവിധത്തിൽ നവീകരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമുള്ള വിവിധ മാർഗങ്ങൾ സിനഡിൽ വിശദമായി ചർച്ചചെയ്തു. പ്രാർഥനയ്ക്കും സാഹോദര്യത്തിനും സഭയുടെ കൂട്ടായ്മയ്ക്കും ഊന്നൽ നല്കി നടന്ന ഈ സിനഡ്, പരിശുദ്ധാത്മാവിന്റെ കൃപയിൽ മെത്രാന്മാർ ഒരുമിച്ചു ദൈവഹിതം അന്വേഷിച്ച അനുഗ്രഹപ്രദമായ ദിവസങ്ങളായിരുന്നു. സിനഡുസമ്മേളനത്തിന്റെ വിജയത്തിനായി പ്രാർഥിച്ച എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു.

### സഭാസമൂഹത്തിന്റെ ശക്തീകരണം

2024 ൽ പാലായിൽ നടന്ന സീറോമലബാർ മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലിയുടെ തുടർച്ചയായി നാം സമുദായശക്തീകരണവർഷം ആചരിച്ചുവരികയാണല്ലോ. ആനുകാലികലോകത്തിന്റെ വിവിധ വെല്ലുവിളികളെ നേരിടാൻ സഭാംഗങ്ങളുടെ ആത്മീയവും സാമൂഹികവുമായ

ശക്തീകരണം അനിവാര്യമാണെന്ന ബോധ്യമാണ് ഈ വർഷാചരണത്തിലേക്കു നമ്മെ നയിച്ചത്. വിവിധ രാജ്യങ്ങളിൽ ചിതറിപ്പാർക്കുന്ന സമുദായാംഗങ്ങളെ ഒരു വിശ്വാസിസമൂഹമായി നിലനിറുത്തുന്നതു സഭയോടുള്ള ബന്ധവും സഭാംഗങ്ങളായിരിക്കുന്നതിലുള്ള അഭിമാനബോധവുമാണ്.

ജനസംഖ്യാശോഷണം, സഭാത്മകബോധത്തിന്റെ കുറവ്, കൃഷി - വ്യാപാര മേഖലകളോടുള്ള പുതുതലമുറയുടെ താത്പര്യക്കുറവ്, സമൂഹത്തിന്റെ മുഖ്യധാരകളിലെ നമ്മുടെ അസാന്നിധ്യം തുടങ്ങിയവ നമ്മുടെ സമൂഹം നേരിടുന്ന പ്രധാന വെല്ലുവിളികളാണ്. ഈ വെല്ലുവിളികൾ നമ്മെ ഭയപ്പെടുത്തുന്നതിനുപകരം പുതിയ പ്രവർത്തനശൈലികൾ കണ്ടെത്തുന്നതിനുള്ള പ്രചോദനമായി മാറണം. രക്ഷകനും നാഥനുമായ ഈശോമിശിഹായുടെ തിരഞ്ഞെടുക്കപ്പെട്ട ജനം എന്നനിലയിൽ, ആത്മീയബോധ്യങ്ങളിൽ ആഴപ്പെട്ടു കൂടുതൽ കരുത്തോടെ സുവിശേഷത്തിന്റെ സാക്ഷികളാകാനാണു നാം ശ്രമിക്കേണ്ടത്. അതോടൊപ്പം, ഇളംതലമുറയെ വിശ്വാസത്തിലും സഭാവബോധത്തിലും ഉറപ്പിക്കാനും അവരുടെ കഴിവുകളും വിഭവശേഷിയും വളർത്തിയെടുക്കാനുമുള്ള പരിശ്രമങ്ങൾ കൂടുതൽ തീക്ഷ്ണമായി നടത്തേണ്ടതുണ്ട്. സമുദായശക്തീകരണവർഷത്തിൽ നമ്മുടെ രൂപതകളിൽ ആരംഭിച്ചിരിക്കുന്ന വിവിധ പ്രവർത്തനങ്ങൾ സഭയെയും സമുദായത്തെയും ബലപ്പെടുത്തുമെന്നു സിനഡു വിലയിരുത്തി. ഇതിനായി നിസ്വാർഥമായി അധ്വാനിക്കുന്ന എല്ലാവരെയും ഞാൻ അഭിനന്ദിക്കുന്നു.

**ആഴപ്പെടേണ്ട വിശ്വാസജീവിതം**

കുടുംബങ്ങളുടെയും യുവജനങ്ങളുടെയും കുട്ടികളുടെയും വിശ്വാസരൂപീകരണവും വിശ്വാസശക്തീകരണവും സഭയുടെ കരുതലിന്റെ ഭാഗമാണ്. ലോകമെമ്പാടും സീറോമലബാർ സഭ വളർന്നതിന്റെ പിന്നിൽ പ്രവാസികളുടെ വിശ്വാസതീക്ഷ്ണത പ്രധാനപ്പെട്ട ഘടകമായിരുന്നുവെന്നതു

നിസ്തർക്കമാണ്. തങ്ങളുടെ പൂർവികരുടെ അതേ വിശ്വാസതീക്ഷ്ണതയോടെ മക്കളെ വളർത്താൻ പുതിയ തലമുറയിലെ ഭൂരിപക്ഷം മാതാപിതാക്കളും പരിശ്രമിക്കുന്നുവെന്നതു നമുക്ക് അഭിമാനകരമാണ്. എന്നാൽ, ഇന്ന് അനുദിനജീവിതത്തിന്റെ അവിഭാജ്യഘടകമായി മാറിയിരിക്കുന്ന ഡിജിറ്റൽസങ്കേതങ്ങളാൽ പ്രത്യേകിച്ച്, സമൂഹമാധ്യമങ്ങളാൽ സ്വാധീനിക്കപ്പെടുന്നവരിൽ പ്രകടമായിക്കൊണ്ടിരിക്കുന്ന സാംസ്കാരിക നിരീശ്വരത്വത്തിന്റെ സ്വാധീനം അനുദിനം വർധിതമാകുന്ന ഈ കാലഘട്ടത്തിൽ, നമ്മുടെ കുടുംബങ്ങളുടെ വിശ്വാസപരിശീലനം ഏറെ പ്രാധാന്യമർഹിക്കുന്നു. ഏകരക്ഷകനായ ഈശോമിശിഹായെക്കുറിച്ചും മിശിഹായുടെ മൗതികശരീരമായ സഭയെക്കുറിച്ചുമുള്ള ബോധ്യങ്ങൾ വിശ്വാസജീവിതത്തിൽ നിരന്തരം ആഴപ്പെടുത്തേണ്ടതുണ്ട്. വിശ്വാസതീക്ഷ്ണതയിൽ കുടുംബങ്ങളെയും യുവജനങ്ങളെയും കുട്ടികളെയും കാലത്തിനൊത്തു വളർത്താൻ ഉതകുന്നരീതിയിൽ അജപാലനപ്രവർത്തനങ്ങൾ ക്രമീകരിക്കാൻ എല്ലാവരോടും അഭ്യർഥിക്കുന്നു. മൂല്യശോഷണം, വ്യക്തിവാദം, സാമ്പത്തികസമ്മർദങ്ങൾ, തലമുറകൾ തമ്മിലുള്ള അകലം, ഡിജിറ്റൽ സംസ്കാരത്തിന്റെ സ്വാധീനം തുടങ്ങിയ നിരവധി വെല്ലുവിളികളെ നമ്മുടെ കുടുംബങ്ങൾ അഭിമുഖീകരിക്കുന്ന സാഹചര്യത്തിൽ, കുടുംബജീവിതത്തിലേക്കുള്ള ദൈവവിളിയെ വിലമതിക്കാനും വിവാഹമെന്ന കൂദാശയുടെ കൃപകൾ സ്വീകരിക്കാനും യുവജനങ്ങളെ സജ്ജരാക്കേണ്ടതുണ്ട്. അതോടൊപ്പംതന്നെ കുടുംബങ്ങളെയും സമൂഹത്തെയും തകർക്കുന്ന മദ്യം, മയക്കുമരുന്ന് തുടങ്ങിയ സാമൂഹികതിന്മകൾക്കെതിരെയുള്ള പോരാട്ടവും ബോധവത്കരണവും നാം കൂടുതൽ ശക്തിപ്പെടുത്തേണ്ടിയിരിക്കുന്നു.

**പ്രേഷിതപ്രവർത്തനത്തിനു നവോന്മേഷം**

ഭാരതം മുഴുവൻ അജപാലനശുശ്രൂഷയും സുവിശേഷപ്രഘോഷണവും നടത്താനുള്ള സാധ്യത ലഭിച്ചതുമുതൽ, ഏറെ പരിമിതികൾക്കുള്ളിൽനിന്നുകൊണ്ടുതന്നെ സുവിശേഷ

വത്കരണപ്രവർത്തനങ്ങൾ സീറോമലബാർസഭ നടത്തിവരുന്നു. ‘ക്രൈസ്തവൻ ആയിരിക്കുക എന്നാൽ സുവിശേഷകൻ ആയിരിക്കുക എന്നുകൂടിയാണ്’ (CCC 900) എന്ന ബോധ്യം നമുക്കുണ്ടാകണം. ‘നിങ്ങൾ ലോകമെങ്ങുംപോയി സുവിശേഷം പ്രഘോഷിക്കുവിൻ’ (മർക്കോ.16:15) എന്ന കല്പന ലഭിച്ചവരായതുകൊണ്ട്, സുവിശേഷപ്രഘോഷണം നമ്മുടെ വിശ്വാസജീവിതത്തിന്റെ അവിഭാജ്യഭാഗമാണ്. ഇന്ത്യൻ ഭരണഘടനയുടെ 25-ാം അനുച്ഛേദത്തിലൂടെ ഏതു മതത്തിലും വിശ്വസിക്കാനും വിശ്വാസം ആചരിക്കാനും പ്രചരിപ്പിക്കാനുമുള്ള അവകാശം ഉറപ്പുനല്കിയിട്ടുണ്ടല്ലോ. നമ്മുടെ വിശ്വാസത്തിൽനിന്നു ഉടലെടുക്കുകയും എന്നാൽ മതവിശ്വാസങ്ങൾക്കതീതമായി എല്ലാവരെയും ആശ്ലേഷിക്കുന്നതുമാണു സഭയുടെ സേവനമേഖലകൾ. എന്നാൽ, നിർബന്ധിതമതപരിവർത്തനം എന്ന ആരോപണം ഉന്നയിച്ചു നമ്മുടെ വിശ്വാസജീവിതത്തെയും ജീവകാരുണ്യ - വിദ്യാഭ്യാസ ശുശ്രൂഷകളെയും തടസ്സപ്പെടുത്തുന്ന പ്രവണതകൾ ഇന്ത്യയുടെ മതേതരസ്വഭാവത്തിനു യോജിച്ചതല്ല എന്നും നാം തിരിച്ചറിയേണ്ടതുണ്ട്.

2024 ലെ മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലിയുടെ നിർദേശപ്രകാരം ‘ജീവൻജ്യോതി’ എന്ന പേരിൽ അല്മായ പ്രേഷിതമുന്നേറ്റത്തിനു സഭാതലത്തിൽ തുടക്കം കുറിച്ചിട്ടുണ്ട്. 2033 ലെ രക്ഷാകരസംഭവത്തിന്റെ മഹാജൂബിലി ലക്ഷ്യമാക്കി സഭയുടെ പ്രേഷിതദൗത്യത്തിനു പുതിയ ഉണർവുനല്കുന്ന പദ്ധതിയാണു ജീവൻജ്യോതി വിഭാവനം ചെയ്യുന്നത്. ഈ മുന്നേറ്റത്തിന്റെ ഭാഗമായി ഓരോ രൂപതയിലും പ്രേഷിതപ്രവർത്തനങ്ങൾ ആരംഭിക്കാനും ശക്തിപ്പെടുത്താനും ആഹ്വാനം ചെയ്യുന്നു. വളരെ ദുർഘടമായ സാഹചര്യങ്ങളിലും ഈശോയ്ക്കു സാക്ഷ്യം വഹിക്കുന്ന മിഷനറിമാരെ സഭ ഏറെ വാത്സല്യപൂർവം അഭിവാദനം ചെയ്യുന്നു.

## പരിഹാരം കാണേണ്ട ജീവിതപ്രശ്നങ്ങൾ

കേരളത്തിൽനിന്നുള്ള ഏതാനും പാർലമെന്റ്, നിയമസഭാസാമാജികരുമായി സംവദിച്ചു സഭയും സമൂഹവും നേരിടുന്ന വിവിധ പ്രശ്നങ്ങൾ പരസ്പരം ശ്രദ്ധയിൽപ്പെടുത്താനും പരിഹാരങ്ങൾ അന്വേഷിക്കാനും സിനഡുപിതാക്കന്മാർക്ക് അവസരം ലഭിച്ചു. ആവശ്യമായ കൂടിയാലോചനകൾക്കുശേഷം ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ട് സമയബന്ധിതമായി നടപ്പാക്കണമെന്നും അധ്യാപകനിയമനപ്രതിസന്ധിയുൾപ്പെടെ വിദ്യാഭ്യാസമേഖല നേരിടുന്ന ഗുരുതരമായ പ്രശ്നങ്ങൾക്കും വർഷങ്ങളായി തീരുമാനമാകാതെ നീളുന്ന പരിസ്ഥിതിലോലമേഖലകളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്കും ശാശ്വതമായ പരിഹാരം കണ്ടെത്തണമെന്നുമുള്ള ആവശ്യങ്ങൾ ജനപ്രതിനിധികളുടെ മുൻപിൽ അവതരിപ്പിച്ചു. അതോടൊപ്പം, നിയമവിധേയമായി പ്രവർത്തിക്കുന്ന വിദ്യാഭ്യാസസാമൂഹിക സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചേക്കാവുന്ന നിയമനിർമാണങ്ങൾ അവതരിപ്പിക്കപ്പെടുന്നതിലുള്ള ആശങ്കയും പങ്കുവച്ചു. രാജ്യത്തെ നിയമങ്ങളും ഭരണഘടനാപരമായ അവകാശങ്ങളും മാനിച്ചുപ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ പ്രതികൂലമായി ബാധിക്കുന്ന നിയമവ്യവസ്ഥകൾ രൂപപ്പെടുന്നത് ഏറെ ഉൽകണ്ഠാജനകമാണ്. അതേസമയം, ദുർഘടമായ പാതകളിലൂടെ സഞ്ചരിച്ചുകൊണ്ടാണു സഭ എന്നും ലോകത്തിന്റെ പ്രകാശമായി നിലകൊണ്ടിട്ടുള്ളതെന്നു നാം മറക്കരുത്. പ്രതിസന്ധികളെ അതിജീവിച്ചു സത്യത്തിനും നീതിക്കും മനുഷ്യന്റെ അന്തസ്സിനുംവേണ്ടി ശബ്ദമുയർത്തിക്കൊണ്ടു സമൂഹത്തിന്റെ നന്മയ്ക്കായുള്ള സഭയുടെ ദൗത്യം കൂടുതൽ ശക്തമായി നമുക്കു തുടരാം.

## കൂട്ടായ്മ നമ്മുടെ ഉത്തരവാദിത്വം

പ്രതിസന്ധികളും വെല്ലുവിളികളും ഉണ്ടെങ്കിലും, 'സ്വർഗത്തിലും ഭൂമിയിലുമുള്ള സർവ അധികാരവും നല്കപ്പെട്ടിരിക്കുന്ന' (മത്താ. 28:18) നമ്മുടെ കർത്താവിലാണു നമ്മുടെ

പ്രത്യാശ. 'കർത്താവു കൂടെ നടക്കുന്ന ജനമെന്ന' നിലയിൽ (പുറ. 33:14) കൂടുതൽ കരുത്തോടെ മുന്നോട്ടുപോകേണ്ടവരാണ് നാം. നമ്മുടെ സഭയുടെ ഒരുമിച്ചുള്ള യാത്രയിൽ വലിയൊരു ചുവടുവയ്പായിരുന്നു അൾത്താരയിലെ ഐക്യം. വ്യത്യസ്തമായ കുർബാനയർപ്പണരീതികൾ നമ്മുടെ സഭയുടെ ഐക്യബോധത്തെ സാരമായി ബാധിച്ചുവെന്ന തിരിച്ചറിവിലാണു 1999 മുതൽ ഐക്യശ്രമങ്ങൾ ആരംഭിച്ചത്. അതു പൂർണമായി നടപ്പിൽ വരുത്താൻ സാധിക്കാത്തതു ദുഃഖകരമാണ്. എന്നാൽ വാക്കുകൾകൊണ്ടു പരസ്പരം മുറിപ്പെടുത്തി ഒരിക്കലും ഐക്യം സാധ്യമാക്കാനാവില്ലെന്നു നാം തിരിച്ചറിയണം. പരിശുദ്ധ പിതാവു ലെയോ പതിന്നാലാമൻ മാർപാപ്പാ ആഹ്വാനം ചെയ്തതുപോലെ, 'നമ്മുടെ വാക്കുകൾ നിരായുധീകരിക്കാം; അങ്ങനെ ലോകത്തെ നിരായുധീകരിക്കാൻ നമുക്കു സഹായിക്കാം. അതിനാൽ ഉപയോഗിക്കുന്ന വാക്കുകൾ, നമുക്കുള്ള മുൻവിധികൾ, അവയിൽ ഒളിഞ്ഞുകിടക്കുന്നതോ പ്രകടമായതോ ആയ ആക്രമണോത്സുകത എന്നിവയെക്കുറിച്ചു നാമെല്ലാവരും ആത്മശോധന ചെയ്യേണ്ടതുണ്ട്' (മാനവമഹത്വം, 214).

നിരന്തരമായ പ്രാർഥനയും വ്യക്തിപരമായ മാനസാന്തരവും പരസ്പരമുള്ള അനുരഞ്ജനവും മാത്രമേ ശാശ്വതമായ സമാധാനത്തിലേക്കു നയിക്കൂ. 'നീതിയില്ലാതെ സമാധാനം നിലനില്ക്കുകയില്ല' എന്ന സത്യം അംഗീകരിക്കുമ്പോഴും കോടതിവ്യവഹാരങ്ങളിലൂടെയല്ല സഭയിൽ സമാധാനം നേടേണ്ടതെന്ന് എല്ലാവരും തിരിച്ചറിയണം. ജയപരാജയങ്ങളിലല്ല, ക്രൂശിതന്റെ വിധേയത്വത്തിലൂടെയാണു രക്ഷ കൈവരുന്നത്. ദൈവകൃപയിൽ ആശ്രയിച്ചുകൊണ്ടു അഭിവന്ദ്യപിതാക്കന്മാരുടെ നിർദേശങ്ങൾ സ്വീകരിച്ച്, ഐക്യത്തിന്റെ സന്ദേശവാഹകരാകാൻ നമുക്കു ശ്രമിക്കാം. 'ദൈവകൃപ സംഘർഷങ്ങളെ അത്ഭുതകരമായി ഒറ്റയടിക്ക് ഇല്ലാതാക്കുന്നില്ല; മറിച്ച്, അത് തിന്മയ്ക്കെതിരെയുള്ള സജീവമായ പ്രതിരോധത്തിനും

തിന്മയെ മറികടക്കുന്നതിലെ അത്ഭുതകരമായ സർഗാത്മക തയ്ക്കും പ്രചോദനമേകുന്നു' (മാനവമഹത്വം, 211) എന്ന പരിശുദ്ധപിതാവു ലെയോ മാർപാപ്പായുടെ പ്രബോധനം ഏറെ പ്രസക്തമാണ്. നന്മയുടെ പുതിയ മാനങ്ങൾ തേടിക്കൊണ്ടു പരിമിതികളെ മറികടക്കാൻ നമുക്കു പരിശ്രമിക്കാം.

**കാലാനുസൃതമായ പുരോഹിതപരിശീലനം**

പൗരോഹിത്യദൈവവിളികളാൽ സഭയെ സമ്പന്നമാക്കുന്ന സർവശക്തനായ ദൈവത്തിനു നമുക്കു നന്ദിപറയാം. ആധുനികലോകത്തിൽ വൈദികർ അഭിമുഖീകരിക്കുന്ന വിവിധ വെല്ലുവിളികൾ സിനഡ് ചർച്ചയ്ക്കു വിഷയമാക്കുകയും ആവശ്യമായ ഇടപെടലുകൾ നടത്തുന്നതിനു വൈദികർക്കുവേണ്ടിയുള്ള കമ്മീഷനെ ചുമതലപ്പെടുത്തുകയും ചെയ്തു. വൈദികവിദ്യാർഥികളുടെ പരിശീലനം കാലത്തിനനുസൃതമായി പരിഷ്കരിക്കുന്നതിനു തയ്യാറാക്കിയ പാഠ്യപദ്ധതി മൈനർ സെമിനാരി മുതൽ ആരംഭിച്ചുവെന്നതു സന്തോഷകരമാണ്. വിശ്വാസതീക്ഷ്ണതയാൽ നിറഞ്ഞു സഭയുടെ മനുഷ്യരായി മിശിഹായ്ക്കു സാക്ഷ്യം നല്കാൻ വൈദികർക്കു സാധിക്കുമ്പോഴാണു ലോകത്തിന്റെ അതിർത്തികൾവരെ സുവിശേഷം വ്യാപിക്കുന്നത്.

സമർപ്പിതജീവിതത്തിലേക്കുള്ള ദൈവവിളികളെക്കുറിച്ചും സഭ ദൈവത്തിനു നന്ദി പറയുന്നു. സമർപ്പിതസമൂഹങ്ങളിലൂടെ എത്രമാത്രം അനുഗ്രഹങ്ങളാണു ദൈവം നമുക്കു ചൊരിയുന്നത്. കാരുണ്യ - വിദ്യാഭ്യാസമേഖലകളിലും പ്രേഷിതപ്രവർത്തനങ്ങളിലും ത്യാഗനിർഭരമായി ശുശ്രൂഷ ചെയ്യുന്ന സമർപ്പിതർ സുവിശേഷത്തിന്റെ സൗരഭ്യം ലോകത്തിൽ പ്രസരിപ്പിക്കുന്നവരാണ്. അതിനാൽത്തന്നെ സമർപ്പിതജീവിതത്തിലേക്കുള്ള ദൈവവിളികളെ പ്രോത്സാഹിപ്പിക്കുകയും പ്രാർഥിക്കുകയും ചെയ്യേണ്ടതുണ്ട്. സിനഡുസമ്മേളനത്തിന്റെ ഭാഗമായി സമർപ്പിതസമൂഹങ്ങളുടെ മേജർ സുപ്പീരിയർമാരുമായി നടത്തിയ കൂടിക്കാഴ്ച വളരെ ഫലപ്രദമായിരുന്നു.

**സീറോമലബാർ ഹെറിറ്റേജ് ആൻഡ് റിസർച്ച് സെന്റർ**

സീറോമലബാർ സഭയുടെ പുരാതനവും സമ്പന്നവുമായ പൈതൃകം കാത്തുസൂക്ഷിക്കുന്നതിനും പഠിപ്പിക്കുന്നതിനും ഗവേഷണങ്ങൾ നടത്തുന്നതിനും സഹായിക്കുന്ന ഹെറിറ്റേജ് ആൻഡ് റിസർച്ച് സെന്റർ പൊതുസമൂഹത്തിനായി തുറന്നു കൊടുക്കാൻ നമുക്കു കഴിഞ്ഞു. ഈ കേന്ദ്രത്തിൽ സജ്ജീക രിച്ചിരിക്കുന്ന സെന്റ് തോമസ് ഹെറിറ്റേജ് മ്യൂസിയം കേരള ത്തിലെതന്നെ പ്രധാനപ്പെട്ട ക്രിസ്ത്യൻ മ്യൂസിയങ്ങളിലൊന്നാ ണ്. കാക്കനാട് മൗണ്ട് സെന്റ് തോമസിൽ സ്ഥാപിച്ചിരിക്കുന്ന ഈ പൈതൃകകേന്ദ്രവും മ്യൂസിയവും സന്ദർശിക്കാൻ ഏവ രെയും സ്നേഹപൂർവം സ്വാഗതം ചെയ്യുന്നു.

**കോട്ടയം അതിരൂപതയ്ക്കു സഹായമെത്രാൻ**

കോട്ടയം അതിരൂപതയുടെ സഹായമെത്രാനായി പെരിയ ബഹുമാനപ്പെട്ട ആനിമൂട്ടിൽ തോമസച്ചനെ നിയമിച്ചതു സീറോ മലബാർ സഭയ്ക്കാകെ ഏറെ സന്തോഷകരമായ കാര്യമാണ്. ബഹുമാനപ്പെട്ട തോമസച്ചന് എല്ലാവിധ ദൈവാനുഗ്രഹങ്ങളും ലഭിക്കട്ടെയെന്നു പ്രാർഥിക്കുകയും അദ്ദേഹത്തിന്റെ ശുശ്രൂഷ കൾക്ക് ആശംസകളും ഭാവുകങ്ങളും നേരുകയും ചെയ്യുന്നു.

**പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,**

ദൈവികപരിപാലനയിൽ നടന്ന ഈ സിനഡ്, നമ്മുടെ സഭയെ ദൈവഹിതത്തിന് അനുസൃതമായി രൂപപ്പെടുത്തുന്ന തിനുള്ള പുതിയ ഉത്തരവാദിത്വബോധമാണ് നമ്മിൽ ഉണർ ത്തുന്നത്. പ്രതിസന്ധികളിൽ തളരാതെ, വെല്ലുവിളികളിൽ പതറാതെ, കർത്താവിൽ പ്രത്യാശയർപ്പിച്ചു വിശ്വാസത്തിലും കൂട്ടായ്മയിലും പ്രേഷിതതീക്ഷ്ണതയിലും നമുക്കു മുന്നേറാം.

കേരളത്തിൽ മൺസൂൺമഴയെത്തുടർന്നുണ്ടണ്ടായ ദുര ന്തങ്ങളിൽ ദുരിതമനുഭവിക്കുന്നവരുടെ കുടുംബങ്ങളോടുള്ള നമ്മുടെ സഭയുടെ ഹൃദയപൂർവകമായ ഐക്യദാർഢ്യം രേഖ പ്പെടുത്തുന്നു. അതോടൊപ്പം, നേപ്പാളിൽ സംഭവിച്ച ദാരുണ

മായ പ്രകൃതിദുരന്തത്തിൽ പ്രിയപ്പെട്ടവരെ നഷ്ടപ്പെട്ടവരുടെ വേദനയിൽ പങ്കുചേരുകയും വീടും ഉപജീവനമാർഗങ്ങളും ഇല്ലാതായവർക്കുവേണ്ടി പ്രാർഥിക്കുകയും ചെയ്യുന്നു.

പരിശുദ്ധകന്യകാമറിയത്തിന്റെയും മാർ തോമാശ്ലീഹായുടെയും നമ്മുടെ സഭയിലെ എല്ലാ വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും മാധ്യസ്ഥ്യം തേടിക്കൊണ്ട്, നമ്മുടെ സഭയെയും കുടുംബങ്ങളെയും കർത്താവിന്റെ കരങ്ങളിൽ സമർപ്പിക്കാം. പരിശുദ്ധാത്മാവു നമ്മുടെ യാത്ര നയിക്കുകയും മിശിഹായിൽ ഒന്നായ ഒരു സഭയായി കൂടുതൽ ശക്തിയോടെ സുവിശേഷത്തിനു സാക്ഷ്യം വഹിക്കാൻ നമ്മെ അനുഗ്രഹിക്കുകയും ചെയ്യട്ടെ.

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽനിന്ന് 2026-ാം ആണ്ട് ഓഗസ്റ്റ് മാസം 28-ാം തീയതി നല്കപ്പെട്ടത്.

✠ **റാഫേൽ തട്ടിൽ**

സീറോ മലബാർസഭയുടെ മേജർ ആർച്ചുബിഷപ്

---

NB: ഈ സർക്കുലർ 2026 സെപ്റ്റംബർ 6-ാം തീയതി ഞായറാഴ്ച സീറോ മലബാർസഭയിലെ എല്ലാ ഇടവകപ്പള്ളികളിലും സ്ഥാപനങ്ങളിലും സമർപ്പിതഭവനങ്ങളിലും പരിശീലനകേന്ദ്രങ്ങളിലും മേജർ സെമിനാരികളിലും വിശുദ്ധ കുർബാനമധ്യേ വായിക്കേണ്ടതാണ്.

## ബഹു. വികാരിയച്ചന്മാരുടെ ശ്രദ്ധയ്ക്ക്

### ഫാദർ ജോൺ ലൂക്ക് തുരുത്തിപ്പള്ളി അവാർഡ്

ഫാദർ ജോൺ ലൂക്ക് തുരുത്തിപ്പള്ളിയുടെ സ്മരണയ്ക്കായി ദൈവാലയശുശ്രൂഷികൾക്ക് ഏർപ്പെടുത്തിയിരിക്കുന്ന അവാർഡിനുവേണ്ടി അപേക്ഷ ക്ഷണിക്കുകയാണ്. പതിനായിരം രൂപയും പ്രശസ്തിപത്രവുമാണ് അവാർഡ്. നമ്മുടെ രൂപതയിലെ ദൈവാലയങ്ങളിൽ ശുശ്രൂഷിയായി സ്ഥിരം നിയമനം ലഭിച്ച് അഞ്ചു വർഷമെങ്കിലും പൂർത്തിയാക്കിയവരും 2026 ജനുവരി 1-ന് 25 വയസ്സ് തികഞ്ഞവരുമായ ശുശ്രൂഷികളെയാണ് അവാർഡിനായി പരിഗണിക്കുന്നത്.

ബഹു. വികാരിയച്ചന്മാരാണ് അവാർഡ് നിർണ്ണയത്തിനായി അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷാഫോറം ആവശ്യമുള്ള ബഹു. വികാരിയച്ചന്മാർ രൂപതാകേന്ദ്രവുമായി ബന്ധപ്പെടുമല്ലോ. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 2026 ഒക്ടോബർ 31 ആയിരിക്കും.

നിശ്ചിത എണ്ണത്തിൽ കുറവായി അപേക്ഷകൾ ലഭിക്കുകയോ അർഹനായ വ്യക്തിയെ കണ്ടെത്താൻ കഴിയാതെ വരുകയോ ചെയ്താൽ, ഈ വർഷത്തെ അവാർഡ് റദ്ദാക്കാൻ അവാർഡുകമ്മിറ്റിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

സ്നേഹപൂർവം,

**ഫാ. ജോസഫ് തടത്തിൽ**
പ്രോട്ടോ സിഞ്ചെല്ലൂസ്

# കച്ചേരിക്കാര്യം

## Appointment

| | |
|---|---|
| Fr Joseph Nedunilam | Assistant Vicar, St George Forane Church, Aruvithura |

## പാലാ കാരിത്താസ്

പാലാ കാരിത്താസ് വഴി വിദ്യാഭ്യാസവായ്പ ആവശ്യമുള്ളവർ ബിഷപ്സ് ഹൗസിൽ പ്രവർത്തിക്കുന്ന പാലാ കാരിത്താസ് ഓഫീസിൽനിന്ന് അപേക്ഷാഫോം കൈപ്പറ്റാവുന്നതാണ് എന്ന കാര്യം പള്ളിയിൽ അറിയിക്കുമല്ലോ.

## സംഭാവനശേഖരണം

1. ഫാമിലി അപ്പോസ്തലേറ്റിന്റെ പ്രവർത്തനങ്ങൾക്കായി സെപ്റ്റംബർ 13-ാം തീയതി ഞായറാഴ്ച വിശുദ്ധ കുർബാനമധ്യേ പിരിവ് നടത്തി ലഭിക്കുന്ന തുക 2026 ഒക്ടോബർ 31 ന് മുമ്പായി രൂപത ഫിനാൻസ് ഓഫീസറെ ഏല്പിക്കേണ്ടതാണ്.

2. 2026 സെപ്റ്റംബർ 27-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും പാലാ കാരിത്താസിനുവേണ്ടിയുള്ള പിരിവ് നടത്തുകയും പ്രസ്തുത തുക ഒക്ടോബർ 31-ാം തീയതിക്കകം രൂപതാ ഫിനാൻസ് ഓഫീസറെ ഏല്പിക്കുകയും ചെയ്യേണ്ടതാണ്.




# മാർ സ്ലീവാ മെഡിസിറ്റി, പാലാ

**മാർ സ്ലീവാ മെഡിസിറ്റിയിൽ എക്മോ സംവിധാനം പ്രവർത്തനം ആരംഭിച്ചു**

മാർ സ്ലീവാ മെഡിസിറ്റിയിൽ അടിയന്തരഘട്ടത്തിൽ ചികിത്സയ്ക്കുള്ള എക്മോ സംവിധാനം പ്രവർത്തനം ആരംഭിച്ചു. പാലാ രൂപത ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് ആശീർവാദകർമ്മം നിർവഹിച്ചു. അത്യാസന്നനിലയിലുള്ള രോഗികൾക്കു ജീവൻ നിലനിർത്താനും ജീവിതത്തിലേക്കു തിരിച്ചെത്തിക്കാനുമുള്ള ചികിത്സാരീതിയാണ് എക്മോ. ചില അസുഖങ്ങൾമൂലം ഹൃദയത്തിന്റെയും ശ്വാസകോശത്തിന്റെയും പ്രവർത്തനം അപകടകരമായ രീതിയിൽ മോശമാകുമ്പോൾ മറ്റ് എല്ലാ അവയവങ്ങൾക്കും രക്തവും ഓക്സിജനും കിട്ടാതെ വരും. ഇത് രോഗിയുടെ വിവിധ അവയവങ്ങൾ തകരാറിലാക്കുകയും രോഗാവസ്ഥ വർധിച്ച് ഗുരുതരനിലയിൽ ആക്കുകയും ചെയ്യും. മരണത്തിനുവരെ സാധ്യതയുള്ള സമയത്താണ് എക്മോ നിർദേശിക്കുന്നത്. ഉദാഹരണമായി ശ്വാസകോശത്തിൽ ബാക്ടീരിയ, വൈറസ് എന്നിവ മൂലം ഇൻഫക്ഷനുണ്ടായാൽ ശ്വാസകോശത്തിന്റെ സ്ഥിതി പെട്ടെന്നു മോശമാകും. ഹൃദയാഘാതം, മയോകാർഡിയൽ അസുഖങ്ങൾ, വൈറൽ ഇൻഫെക്ഷൻ മൂലം ഹൃദയത്തിന്റെ പ്രവർത്തനം താളം തെറ്റുക, വിഷമേറ്റ് ഗുരുതരവസ്ഥയിലാകുക തുടങ്ങിയ വിവിധ സാഹചര്യങ്ങളിലും ഹൃദയത്തിന്റെ പ്രവർത്തനം മോശമാകും. ഈ സമയത്ത് ശരീരത്തിലുള്ള ദുഷിച്ച രക്തം പുറത്തെടുത്ത് വേറൊരു യന്ത്രത്തിൽ ഘടിപ്പിച്ച് പുറത്തുള്ള കൃത്രിമമായ ശ്വാസകോശ

ത്തിലൂടെയും കൃത്രിമമായ ഹാർട്ട് പോലുള്ള പമ്പിലൂടെയും കടത്തി വിട്ട് ഓക്സിജന്റെയും കാർബൺഡൈ ഓക്സൈഡിന്റെയും അളവ് കൃത്യമായി നിയന്ത്രിക്കുകയും, തിരിച്ച് ശരീരത്തിലേക്കു പമ്പ് ചെയ്യുകയുമാണ് എക്മോയിലൂടെ ചെയ്യുന്നത്. എക്മോ ഘടിപ്പിച്ചിരുന്ന സമയത്ത് ഹൃദയത്തിന്റെയും ശ്വാസകോശത്തിന്റെയും സാധാരണപ്രവർത്തനം ഇല്ലാതെതന്നെ മറ്റ് എല്ലാ അവയവങ്ങൾക്കും വേണ്ട ഓക്സിജൻ എത്തിച്ചു നൽകാനും കാർബൺ ഡൈ ഓക്സൈഡ് നീക്കാനും സാധിക്കും. ഈ സമയം ഹൃദയത്തിനും ശ്വാസകോശത്തിനും വിശ്രമം കിട്ടുകയും രോഗിയെ ചികിത്സിക്കാനുള്ള സമയം കൂടുതൽ ലഭിക്കുകയും ചെയ്യും. ഏറെ അത്യാസന്ന നിലയിൽ കഴിയുന്നവരെയും ജീവനു ഭീഷണിയായി കഴിയുന്ന രോഗികളെയുമാണ് എക്മോയിലൂടെ രക്ഷപെടുത്താൻ ശ്രമിക്കുന്നത്. വിദഗ്ധ ഡോക്ടർമാർ പാരാമെഡിക്കൽ ജീവനക്കാർ ഉൾപ്പെടെയുള്ള ടീമിന്റെ നേതൃത്വത്തിലാണ് എക്മോ ഉപയോഗിച്ചുള്ള ചികിത്സ നടത്തുക. ആശീർവാദച്ചടങ്ങിൽ ആശുപത്രി മാനേജിങ് ഡയറക്ടർ ആൻഡ് സി.ഇ.ഒ റവ.ഫാ.മാത്യു തെക്കേൽ, പാലാ രൂപത വികാരി ജനറാൾ മോൺ. ഡോ.ജോസഫ് തടത്തിൽ, രൂപത ഫിനാൻസ് ഓഫിസർ റവ.ഡോ. ജോസഫ് മുത്തനാട്ട്, മാർ സ്ലീവാ മെഡിസിറ്റി അസോ.ഡയറക്ടർമാരായ റവ.ഫാ.ജോസ് കീരഞ്ചിറ, റവ.ഡോ.ജോസഫ് കരികുളം, റവ.ഫാ.ഗർവാസീസ് ആനിത്തോട്ടത്തിൽ, റവ.ഫാ.മാത്യു ചേന്നാട്ട്, റവ.ഫാ. മാത്യു തുരുത്തിപ്പള്ളിൽ, ചീഫ് ഓഫ് മെഡിക്കൽ സർവീസസ് എയർകോമഡോർ ഡോ.പോളിൻ ബാബു, മെഡിക്കൽ സൂപ്രണ്ട് ഡോ.നിതീഷ് പി.എൻ തുടങ്ങിയവർ പങ്കെടുത്തു.

**ഉദരരോഗചികിത്സകൾക്കായി മാർ സ്ലീവാ മെഡിസിറ്റി ഗ്യാസ്ട്രോസയൻസ് വിഭാഗത്തിൽ കൂടുതൽ സൗകര്യങ്ങൾ**

ഉദരസംബന്ധമായ രോഗങ്ങൾക്കു സമഗ്രചികിത്സ ഒരുക്കുന്നതിന്റെ ഭാഗമായി മാർ സ്ലീവാ മെഡിസിറ്റിഗ്യാസ്ട്രോസയൻസസ് വിഭാഗത്തിൽ അത്യാധുനിക ഉപകരണങ്ങൾ സജ്ജമായി. കരൾരോഗങ്ങൾ നേരത്തേ കണ്ടെത്തുന്നതിനും രോഗികളുടെ പരിശോധനയും ചികിത്സയും കൃത്യവും വേഗത്തിലുമാക്കുന്നതിനുമായി ഫൈബ്രോസ്കാൻ, പോർട്ടബിൾ അൾട്രാസൗണ്ട്, ബ്രത്ത് അനലൈസർ, സി–ആം എന്നീ ആധുനിക ഉപകരണങ്ങളാണ് കൂടുതലായി പ്രവർത്തനസജ്ജമായത്. പാലാ രൂപത ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് പുതിയ യന്ത്രങ്ങളുടെ ആശീർവാദം നിർവഹിച്ചു. കരളിൽ കൊഴുപ്പ് അടിഞ്ഞുകൂടിയിരിക്കുന്നതിന്റെ തോത് അറിഞ്ഞ് കരൾരോഗങ്ങൾ നിർണ്ണയിക്കുന്നതിനു ഫൈബ്രോസ്കാനിലൂടെ സാധിക്കും. കിടക്കയ്ക്കരികിൽ തന്നെ എത്തിച്ചു പരിശോധന നടത്താൻ ഉപകരിക്കുന്നതാണ് പോർട്ടബിൾ അൾട്രാസൗണ്ട്

സംവിധാനം. കരൾ, പിത്താശയം, വയറിനുള്ളിലെ മറ്റു ഘടകങ്ങൾ തുടങ്ങിയവയുടെ പ്രാഥമിക വിലയിരുത്തലിന് ഇതു സഹായകരമാണ്. രോഗിയുടെ കിടക്കയ്ക്കരികിൽത്തന്നെ പരിശോധന നടത്താൻ കഴിയുന്നതിനാൽ അടിയന്തര സാഹചര്യങ്ങളിലും ഇതു പ്രയോജനപ്പെടും. ശ്വാസത്തിൽനിന്നു രോഗസൂചനകൾ കണ്ടെത്താൻ സഹായിക്കുന്നതാണ് ബ്രത്ത് അനലൈസർ. രോഗിയുടെ ശ്വാസത്തിൽനിന്നു പുറത്തേക്കുവരുന്ന വിവിധ രാസഘടകങ്ങൾ വിശകലനം ചെയ്യുന്നതാണ് ബ്രത്ത് അനലൈസറുകളുടെ പ്രയോജനം. ചികിത്സയ്ക്കിടെ തത്സമയ എക്സ്-റേ ദൃശ്യങ്ങൾ നൽകുന്നതാണ് സി-ആം യന്ത്രം. പുതിയ സാങ്കേതികവിദ്യയിലൂടെ ശരീരത്തിനുള്ളിലെ ഘടനകളുടെ തത്സമയ എക്സ്-റേ ദൃശ്യങ്ങൾ ലഭ്യമാക്കുകയാണ് സി-ആം ചെയ്യുന്നത്. ശസ്ത്രക്രിയയ്ക്കിടെ ഉപകരണങ്ങൾ, ഗൈഡ് വയറുകൾ, കത്തീറ്ററുകൾ തുടങ്ങിയവ ശരിയായ സ്ഥാനത്ത് എത്തുന്നുണ്ടോ എന്ന് വിദഗ്ധ ഡോക്ടർക്കു നേരിട്ട് നിരീക്ഷിക്കാനും കഴിയും. ആശീർവാദ ച്ചടങ്ങിൽ ഗ്രേറ്റ് ബ്രിട്ടൺ സീറോ മലബാർ രൂപത ബിഷപ് മാർ ജോസഫ് സ്രാമ്പിക്കൽ, ആശുപത്രി മാനേജിങ് ഡയറക്ടർ ആൻഡ് സി.ഇ.ഒ റവ.ഫാ. മാത്യു തെക്കേൽ, അസോ.ഡയറക്ടർമാരായ റവ.ഫാ.ജോസ് കീരഞ്ചിറ, റവ.ഡോ.ജോസഫ് കരികുളം, റവ.ഫാ. ഗർവീസീസ് ആനിത്തോട്ടത്തിൽ, റവ.ഫാ. മാത്യു ചേന്നാട്ട്, റവ.ഫാ. മാത്യു തുരുത്തിപ്പള്ളിൽ തുടങ്ങിയവർ പങ്കെടുത്തു.

**പ്രസവവേദനയുമായി രാത്രിയിൽ വാഹനങ്ങൾക്കു കൈ നീട്ടി നിൽക്കുന്ന യുവതിക്കു സഹായഹസ്തവുമായി മാർ സ്ലീവാ മെഡിസിറ്റിയിലെ നഴ്സ്**

കനത്ത മഴയ്ക്കും വെള്ളക്കെട്ടിനുമിടയിൽ രാത്രിയിൽ പ്രസവവേദനയുമായി റോഡരികിൽനിന്ന് ഒരു യുവതി കൈ കാണിച്ചിട്ടും പല വാഹനങ്ങളും നിർത്താതെ പോയപ്പോൾ അവരുടെ മുന്നിൽ സഹായഹസ്തവുമായി എത്തിയത് മാർ സ്ലീവാ മെഡിസിറ്റിയിലെ നഴ്സ്. യുവതിയുടെ പ്രസവവേദന തിരിച്ചറിഞ്ഞ നഴ്സ് ഒട്ടും സമയംകളയാതെ അവരെ കാറിൽ കയറ്റി മാർ സ്ലീവാ മെഡിസിറ്റിയിൽ എത്തിച്ചു. മുക്കാൽ മണിക്കൂറിനകം വാഗമൺസ്വദേശിയായ യുവതി പെൺകുഞ്ഞിനു ജന്മം നൽകി. കോട്ടയത്ത് ആശുപത്രിയിലേക്കു പോകാനായി വാഹനങ്ങൾക്കു സഹായം അഭ്യർത്ഥിച്ചുനിന്ന യുവതിയുടെയും കുടുംബാംഗങ്ങളുടെയും മുന്നിലേക്കു കാർ ഓടിച്ചെത്തിയത് ഗൈനക്കോളജി വിഭാഗത്തിലെ നഴ്സ് ലിറ്റി ജോയി ആയിരുന്നു. വഴിമധ്യേ പ്രസവിക്കാൻ സാധ്യതയുണ്ടായിരുന്ന യുവതിയെ കൃത്യസമയത്ത് ആശുപത്രിയിൽ എത്തിച്ച് അമ്മയുടെയും കുഞ്ഞിന്റെയും ജീവൻ സുരക്ഷിതമാക്കി രക്ഷാപ്രവർത്തനം നടത്തിയ

വിവരം നഴ്സ് ആരോടും പറഞ്ഞിരുന്നില്ല. പിറ്റേദിവസം ഓഫ് ആയിരുന്നതിനാൽ ഒരു ദിവസത്തിനുശേഷമാണ് ഗൈനക്കോളജി വിഭാഗത്തിൽ ലിറ്റി ഡ്യൂട്ടിക്ക് എത്തിയത്. പ്രസവശേഷം മുറിയിൽ വിശ്രമിക്കുന്ന യുവതിയും കുടുംബാംഗങ്ങളും ലിറ്റിയെ കണ്ട് ആശ്ചര്യപ്പെട്ടതോടെയാണ് സർപ്രൈസ് പോലെ സംഭവം പുറത്തറിയുന്നത് .തങ്ങളുടെ മുന്നിലേക്ക് ദൈവദൂതികയെപ്പോലെ ലിറ്റി എത്തുകയായിരുന്നുവെന്ന് പ്രസവം കഴിഞ്ഞ വാഗമൺസ്വദേശിയായ യുവതിയും കുടുംബാംഗങ്ങളും പറഞ്ഞു. അവസരോചിതമായ ഇടപെടലിലൂടെ മാതൃകയായ നഴ്സ് ലിറ്റി ജോയിയെ ആശുപത്രി മാനേജ്മെന്റ് അനുമോദിച്ചു. മാഞ്ഞൂർ സൗത്ത് കലയന്താനം കുടുംബാംഗമാണ് ലിറ്റി ജോയി. ആശുപത്രി മാനേജിങ് ഡയറക്ടർ ആൻഡ് സി.ഇ.ഒ റവ.ഫാ. മാത്യു തെക്കേൽ, അസോ.ഡയറക്ടർമാരായ റവ.ഫാ.ജോസ് കീരഞ്ചിറ, റവ.ഡോ.ജോസഫ് കരികുളം, റവ.ഫാ.ഗർവാസീസ് ആനിത്തോട്ടത്തിൽ, റവ.ഫാ.മാത്യു ചേന്നാട്ട്, റവ.ഫാ.മാത്യു തുരുത്തിപ്പള്ളിൽ, ചീഫ് നഴ്സിങ് ഓഫീസർ ഷിനി തോമസ്, ഡപ്യൂട്ടി നഴ്സിങ് സൂപ്രണ്ട് സുബി മാത്യു തുടങ്ങിയവർ പങ്കെടുത്തു.

**വയോജന ആരോഗ്യത്തിന്റെ സന്ദേശവുമായി ഏറ്റുമാനൂരിൽ നടന്ന വാക്കത്തോൺ വർണാഭമായി**

ലോക സീനിയർ സിറ്റിസൺ ദിനാചരണത്തിന്റെ ഭാഗമായി ഫെഡറേഷൻ ഓഫ് സീനിയർ സിറ്റിസൺസ് കേരള ജില്ലാ കമ്മിറ്റിയും മാർ സ്ലീവാ മെഡിസിറ്റി പാലായും ചേർന്നു സംഘടിപ്പിച്ച വാക്കത്തോൺ - 2026 വർണാഭമായി. 250ൽ പരം സീനിയർ സിറ്റിസൺ അംഗങ്ങളാണ് വയോജനആരോഗ്യത്തിന്റെ സന്ദേശവുമായി വാക്കത്തോണിൽ അണിനിരന്നത്. കോട്ടയം ജില്ലയിലെ 21 സീനിയർ സിറ്റിസൺസ് യൂണിറ്റുകളിൽ നിന്നുള്ള പ്രതിനിധികളും പങ്കെടുക്കാൻ എത്തിയിരുന്നു. ഏറ്റുമാനൂർ നന്ദാവനം ഓഡിറ്റോറിയത്തിനു മുന്നിൽനിന്നാരംഭിച്ച വാക്കത്തോൺ സംസ്ഥാനപ്രസിഡന്റ് കെ.രാധാകൃഷ്ണൻനായർ ഫ്ളാഗ് ഓഫ് ചെയ്തു. തുടർന്നുനടത്തിയ സമ്മേളനം ജില്ലാ പ്രസിഡന്റ് ഡോ.വി.വി.സോമന്റെ അധ്യക്ഷതയിൽ സംസ്ഥാന പ്രസിഡന്റ് കെ.രാധാകൃഷ്ണൻനായർ (റിട്ട ഐ.പി.എസ്) ഉദ്ഘാടനം ചെയ്തു.

മാർ സ്ലീവാ മെഡിസിറ്റി മാനേജിങ് ഡയറക്ടർ ആൻഡ് സി.ഇ.ഒ റവ.ഫാ.മാത്യു തെക്കേൽ മുഖ്യപ്രഭാഷണം നടത്തി. മാർ സ്ലീവാ മെഡിസിറ്റിയുടെ ജറിയാട്രിക് വകുപ്പിന്റെ സേവനങ്ങളുടെ പ്രഖ്യാപനവും ചടങ്ങിൽ നടത്തി. മുതിർന്ന പൗരന്മാർക്ക് (60 വയസ്സിനു മുകളിലുള്ളവർക്ക്) ജറിയാട്രിക് മെഡിസിന്റെ വിഭാഗത്തിൽ ഒരു മാസം മാർ സ്ലീവാ മെഡിസിറ്റിയിൽ സൗജന്യ കൺസൾട്ടേഷനാണു പ്രഖ്യാപിച്ചത്. ഫ്ളോ

റൻസ് നൈറ്റിംഗൽ അവാർഡ് നേടിയ സോജ ബേബി കെയെ ചടങ്ങിൽ ആദരിച്ചു. മാർ സ്ലീവാ മെഡിസിറ്റി അസോ.ഡയറക്ടർ റവ.ഫാ.മാത്യു തുരുത്തിപ്പള്ളിൽ, ഫെഡറേഷൻ ജില്ലാ സെക്രട്ടറി പി.ജെ.ഹരികുമാർ, സംസ്ഥാന സെക്രട്ടറി ഡോ.കെ.എൻ.സോമദാസൻ, ആശുപത്രി ചീഫ് ഓഫ് മെഡിക്കൽ സർവീസ് എയർകോമഡോർ ഡോ.പോളിൻ ബാബു, ഫെഡറൽ ബാങ്ക് പാലാ ബ്രാഞ്ച് ഹെഡ് രാജേഷ് ജിതിൻ വി.ജിമ്മി എന്നിവർ പ്രസംഗിച്ചു. മാർ സ്ലീവാ മെഡിസിറ്റി അസോ. ഡയറക്ടർമാരായ റവ. ഫാ. ജോസ് കീരഞ്ചിറ, റവ. ഡോ. ജോസഫ് കരികുളം, റവ. ഫാ. ഗർവാസീസ് ആനിത്തോട്ടത്തിൽ, റവ. ഡോ. മാത്യു ചേന്നാട്ട്, ചീഫ് ഓപ്പറേറ്റിങ് ഓഫിസർ ഡോ. രശ്മി നായർ തുടങ്ങിയവരും വോക്കത്തോണിന്റെ ഭാഗമായി പങ്കെടുത്തു.

**ഹെപ്പറ്റൈറ്റിസ് ദിനാചരണം സംഘടിപ്പിച്ചു**

ലോക ഹെപ്പറ്റൈറ്റിസ് ദിനാചരണത്തോടനുബന്ധിച്ചു മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ പൊതുജനങ്ങൾക്കായി കരളിന്റെ ആരോഗ്യത്തെക്കുറിച്ച് അറിയുന്നതിനായി ലിവർ ഫങ്ഷൻ ടെസ്റ്റ് സൗജന്യനിരക്കിൽ രണ്ടു ദിവസങ്ങളിലായി സംഘടിപ്പിച്ചു.

**ബേസിക് ലൈഫ് സപ്പോർട്ട് പരിശീലനങ്ങൾ സംഘടിപ്പിച്ചു**

മാർ സ്ലീവാ മെഡിസിറ്റി അനസ്തേഷ്യോളജി വിഭാഗത്തിന്റെ നേതൃത്വത്തിൽ മേവള്ളൂർ സുകൃതം സൗഹൃദവേദിയുമായി സഹകരിച്ചു സൗജന്യ ബി.എൽ.എസ് പരിശീലനം സംഘടിപ്പിച്ചു. കെ.ബിനിമോൻ എം.എൽ.എ ഉദ്ഘാടനം ചെയ്തു. അനസ്തേഷ്യോളജി വിഭാഗം മേധാവി ഡോ.മഞ്ജിത്ത് ജോർജ് ക്ലാസ്സ് നയിച്ചു. 100ൽ പരം ആളുകൾക്കു ബി.എൽ.എസ് പരിശീലനം നൽകി. മണർകാട് സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂളിലെ സ്റ്റുഡന്റ്സ് പൊലീസ് കേഡറ്റുകൾക്കും ബി.എൽ.എസ്. പരിശീലനം സംഘടിപ്പിച്ചു. കോർപറേറ്റ് റിലേഷൻസ് പ്രവർത്തനങ്ങളുടെ ഭാഗമായി കൊഴുവനാൽ പഞ്ചായത്തിലെ ആശാപ്രവർത്തകർക്കായി ബി.എൽ.എസ്. പരിശീലനം ആശുപത്രിയിൽ സംഘടിപ്പിച്ചു.

**സൗജന്യ മെഡിക്കൽ സഹായം ക്രമീകരിച്ചു**

കുറവിലങ്ങാട് മേജർ ആർക്കി എപ്പിസ്കോപ്പൽ മർത്ത്മറിയം ആർച്ച് ഡീക്കൻ ദേവാലയത്തിൽ നടന്ന പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റ് മാതൃവേദി, പിതൃവേദി, പ്രോലൈഫ് എന്നിവയുടെ കുടുംബ ദിനാചരണ പരിപാടിക്കു മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ സൗജന്യ മെഡിക്കൽ സഹായം ക്രമീകരിച്ചുനൽകി.

### സൗജന്യ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചു

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ വിവിധ സംഘടനകളുമായി സഹകരിച്ചു സൗജന്യ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചു. മേവട റസിഡന്റ്സ് അസോസിയേഷൻ, പുറക്കാട്ടുകാവ് സേവ ചാരിറ്റബിൾ സൊസൈറ്റി എന്നിവയുമായി സഹകരിച്ചു നടത്തിയ ക്യാമ്പ് മാണി. സി.കാപ്പൻ എം.എൽ.എ ഉദ്ഘാടനം ചെയ്തു. ജനറൽ മെഡിസിൻ, കാർഡിയോളജി, ഓങ്കോളജി വിഭാഗങ്ങൾ നേതൃത്വം നൽകി

### പ്രളയ ദുരിതാശ്വാസ ക്യാമ്പുകളിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചു

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ പ്രളയക്കെടുതിയിൽ അകപ്പെട്ട കുടുംബാംഗങ്ങൾ കഴിഞ്ഞിരുന്ന വിവിധ കേന്ദ്രങ്ങളിൽ സൗജന്യമെഡിക്കൽ ക്യാമ്പുകളും മരുന്നുവിതരണവും നടത്തി. അയർക്കുന്നം ഗവ.എൽ.പി സ്കൂൾ, നീറിക്കാട് ലൂർദ്ദ്മാതാ പള്ളി, പറമ്പുകര എൻ.എൻ.എസ്. കരയോഗം ഹാൾ, ആറുമാനൂർ ഗവ.യു.പി.സ്കൂൾ, പുന്നത്തുറ എൽ.പി. സ്കൂൾ എന്നിവിടങ്ങളിൽ കഴിഞ്ഞിരുന്ന കുടുംബാംഗങ്ങളെ പരിശോധിച്ചാണ് മരുന്നുകൾ വിതരണം ചെയ്തത്. കമ്മ്യൂണിറ്റി മെഡിസിൻ, പീഡിയാട്രിക്സ് വിഭാഗങ്ങളിലെ ഡോക്ടർമാർ നേതൃത്വം നൽകി.

### സൗജന്യ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ വിവിധ സംഘടനകളുമായി സഹകരിച്ചു സൗജന്യ ബോധവൽക്കരണക്ലാസ്സുകൾ സംഘടിപ്പിച്ചു. വിളക്കുമാടം സെന്റ് ജോസഫ് ഹയർസെക്കൻഡറി സ്കൂളിൽ 'കൗമാരക്കാർ നേരിടുന്ന പ്രശ്നങ്ങളും, പരിഹാരങ്ങളും' എന്ന വിഷയത്തിൽ നടന്ന ക്ലാസ്സിനു ക്ലിനിക്കൽ സൈക്കോളജി വിഭാഗം നേതൃത്വം നൽകി.

### കണ്ടിന്യൂയിങ് മെഡിക്കൽ എജ്യൂക്കേഷൻ പരിപാടികൾ സംഘടിപ്പിച്ചു

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ കാഞ്ഞിരപ്പള്ളി ഐ.എം.യുമായി സഹകരിച്ചു സി.എം.ഇ സംഘടിപ്പിച്ചു. റേഡിയേഷൻ ഓങ്കോളജി വിഭാഗം മേധാവി ഡോ.ആന്റോ ബേബി പ്രബന്ധം അവതരിപ്പിച്ചു.

### സൗജന്യ രക്തദാനക്യാമ്പ് സംഘടിപ്പിച്ചു

മാർ സ്ലീവാ മെഡിസിറ്റിയുടെ കോർപറേറ്റ് റിലേഷൻസ് പ്രവർത്തനങ്ങളുടെ ഭാഗമായി ഫെഡറൽ ബാങ്ക് കോട്ടയം റീജിയൻ ഓഫീസിൽ സൗജന്യ രക്തദാന ക്യാമ്പ് സംഘടിപ്പിച്ചു.

**ചുമതലയേറ്റു**

മാർ സ്ലീവാ മെഡിസിറ്റിയിൽ പീഡിയാട്രിക് ക്രിട്ടിക്കൽ കെയർ വിഭാഗത്തിൽ അസോ. കൺസൾട്ടന്റായി ഡോ.അഖില കുര്യൻ, സർജിക്കൽ ഗ്യാസ്ട്രോഎൻട്രോളജി വിഭാഗത്തിൽ അസോ.കൺസൾട്ടന്റായി ഡോ.ഡാന്റിസ് ജോൺ തോമസ് എന്നിവർ ചുമതലയേറ്റു.

**ഫാ. മാത്യു തെക്കേൽ**

മാനേജിങ് ഡയറക്ടർ, മാർ സ്ലീവാ മെഡിസിറ്റി, പാലാ

# അൽഫോൻസാ തീർത്ഥാടനകേന്ദ്രം

**കബറിടം സന്ദർശിച്ച വിശിഷ്ടവ്യക്തികൾ**

മാർ ജോസഫ് സ്രാമ്പിക്കൽ (ഗ്രേറ്റ് ബ്രിട്ടൺ)

ഫാ. മൈക്കിൾ വട്ടപ്പലത്തിന്റെ നേതൃത്വത്തിൽ ഇറ്റലിയിൽനിന്നും രണ്ടു വൈദികരും 30 അല്മായരും അടങ്ങുന്ന തീർത്ഥാടകസംഘം.

**ഇതര സംസ്ഥാന ക്രൈസ്തവ സഹോദരങ്ങൾക്കുവേണ്ടിയുള്ള ആത്മീയശുശ്രൂഷ**

ഹിന്ദി സംസാരിക്കുന്ന അന്യസംസ്ഥാനക്കാരായ ക്രൈസ്തവസഹോദരങ്ങൾക്കുവേണ്ടി ഓഗസ്റ്റ് 2-ാം തീയതി ഞായറാഴ്ച വിശുദ്ധകുർബാനയും കുമ്പസാരവും നടത്തപ്പെട്ടു. ഫാ. ബാബു കാക്കാനിയിൽ SVD ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

**രോഗിദിനം**

ഓഗസ്റ്റ് 8-ാം തീയതി ശനിയാഴ്ച തീർത്ഥാടനകേന്ദ്രത്തിൽ രോഗിദിനമായി ആചരിച്ചു. രാവിലെ 9.30 ന് ജപമാലപ്രാർത്ഥനയോടെ ആരംഭിച്ച ശുശ്രൂഷകൾ 11.30നുള്ള വിശുദ്ധ കുർബാനയോടെ സമാപിച്ചു. രോഗികൾക്ക് കുമ്പസാരിക്കുന്നതിനുള്ള സൗകര്യവും, സൗഖ്യാരാധനയും കൈവയ്പ്ശുശ്രൂഷയും ഉണ്ടായിരുന്നു. ഫാ. മാത്യു കാടങ്കാവിൽ ശുശ്രൂഷകൾക്കു നേതൃത്വം നൽകി.

**അൽഫോൻസാ ജന്മദിനാഘോഷം**

ഓഗസ്റ്റ് 19 ന് വിശുദ്ധ അൽഫോൻസാമ്മയുടെ ജന്മദിനം തീർത്ഥാടനകേന്ദ്രത്തിൽ സമുചിതമായി ആഘോഷിച്ചു. അന്നു രാവിലെ 10.30 ന് ഭരണങ്ങാനം സെന്റ് ലിറ്റിൽ ത്രേസ്യാസ് എൽ.പി. സ്കൂളിലെ കുട്ടികൾ ആഘോഷമായി കബറിടത്തിങ്കലെത്തി പ്രാർത്ഥിച്ചു. വൈകിട്ട് 5 മണിക്ക് പാലാരൂപതാ മുഖ്യവികാരി ജനറാൾ മോൺ. ജോസഫ് തടത്തിൽ ആഘോഷമായ വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

തുടർന്ന് ആഘോഷമായ ജപമാല മെഴുകുതിരി പ്രദക്ഷിണവും നടത്തി. ആഘോഷങ്ങൾക്ക് തീർത്ഥാടനകേന്ദ്രം റെക്ടർ വെരി. റവ.ഫാ. അഗസ്റ്റിൻ പാലയ്ക്കാപറമ്പിൽ, അഡ്മിനിസ്ട്രേറ്റർ ഫാ. മാത്യു കുറ്റിയാനിക്കൽ, അസിസ്റ്റന്റ് റെക്ടർമാരായ ഫാ. ജോസഫ് അമ്പാട്ട്, ഫാ. ആൻറണി തോണക്കര, ഫാ. ജോസഫ് പൊയ്യാനിയിൽ എന്നിവർ നേതൃത്വം നൽകി.

**സ്കൂൾ - കോളേജ് വിദ്യാർത്ഥികളുടെ സന്ദർശനം**

ഓഗസ്റ്റ്മാസത്തിൽ വിവിധ കോളേജുകളിലെയും സ്കൂളുകളിലെയും വിദ്യാർത്ഥികൾ അധ്യാപകരുടെ നേതൃത്വത്തിൽ തീർത്ഥാടനത്തിന് എത്തുകയും വിശുദ്ധ കുർബാനയിൽ പങ്കെടുത്ത് പ്രാർത്ഥിക്കുകയും ചെയ്തു.

**വിവിധ ഭാഷകളിൽ വിശുദ്ധ കുർബാന**

തീർത്ഥാടനകേന്ദ്രത്തിൽ എല്ലാ ഞായറാഴ്ചകളിലും 2.45 pm ന് ഇംഗ്ലീഷിലും, ആദ്യഞായറാഴ്ച 1.00 pm നും, ശനിയാഴ്ചകളിൽ 3.30 pm നും ഹിന്ദിയിലും വിശുദ്ധ കുർബാനകൾ നടത്തപ്പെടുന്നു.

**രാത്രിയാരാധന**

പാലാ രൂപതാ ഇവാഞ്ചലൈസേഷന്റെ ആഭിമുഖ്യത്തിൽ ഓഗസ്റ്റ് മാസം 29 ശനിയാഴ്ച, രാത്രിയാരാധന നടത്തപ്പെട്ടു. വൈകിട്ട് 7 മണിക്ക് വിശുദ്ധ കുർബാനയോടെ ആരംഭിച്ച ആരാധന രാവിലെ 4 മണിക്കുള്ള വിശുദ്ധ കുർബാനയോടെ സമാപിച്ചു. ഫാ. മാത്യു ഓലിക്കൽ VC ശുശ്രൂഷകൾക്കു നേതൃത്വം നല്കി.

**ഫാ. അഗസ്റ്റിൻ പാലയ്ക്കാപറമ്പിൽ** (റെക്ടർ)

# വിശ്വാസപരിശീലനകേന്ദ്രം

**വിശ്വാസപരിശീലന സ്കോളർഷിപ്പ് പരീക്ഷാ റിസൾട്ട്**

2025-26 അധ്യയനവർഷത്തിലെ സൺഡേസ്കൂൾ വിശ്വാസപരിശീലന സ്കോളർഷിപ്പ് പരീക്ഷയുടെ റിസൾട്ട് പ്രസിദ്ധീകരിച്ചു. പങ്കെടുത്ത എല്ലാവർക്കും പിന്നിൽ പ്രവർത്തിച്ച എല്ലാ അധ്യാപകർക്കും അനുമോദനങ്ങൾ. വിജയികളായവർക്കും സമ്മാനാർഹരായവർക്കും പ്രത്യേകം അഭിനന്ദനങ്ങൾ.

*പഠനത്തിനുള്ള എവർറോളിങ് ട്രോഫികൾ*

A വിഭാഗം - 1st - മേരിലാന്റ്
2nd - പാലക്കാട്ടുമല

B വിഭാഗം - 1st നസ്രത്ത്ഹിൽ
2nd - മേലുകാവുമറ്റം & തുടങ്ങനാട്

C വിഭാഗം - 1st രാമപുരം
2nd - തിടനാട്

**CTP കോഴ്സ് 2026–27**

2026–27 വിശ്വാസപരിശീലനവർഷത്തിലെ CTP കോഴ്സിന്റെ ഓഗസ്റ്റ് മാസത്തിലെ ക്ലാസുകൾ 8, 12, 25, 27 തീയതികളിൽ ഭരണങ്ങാനം മാതൃഭവനിൽവച്ചു നടന്നു. ഡോ. ടി.സി. തങ്കച്ചൻ, റവ. ഡോ.ജോർജ് വർഗീസ് ഞാറക്കുന്നേൽ, റവ. ഡോ. ജോസഫ് മുത്തനാട്ട് തുടങ്ങിയവർ ക്ലാസ് നയിച്ചു.

*സെപ്റ്റംബർ മാസത്തിലെ ക്ലാസുകൾ*

സെപ്റ്റംബർ 4, വെള്ളിയാഴ്ച – Bible II (St.Paul) - Rev. Dr. Thomas Vadakkel
സെപ്റ്റംബർ 6, ഞായറാഴ്ച – Liturgy - Rev. Dr. George Varghese Njarakunnel
സെപ്റ്റംബർ 12, ശനിയാഴ്ച – Media and Its Importance in Catechism - Rev. Fr. George Nellikunnucherivupurayidom

**സ്കൂൾ കാറ്റിക്കിസം അധ്യാപകസംഗമം**

സ്കൂളുകളിൽ അഞ്ചാം ക്ലാസ്സിൽ കാറ്റിക്കിസം പഠിപ്പിക്കുന്ന അധ്യാപകരുടെ സംഗമം 20/08/2025, വ്യാഴാഴ്ച ഭരണങ്ങാനം മാതൃഭവനിൽ വച്ചു നടന്നു. ഫാ. ജോർജ് പുല്ലുകാലായിൽ ഉദ്ഘാടനം ചെയ്യുകയും ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ഫാ. ഡോ. തോമസ് മണ്ണൂർ എന്നിവർ ക്ലാസുകൾ നയിക്കുകയും ചെയ്തു.

**ക്വസ്റ്റ്യൻ ബോർഡ് മീറ്റിങ്**

2026–27 അധ്യയനവർഷത്തിലെ വിശ്വാസപരിശീലനപാഠ്യപദ്ധതിയുടെ ഭാഗമായുള്ള ക്വസ്റ്റ്യൻ ബോർഡ് മീറ്റിങ് 2026 ഓഗസ്റ്റ് 22 ശനിയാഴ്ച മൂന്നുമണിക്ക് ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ ഷലോം പാസ്റ്ററൽ സെൻററിൽ വച്ചു നടത്തപ്പെട്ടു.

**മെറിറ്റ് ഡേ ആഘോഷവും സ്കോളർഷിപ്പ് വിതരണവും**

2025–26 അധ്യയനവർഷത്തിലെ സ്കൂൾ മതബോധന–സന്മാർഗപരിശീലന പരീക്ഷയിൽ സമ്മാനാർഹരായവർക്കുള്ള സ്കോളർഷിപ്പ് വിതരണം 2026 ഓഗസ്റ്റ് 15 വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് രണ്ടുമണിക്ക് പാലാ സെന്റ് തോമസ് ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽവച്ചു നടന്നു. പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ഉദ്ഘാടനം ചെയ്യു

കയും സ്കോളർഷിപ്പ്വിതരണം നടത്തുകയും ചെയ്തു. വിശ്വാസപരിശീലനകേന്ദ്രം ഡയറക്ടർ റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ സ്വാഗതം ചെയ്ത് സംസാരിച്ചു. പാലാ രൂപത കോർപ്പറേറ്റ് എജ്യുക്കേഷണൽ ഏജൻസി സെക്രട്ടറി റവ. ഫാ. ജോർജ് പുല്ലുകാലായിൽ ആശംസകളർപ്പിച്ചു. സി. ജെയിൻ റോസ് സി.എം.സി കൃതജ്ഞത അർപ്പിക്കുകയും ചെയ്തു.

**മതബോധന-സന്മാർഗ പരിശീലനം - ഒന്നാം ടേം പരീക്ഷ**

സ്കൂൾ തലത്തിലുള്ള മതബോധന-സന്മാർഗ പരിശീലനത്തിന്റെ ഒന്നാം ടേം പരീക്ഷ 2026 സെപ്റ്റംബർ 11-ാം തീയതി നടത്തപ്പെടുന്നതാണ്. പരീക്ഷയ്ക്കാവശ്യമായ ചോദ്യപ്പേപ്പറുകൾ സെപ്റ്റംബർ 10-ാം തീയതി വ്യാഴാഴ്ച വിശ്വാസപരിശീലനകേന്ദ്രത്തിൽനിന്നും വിതരണം ചെയ്യുന്നതാണ്.

**രൂപതാതല രചനാമത്സരങ്ങൾ**

ഈ വർഷത്തെ രൂപതാതല രചനാമത്സരങ്ങൾ 2026 ഓഗസ്റ്റ് 30 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 1:30 ന് ഭരണങ്ങാനം മാതൃഭവനിലും സേക്രഡ് ഹാർട്ട് ഹൈസ്കൂളിലും സെന്റ് മേരീസ് ഹയർ സെക്കന്ററി സ്കൂളിലും വച്ച് നടത്തപ്പെട്ടു.

**ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ** (ഡയറക്ടർ)

# മിഷൻലീഗ് വാർത്തകൾ

**മികച്ച മേഖലകളെയും ശാഖകളെയും പ്രഖ്യാപിച്ചു**

മിഷൻ ലീഗ് പാലാ രൂപതയിലെ 2025-26 പ്രവർത്തനവർഷത്തിലെ മികച്ച മേഖലകളെയും ശാഖകളെയും പ്രഖ്യാപിച്ചു. മികച്ച മേഖലകളുടെ ഗണത്തിൽ അരുവിത്തുറ ഒന്നാം സ്ഥാനവും കുറവിലങ്ങാട് രണ്ടാം സ്ഥാനവും മുട്ടുചിറ മൂന്നാം സ്ഥാനവും നേടി. ശാഖകളുടെ വിഭാഗത്തിൽ ളാലം ന്യൂ ഒന്നാം സ്ഥാനവും രത്നഗിരി രണ്ടാം സ്ഥാനവും കുറവിലങ്ങാട് മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

**രൂപത എക്സിക്യൂട്ടീവ്**

ചെറുപുഷ്പ മിഷൻ ലീഗ് പാലാ രൂപത സമിതിയുടെ 2025 ഓഗസ്റ്റ് മാസത്തെ എക്സിക്യൂട്ടീവ് യോഗം ഓഗസ്റ്റ് എട്ടാം തീയതി തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് മൂന്നുമണിക്ക് ചെമ്മലമറ്റത്തുവച്ചു നടന്നു. പ്രസിഡന്റ് ബെന്നി മുത്തനാട്ട് അധ്യക്ഷത വഹിച്ച യോഗത്തിൽ ജനറൽ സെക്രട്ടറി ഡോ.ടോം ജോസ് ഒട്ടലാങ്കൽ റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു.

**സംസ്ഥാന മാനേജിങ് കമ്മിറ്റി**

ഓഗസ്റ്റ്മാസം രണ്ടാം തീയതി ചെമ്മലമറ്റത്തുവച്ചു നടന്ന സംസ്ഥാന മാനേജിങ് കമ്മിറ്റി യോഗത്തിൽ രൂപത ഭാരവാഹികൾ പങ്കെടുത്തു.

**കുഞ്ഞേട്ടൻ അനുസ്മരണം**

2026 ഓഗസ്റ്റ് എട്ടാം തീയതി ശനിയാഴ്ച ചെമ്മലമറ്റം ശാഖയിൽ വച്ച് കുഞ്ഞേട്ടൻ അനുസ്മരണം നടന്നു. ചെറുപുഷ്പ മിഷൻ ലീഗ് സംസ്ഥാന, രൂപത സമിതികളുടെ സംയുക്താഭിമുഖ്യത്തിലാണ് അനുസ്മരണസമ്മേളനം നടന്നത്. സമ്മേളനം മിഷൻ ലീഗ് സംസ്ഥാന രക്ഷാധികാരി റവ. ഡോ. ആന്റണി വാലുങ്കൽ ഉദ്ഘാടനം ചെയ്തു.

**കുഞ്ഞേട്ടൻ പുരസ്കാരം**

2025-26 പ്രവർത്തനവർഷത്തിലെ മിഷൻ ലീഗ് സംസ്ഥാന സമിതിയുടെ കുഞ്ഞേട്ടൻ പുരസ്കാരത്തിന് പിഴക് ശാഖാംഗമായ ജോസഫ് അഗസ്റ്റിൻ കരീക്കുന്നേൽ അർഹനായി.

**രൂപതാ സാഹിത്യമത്സരം**

ഓഗസ്റ്റ് മുപ്പതാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് ഭരണങ്ങാനം മാതൃഭവൻ, സേക്രഡ് ഹാർട്ട് ഗേൾസ് ഹൈസ്കൂൾ, സെന്റ് മേരീസ് ഹയർസെക്കൻഡറി സ്കൂൾ എന്നിവിടങ്ങളിലായി രൂപതാസാഹിത്യമത്സരം നടന്നു. രൂപതയിലെ 20 മേഖലകളിൽനിന്നുള്ള മത്സരാർത്ഥികൾ പങ്കെടുത്തു.

**സീനിയേഴ്സ് ക്യാമ്പ്**

മിഷൻലീഗ് പാലാ രൂപത സീനിയേഴ്സ് ക്യാമ്പ് ഓഗസ്റ്റ് 28, 29 തീയതികളിൽ ഭരണങ്ങാനം മാതൃഭവനിൽവച്ചു നടന്നു.

**മേഖലാ ക്യാമ്പ്**

അരുവിത്തുറ മേഖലയുടെ ജൂണിയേഴ്സ് ക്യാമ്പ് A.U.R.A എന്ന പേരിൽ അരുവിത്തുറ സെന്റ് ജോർജ് കോളേജിൽ വച്ച് ഓഗസ്റ്റ് 28,29 തീയതികളിൽനടന്നു.

**ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ** (ഡയറക്ടർ)

## കെ.സി.എസ്.എൽ.

**കളരി വിതരണം ചെയ്തു**

കെ.സി.എസ്.എൽ പ്രസിദ്ധീകരണമായ കളരി മാഗസിൻ ഒന്നാം ലക്കം സ്കൂളുകളിൽ വിതരണം ചെയ്തു.

**സമ്മാനങ്ങൾ വിതരണം ചെയ്തു**

കെ.സി.എസ്.എൽ ന്റെ ആഭിമുഖ്യത്തിൽ സ്കൂൾതലത്തിൽ നടത്തിയ അൽഫോൻസാകളറിങ് മത്സരത്തിന്റെ സമ്മാനങ്ങൾ വിതരണം ചെയ്തു.

**സെൻട്രൽ കൗൺസിൽ മീറ്റിങ്**

ഓഗസ്റ്റ് 8 ശനിയാഴ്ച ഓൺലൈനായി സി.സി മീറ്റിങ് നടന്നു. മീറ്റിങ്ങിൽ അസി. ഡയറക്ടർ ഫാ. പോൾ കുന്നുംപുറം, പ്രസിഡന്റ് ജിജോ മാത്യു എന്നിവർ പങ്കെടുത്തു.

**എക്സിക്യൂട്ടീവ് മീറ്റിങ്**

ഓഗസ്റ്റ് 13 വ്യാഴാഴ്ച എക്സിക്യൂട്ടീവ് മീറ്റിങ് കൂടി. സെപ്റ്റംബറിൽ നടക്കാനിരിക്കുന്ന സാഹിത്യോത്സവം, അൽഫോൻസാ കളറിങ്, ബൈബിൾ വാക്യമത്സരം എന്നിവയെക്കുറിച്ചു ചർച്ചചെയ്ത് തീരുമാനങ്ങൾ എടുത്തു.

**സാഹിത്യോത്സവം**

ഈ വർഷത്തെ കെ.സി.എസ്.എൽ സാഹിത്യോത്സവം സെപ്റ്റംബർ 4 വെള്ളിയാഴ്ച രാവിലെ 9.30 മുതൽ പാലാ സെന്റ്മേരീസ് ജി.എച്ച്.എസ്.എസിൽ വച്ചു നടത്തുന്നതായിരിക്കും.

**അൽഫോൻസാ കളറിങ് രൂപതാതലം**

അൽഫോൻസാ കളറിങ് മത്സരം സ്കൂൾതലത്തിൽ നടത്തി ഫസ്റ്റ് കിട്ടിയ കുട്ടികൾക്കുള്ള രൂപതാതലമത്സരം സെപ്റ്റംബർ 4 വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് പാലാ സെന്റ് മേരീസ് ജി.എച്ച്.എസ്.എസിൽ വച്ചു നടത്തുന്നതായിരിക്കും.

**ബൈബിൾവാക്യമത്സരം**

എൽ.പി. വിഭാഗത്തിലെ കുട്ടികൾക്കായി ബൈബിൾവാക്യമത്സരം സെപ്റ്റംബർ 12 ശനിയാഴ്ച രാവിലെ 10 മണിമുതൽ പാലാ സെന്റ് മേരീസ് എൽ. പി സ്കൂളിൽവച്ചു നടത്തപ്പെടുന്നു.

**കൈയെഴുത്തുമാസികമത്സരം**

സെപ്റ്റംബർ 12 ശനിയാഴ്ച രാവിലെ 10 മണിമുതൽ പാലാ സെന്റ്മേരീസ് ജി.എച്ച്.എസ്.എസിൽ വച്ച് കൈയെഴുത്തുമാസികമത്സരം നടത്തപ്പെടുന്നു.

**ഫാ. ജോർജ് പുല്ലുകാലായിൽ** (ഡയറക്ടർ)

**ഫാ. പോൾ കുന്നുംപുറത്ത്** (അസി. ഡയറക്ടർ)

# എസ്.എം.വൈ.എം. - കെ.സി.വൈ.എം.

**1. അൽഫോൻസാ തീർത്ഥാടനം**

ജൂലൈ 26 ന് ഭരണങ്ങാനം വിശുദ്ധ അൽഫോൻസാമ്മയുടെ കബറിടത്തിങ്കൽ പാലാ രൂപത യുവജനപ്രസ്ഥാനത്തിന്റെ (SMYM) നേതൃത്വത്തിൽ യുവജനങ്ങൾക്കായുള്ള തീർത്ഥാടനം നടത്തപ്പെട്ടു.

**2. അഭിനന്ദനങ്ങൾ**

ഡിജിറ്റൽ സെൻസസിനോടനുബന്ധിച്ച് രൂപതാസമിതിയുടെ ആഹ്വാനപ്രകാരം ഇടവകയിൽ ഹെൽപ് ഡെസ്ക് ക്രമീകരിച്ച് പ്രോജക്ട് വിജയകരമായി സമർപ്പിച്ച അൽഫോൻസാഗിരി യൂണിറ്റിനും കുന്നോന്നി യൂണിറ്റിനും അഭിനന്ദനങ്ങൾ അറിയിക്കുന്നു.

**3. കൈത്താങ്ങായി പാലാ രൂപത**

പ്രളയക്കെടുതിയിൽ ദുരിതമനുഭവിക്കുന്നവർക്ക് പാലാ രൂപതയുടെ നേതൃത്വത്തിൽ സഹായങ്ങൾ നൽകി. വെള്ളം കയറിയ സ്ഥലങ്ങൾ വൃത്തിയാക്കുക, അവശ്യസാധനങ്ങൾ എത്തിച്ചുകൊടുക്കുക, ദുരിതമനുഭവിക്കുന്നവരെ സന്ദർശിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തി.

**4. രൂപത രചനാമത്സരം**

ഓഗസ്റ്റ് 12-ന് SMYM ഭരണങ്ങാനം ഫൊറോനയുടെ ആതിഥേയത്വത്തിൽ ഭരണങ്ങാനത്തുവച്ച് രൂപതതല രചനാമത്സരം നടത്തപ്പെട്ടു. വിവിധ ഇനങ്ങളിലായി നിരവധി ഇടവകകളിൽനിന്നുള്ള യുവജനങ്ങൾ പങ്കെടുത്തു.

**5. കെ.സി.വൈ.എം സംസ്ഥാന സെനറ്റ്**

കെ.സി.വൈ.എം സംസ്ഥാന സമിതിയുടെ സെനറ്റ് സമ്മേളനം പാലാ രൂപതയുടെ ആതിഥേയത്വത്തിൽ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് ഓഗസ്റ്റ് 14, 15, 16 തീയതികളിലായി നടത്തപ്പെട്ടു. സമ്മേളനത്തിന്റെ ഉദ്ഘാടനം പാലാ രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നിർവഹിച്ചു.

**6. റിപ്പോർട്ട് അവതരണം**

കെ.സി.വൈ.എം സംസ്ഥാന സമിതിയുടെ 48-ാമത് സംസ്ഥാന സെനറ്റ് സമ്മേളനത്തിൽ പാലാ രൂപതയുടെ റിപ്പോർട്ട് അവതരിപ്പിച്ചു.

**7. സ്നേഹസമ്മാനം**

48-ാമത് കെ.സി.വൈ.എം സംസ്ഥാന സെനറ്റ് സമ്മേളനത്തിൽ വിശിഷ്ടാതിഥികളായി എത്തിയ സംസ്ഥാന ജലവിഭവ-ഭവന നിർമ്മാണ

വകുപ്പുമന്ത്രി അഡ്വ. മോൻസ് ജോസഫിനും, കെ.സി.ബി.സി യൂത്ത് കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ മാർ ജോൺ നെല്ലിക്കുന്നേൽ പിതാവിനും, വൈസ് ചെയർമാൻ അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം പിതാവിനും പാലാ രൂപത യുവജനപ്രസ്ഥാനത്തിന്റെ ആദരസമ്മാനം നൽകി.

**8. YATP**

33-ാമത് YATP ബാച്ചിന്റെ അഞ്ചാമത് സെഷൻ ഓഗസ്റ്റ് 23, 24 തീയതികളിലായി ഇലഞ്ഞി ഫൊറോനയുടെയും യൂണിറ്റിന്റെയും ആതിഥേയത്വത്തിൽ ഇലഞ്ഞി പള്ളിയിൽവച്ചു നടത്തപ്പെട്ടു. ഫാം വിസിറ്റ്, സീറോ മലബാർ സഭാചരിത്ര ക്ലാസ്, ഓണാഘോഷം എന്നിവ നടത്തപ്പെട്ടു.

**9. രൂപത കലോത്സവം - സർഗതരംഗം**

എസ്.എം.വൈ.എം പാലാ രൂപതയുടെ 2026 പ്രവർത്തനവർഷത്തിലെ രൂപത കലോത്സവം 'സർഗതരംഗം' ഓഗസ്റ്റ് 27, 28 തീയതികളിലായി പ്രവിത്താനം ഫൊറോനയുടെയും യൂണിറ്റിന്റെയും ആതിഥേയത്വത്തിൽ പ്രവിത്താനം ഫൊറോന പള്ളിയിൽ വച്ചു നടത്തപ്പെട്ടു.

രൂപതാ പ്രസിഡന്റ് മിജോ ജോയ് പതാക ഉയർത്തി. ഉദ്ഘാടനം മോൺ. സെബാസ്റ്റ്യൻ വേത്താനത്തച്ചൻ നിർവഹിച്ചു. ആമുഖപ്രഭാഷണം റവ. ഫാ. മാണി കൊഴുപ്പൻകുറ്റിയും, മുഖ്യപ്രഭാഷണം പ്രവിത്താനം ഫൊറോന വികാരി ബഹു. ജോർജ് വേളൂപ്പറമ്പിലച്ചനും, അനുഗ്രഹപ്രഭാഷണം റവ. ഫാ. ആന്റു കൊല്ലിയിലച്ചനും നടത്തി.

രണ്ടു ദിവസങ്ങളിലായി നടന്ന മത്സരങ്ങളിൽ 20 ഫൊറോനകളിൽനിന്ന് യുവജനങ്ങൾ പങ്കെടുത്തു. സമാപനസമ്മേളനവും സമ്മാനദാനവും ചീഫ് വിപ്പ് ബഹു. അപു ജോൺ ജോസഫ് നിർവഹിച്ചു.

**ഫൊറോന ഓവറോൾ**

1st രാമപുരം, 2nd കുറവിലങ്ങാട്, 3rd കൊഴുവനാൽ

**ബെസ്റ്റ് യൂണിറ്റ്**

1st കുറവിലങ്ങാട്, 2nd രാമപുരം, 3rd മുട്ടുചിറ

രചനാമത്സരത്തിൽ കാറ്റഗറി തിരിച്ച് യൂണിറ്റുകൾക്കുള്ള സമ്മാനവും നൽകി.

A കാറ്റഗറി: 1st അൽഫോൻസാഗിരി, 2nd ഗാഗുൽത്താ, 3rd വാഗമൺ

B കാറ്റഗറി: 1st കുന്നോന്നി, 2nd വെള്ളികുളം, 3rd വാക്കാട്

C കാറ്റഗറി: 1st പെരിങ്ങുളം, 2nd തുടങ്ങനാട്, 3rd സിബിഗിരി

D കാറ്റഗറി: 1st കടപ്ലാമറ്റം, 2nd ഏന്തയാർ, 3rd പിറവം

E കാറ്റഗറി: 1st പൂവരണി, 2nd പൂഞ്ഞാർ, 3rd ഇലഞ്ഞി

F കാറ്റഗറി: 1st കുറവിലങ്ങാട്, 2nd രാമപുരം, 3rd മുട്ടുചിറ

**ഫാ. മാണി കൊഴുപ്പൻകുറ്റി** (ഡയറക്ടർ)

# ജീസസ് യൂത്ത്

**Rosary Crusades - Seaosn of Fiat**

പരി. അമ്മയോടുള്ള സ്നേഹവും ഭക്തിയും പ്രചരിപ്പിക്കുക, കുട്ടികൾക്കും യുവജനങ്ങൾക്കും ഇടയിൽ വിശുദ്ധി വളർത്തുക എന്നീ ലക്ഷ്യങ്ങളോടെ പാലാ ജീസസ് യൂത്ത് ഇന്റർസെഷൻ മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ കാമ്പസ് മിനിസ്ട്രിയുടെയും പാരിഷ് മിനിസ്ട്രിയുടെ യും സഹകരണത്തോടെ നടത്തപ്പെട്ട ഒരു ജപമാലയാത്രയാണ് *Rosary Crusades*. ഈ യാത്ര സെന്റ് തോമസ് കോളേജ് പാലാ , അൽഫോൻസ കോളേജ് പാലാ, സെന്റ് ജോസഫ് കോളേജ് മൂലമറ്റം, ബി.വി.എം കോളേജ് ചേർപ്പുങ്കൽ, മാർ ആഗസ്റ്റിനോസ് കോളേജ് രാമപുരം എന്നിവിടങ്ങളിലൂടെയും മൂന്നിലവ് ഇടവകയിലൂടെയും കടന്നുപോകാൻ ദൈവം തിരുമനസ്സായി.

**Gracia Night**

കേരളത്തിലെ ജീസസ് യൂത്തിനെ ദിവ്യകാരുണ്യത്തിലേക്കു സമർപ്പിച്ചു പ്രാർത്ഥിക്കുന്നതിനായി കേരള ഇന്റർസെഷൻ മിനിസ്ട്രിയുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന ഹോളി യൂക്കരിസ്റ്റിക് ജേർണി ആഗസ്റ്റ് 13 ന് പാലാ സോണിൽ വൈകുന്നേരം 7 മണിക്ക് അരുണാപുരം സെന്റ് തോമസ് ദേവാലയത്തിൽ എത്തിച്ചേർന്നു. വൈകുന്നേരം 7 മുതൽ 9.30 വരെ ദേവാലയത്തിൽ വച്ച് ആരാധന, സെഷൻസ്, ഷെയറിങ്ങുകൾ എന്നിവ ഉൾപ്പെടുന്ന ഗ്രേഷ്യാ നൈറ്റ് സംഘടിപ്പിക്കുകയും അറുപതിലധികം ആളുകൾ പങ്കെടുക്കുകയും ചെയ്തു.

**Pray for Kerala**

മഴക്കെടുതിയിലും ഉരുൾപൊട്ടലിലും അകപ്പെട്ട് മരണപ്പെട്ടവർക്കും വലയുന്നവർക്കും വേണ്ടി പ്രാർത്ഥിക്കുവാനായി ഓഗസ്റ്റ് 1ന് ഓൺലൈനായി മധ്യസ്ഥപ്രാർത്ഥന നടത്തി.

**Upper Room ലീഡേഴ്സ് ഗാതറിങ്**

പാലാ സോണിലെ ജീസസ് യൂത്ത് നേതാക്കളുടെ സംഗമമായ 'അപ്പർ റൂം' ഓഗസ്റ്റ് 15 ന് കണ്ണാടിയുറുമ്പ് മേരിമാതാ പബ്ലിക് സ്കൂളിൽ നടന്നു. വിവിധ മിനിസ്ട്രികളിൽനിന്നും കോർടീമുകളിൽ നിന്നുമായി 60 ലധികം നേതാക്കൾ സംഗമത്തിൽ പങ്കെടുത്തു.

പ്രാർത്ഥനയിലും ഐക്യത്തിലും 'മാളികമുറിയിൽ' ഒരുമിച്ചുകൂടിയ ശിഷ്യന്മാരുടെ അനുഭവത്തിൽനിന്നു പ്രചോദനം ഉൾക്കൊണ്ടാണ് ഈ കൂട്ടായ്മ സംഘടിപ്പിച്ചത്.

**ജീസസ് യൂത്ത് ഫുൾടൈമർ**

ജീസസ് യൂത്ത് പാലാ സോണിന്റെ ഒരു വർഷത്തെ ഫുൾടൈമറായി അനുഷ ബി. എത്തിച്ചേർന്നു. ഫുൾടൈമർഷിപ്പ് എന്നത് ഒരു വർഷം മാറ്റിവയ്ക്കുന്നതിലുപരി, വ്യക്തിപരമായ പദ്ധതികൾ മാറ്റിവച്ച് ദൈവത്തിന്റെ വിളിക്കു പൂർണ്ണമായി സമർപ്പിക്കുകയും അവിടുത്തെ ദൗത്യത്തിൽ ഹൃദയപൂർവ്വം പങ്കുചേരുകയും ചെയ്യുന്ന സമയമാണ്. ഈ വിളിയോടുള്ള അനുഷയുടെ 'Yes' ജീസസ് യൂത്ത് പാലാ സോണിന്റെ മിഷൻ യാത്രയ്ക്ക് പുതിയൊരു പ്രതീക്ഷയും ഉണർവും നൽകുന്നു.

**നൈറ്റ് വിജിൽ – അഡോേബ് ഇന്റർനാഷണൽ ഓഫീസ് ചാപ്പലിൽ**

ജീസസ് യൂത്ത് ഇന്റർനാഷണൽ ഓഫീസ് ചാപ്പലിൽ വച്ച് ഓഗസ്റ്റ് 8 ശനിയാഴ്ച വൈകുന്നേരം മുതൽ ഞായറാഴ്ച രാവിലെ വരെ നൈറ്റ് വിജിൽ നടത്തപ്പെട്ടു. ഇരുപതോളം ആളുകൾ പങ്കെടുത്ത നൈറ്റ് വിജിലിന് ഫാ. മാത്യു മുകാല, സി. ജസീന്ത LAR, സി. ലിസ മരിയ CMC എന്നിവർ നേതൃത്വം നൽകി.

**HIDE & SEEK**

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 5 മുതൽ 12 വരെ ക്ലാസുകളിലെ കുട്ടികൾക്ക് പഠനരംഗത്തു പിന്തുണ നൽകുക എന്ന ലക്ഷ്യത്തോടെ മിഷൻ ടീം ആരംഭിച്ച ഓൺലൈൻ പദ്ധതിയാണ് HIDE & SEEK. ജീസസ് യൂത്തിലെ അധ്യാപകരുടെ സഹകരണത്തോടെ കുട്ടികൾക്കു സൗജന്യ വിദ്യാഭ്യാസസഹായം, വിഷയങ്ങളിൽ വ്യക്തത ലഭിക്കാനുള്ള മാർഗനിർദേശം, പഠനത്തിൽ ആത്മവിശ്വാസം വർധിപ്പിക്കുന്ന പിന്തുണ എന്നിവ നൽകിവരുന്നു.

**ACT SIXTEEN**

എല്ലാ ഞായറാഴ്ചകളിലും ഭരണങ്ങാനം സെന്റ് അൽഫോൻസാ ഷ്റൈനിനോടു ചേർന്നുള്ള സ്പിരിച്വാലിറ്റി സെന്ററിൽ വച്ച് പാലാ ജീസസ് യൂത്ത് മ്യൂസിക് മിനിസ്ട്രിയുടെ നേതൃത്വത്തിൽ 'ACT SIXTEEN', ഒരു മണിക്കൂർ Praise & Worship നടത്തപ്പെടുന്നു.

**ഓൺലൈൻ മ്യൂസിക് മിനിസ്ട്രി ഗാതറിങ്**

സംഗീതത്തിൽ അഭിരുചിയുള്ള യുവജനങ്ങളെ കണ്ടെത്തി അവരെ ഒരുമിച്ചു ചേർത്ത് ക്രിസ്തുവിനുവേണ്ടി തങ്ങളുടെ കഴിവുകളെ ഉപയോ

ഗപ്പെടുത്തുവാൻ സഹായിക്കുന്നതിനായി ശനിയാഴ്ചകളിൽ രാത്രി 9 മണിക്ക് ഗൂഗിൾ മീറ്റിൽ വച്ച് ഓൺലൈൻ മ്യൂസിക് മിനിസ്ട്രി ഗാതെറിങ് നടത്തിവരുന്നു. ക്രിസ്ത്യൻസംഗീതമേഖലയിലുള്ള മരിയ ജോർജ്, സ്റ്റെനിൽ സ്റ്റീഫൻ, നിഖിൽ ജോയ്, ജോമി എബ്രഹാം എന്നിവർ ക്ഷണിക്കപ്പെടുകയും അവർ പങ്കെടുക്കുന്നവരുമായി സംവദിക്കുകയും ചെയ്തു.

**Sing 4 Gsus**

പാലാ ജീസസ് യൂത്ത് മ്യൂസിക് മിനിസ്ട്രിയുടെ നേതൃത്വത്തിൽ, ക്രിസ്തീയഗാനങ്ങളിലൂടെ പ്രാർത്ഥിക്കുവാൻ എന്ന ആശയത്തോടെ നടത്തപ്പെടുന്ന 'Sing 4 Gsus-' എന്ന വാട്സാപ്പ് ഗ്രൂപ്പ് – എല്ലാ ദിവസവും ഒരു ക്രിസ്തീയഗാനവും, അതിന്റെ വരികളും, ട്രാക്കും, ഒപ്പം ഒരു ചെറിയ പ്രാർത്ഥനയും ഷെയർ ചെയ്യുന്നു.

**ഇംഗ്ലീഷ് ക്വയർ**

എല്ലാ ഞായറാഴ്ചകളിലും ഭരണങ്ങാനം സെന്റ് അൽഫോൻസാ ഷ്റൈനിൽ വച്ച്, പാലാ ജീസസ് യൂത്ത് മ്യൂസിക് മിനിസ്ട്രിയുടെ നേതൃത്വത്തിൽ, സീറോ മലബാർ കുർബാനയുടെ ഇംഗ്ലീഷ് വേർഷൻ ജനകീയമാക്കാനും ആളുകളിലേക്ക് എത്തിക്കുന്നതിനുമായി സീറോ മലബാർ ഇംഗ്ലീഷ് ക്വയർ നടന്നുവരുന്നു.

**ബുധനാഴ്ചക്കൂട്ടായ്മ**

എല്ലാ ബുധനാഴ്ചയും വൈകിട്ട് 5:15 ന്റെ വിശുദ്ധ കുർബാനയ്ക്കുശേഷം ളാലം പള്ളിയിലെ മിനി പാരിഷ് ഹാളിൽ ബുധനാഴ്ചക്കൂട്ടായ്മ നടത്തിവരുന്നു. പ്രാർത്ഥന, വചനം പങ്കിടൽ, ഗാനങ്ങൾ, അനുഭവസാക്ഷ്യങ്ങൾ എന്നിവയിലൂടെ യുവജനങ്ങളെ ഈശോയുടെ സ്നേഹത്തിലേക്കു കൂടുതൽ അടുപ്പിക്കാൻ ഈ കൂട്ടായ്മ സഹായിക്കുന്നു. ആത്മീയവളർച്ചയ്ക്കും വിശ്വാസജീവിതത്തിലെ സ്ഥിരതയ്ക്കും ഈ കൂട്ടായ്മ വലിയ അനുഗ്രഹമായി മാറുന്നുണ്ട്.

**ഹൗസ്ഹോൾഡ്**

ഓഗസ്റ്റ് 9 ഞായറാഴ്ച പാലാ, അരുവിത്തുറ, കുറവിലങ്ങാട്, കടുത്തുരുത്തി എന്നിവിടങ്ങളിലായി ഹൗസ് ഹോൾഡുകൾ സംഘടിപ്പിച്ചു. ജീസസ് യൂത്തിലെ പ്രാർത്ഥനാജീവിതത്തെ കൂടുതൽ ശക്തിപ്പെടുത്തുന്നതിന് ഹൗസ് ഹോൾഡുകൾ സഹായകമായി.

**മധ്യസ്ഥപ്രാർത്ഥന**

പാലാ സോണിന്റെ എല്ലാ നിയോഗങ്ങളും സമർപ്പിച്ച് പ്രാർത്ഥിക്കാനായി എല്ലാ തിങ്കളാഴ്ചയും 4 മുതൽ 5 മണി വരെ പാലാ SH മീഡിയ

ഹൗസിൽ വച്ച് ആരാധന നടത്തിവരുന്നു. എല്ലാ ദിവസവും രാത്രി 9 മണിക്ക് ഓൺലൈനായി മധ്യസ്ഥപ്രാർത്ഥന നടത്തുന്നു. പാലാ സോൺ ഒന്നിച്ച് വിവിധ നിയോഗങ്ങൾക്കും ശുശ്രൂഷകൾക്കും കുടുംബങ്ങൾക്കും യുവജനങ്ങൾക്കുംവേണ്ടി സമർപ്പിച്ച് നടത്തുന്ന ഈ പ്രാർത്ഥന നിരവധി ആളുകൾക്ക് അനുഗ്രഹമാകുന്നുണ്ട്.

**അനുദിന വിശുദ്ധർ**

വിശുദ്ധരാകാനും വിശുദ്ധിയിൽ വളരാനും അനേകരെ പ്രചോദിപ്പിക്കുവാൻ ജീസസ് യൂത്ത് പാലാ ഇന്റർസെഷൻ ടീമിന്റെ നേതൃത്വത്തിൽ EVERYDAY SAINTS എന്ന പേരിൽ ഒരു വാട്സാപ്പ് കൂട്ടായ്മ നടന്നുപോകുന്നു. പല പേരുകളിൽ, പല ജീവിതങ്ങളിലൂടെ ക്രിസ്തുവിനെ ലക്ഷ്യമാക്കി ജീവിച്ച സഭയുടെ വിശുദ്ധരെ ഓരോ ദിവസവും അടുത്തറിയുവാനും അവരുമായുള്ള സൗഹൃദത്തിൽ ഈ കാലഘട്ടത്തിന്റെ വിശുദ്ധരായി മാറുവാനുമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

**അരുവിത്തുറ ഇടവക കോർ ടീം**

ഇടവകയിലെ ജീസസ് യൂത്ത് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാനും ശക്തിപ്പെടുത്തുവാനുമായി പാലാ പാരിഷ് ടീമിന്റെ നേതൃത്വത്തിൽ അടുത്ത ഒരു വർഷത്തേക്കുള്ള പുതിയ കോർ ടീം അരുവിത്തുറ സെന്റ് ജോർജ് ഇടവകയിൽ രൂപീകരിക്കുകയും തെരേസാ ജെയ്സണിനെ കോർഡിനേറ്ററായി നിയോഗിക്കുകയും ചെയ്തു.

**ഫാ. തോമസ് പുതുപ്പറമ്പിൽ** (ഡയറക്ടർ)

# കുടുംബക്കൂട്ടായ്മ

1. 9/8/2026 ഞായറാഴ്ച അറക്കുളം പഴയപള്ളി ഇടവകയിൽ കുടുംബക്കൂട്ടായ്മ ഭാരവാഹികളുടെ സമ്മേളനം ചേർന്നു. റവ. ഫാ. ജോർജ് പാറേക്കുന്നേൽ അധ്യക്ഷത വഹിച്ചു. കുടുംബക്കൂട്ടായ്മ രൂപതാ ജോയിന്റ് സെക്രട്ടറി സണ്ണി വടക്കേടത്ത് ക്ലാസ് നയിച്ചു. രൂപത അസിസ്റ്റന്റ് ഡയറക്ടർ ഫാ. പോൾ കുന്നുംപുറത്ത് വിശുദ്ധ കുർബാനയർപ്പിച്ച് കുടുംബക്കൂട്ടായ്മയെക്കുറിച്ച് സന്ദേശം നൽകി.

2. 9/8/2026 ഞായറാഴ്ച ഉച്ചകഴിഞ്ഞ് കുറിഞ്ഞി ഇടവകയിലെ കൂട്ടായ്മ ഭാരവാഹികളുടെ സമ്മേളനം നടന്നു. വികാരി റവ. ഫാ. ജോസഫ് കളപ്പുരയ്ക്കൽ അധ്യക്ഷത വഹിച്ചു. സണ്ണി വടക്കേടത്ത് ക്ലാസ് നയിച്ചു.

3. 15/8/ 2026 ശനിയാഴ്ച മണിയംകുളം ഇടവകയിലെ കുടുംബകൂട്ടായ്മ ഭാരവാഹികളുടെ സമ്മേളനം വികാരി റവ. ഫാ.പോൾ പാറപ്ലാക്കലിന്റെ

അധ്യക്ഷതയിൽ ചേർന്നു. ജോർജുകുട്ടി കണിയാംകുന്നേൽ സ്വാഗതം ആശംസിച്ചു. സണ്ണി വടക്കേടത്ത് ക്ലാസ്സെടുത്തു.

4. 15/8/2026 ഞായറാഴ്ച 2.30 pm ന് പാലാ രൂപതാ കുടുംബക്കൂട്ടായ്മ രൂപതാ റിസോഴ്സ് ടീമിന്റെ പുതിയ ബാച്ചിന്റെ ഉദ്ഘാടനം രൂപതാ ഡയറക്ടർ റവ.ഫാ. തോമസ് ഓലായത്തിൽ നിർവഹിച്ചു. രൂപതാ പ്രസിഡന്റ് സെബാസ്റ്റ്യൻ പയ്യാനിമണ്ഡപം, തോമസ് വടക്കേൽ തുടങ്ങിയവർ സംസാരിച്ചു.

5. 16/8/2026 ന് രാവിലെ രാമപുരം ഇടവകയിലെ കുടുംബക്കൂട്ടായ്മ ഭാരവാഹികളുടെ സമ്മേളനം വികാരി വെരി. റവ. ഫാ. ബെർക്കുമാൻസ് കുന്നുംപുറത്തിന്റെ അധ്യക്ഷതയിൽ ചേർന്നു. സഖറിയാസ് കരിമരുതുംചാലിൽ സ്വാഗതം ആശംസിച്ചു. സെബാസ്റ്റ്യൻ ജോസഫ് പയ്യാനിമണ്ഡപം ക്ലാസ് നയിച്ചു.

6. 29/8/2026 നു റിസോഴ്സ് ടീം അംഗങ്ങളുടെ പരിശീലനം ശാലോം പാസ്റ്ററൽ സെന്ററിൽ നടന്നു.

7. മുപ്പതാം തീയതി വാക്കാട് പള്ളിയിൽ കുടുംബക്കൂട്ടായ്മ വാർഷികത്തിൽ രൂപതാഡയറക്ടർ ബഹുമാനപ്പെട്ട തോമസ് ഓലയത്തിലച്ചനും പ്രസിഡന്റ് സെബാസ്റ്റ്യൻ പയ്യാനിമണ്ഡപവും പങ്കെടുത്തു.

8. കൂടല്ലൂർ പള്ളിയിൽ ഫാ. തോമസ് ഓലായത്തിൽ ഭാരവാഹികളുടെ തിരഞ്ഞെടുപ്പും ക്ലാസും നയിച്ചു.

**ഫാ. തോമസ് ഓലായത്തിൽ** (ഡയറക്ടർ)

**ഫാ. പോൾസൺ കുന്നുംപുറത്ത്** (അസിസ്റ്റന്റ് ഡയറക്ടർ)

# ഫാമിലി അപ്പോസ്തലേറ്റ്

**A. വിവാഹ ഒരുക്ക ധ്യാനം**

**1. സർട്ടിഫിക്കറ്റ് കരസ്ഥമാക്കി**

ഓഗസ്റ്റ് 7 - 9, 28-30 തീയതികളിലെ വിവാഹ ഒരുക്ക സെമിനാറിൽ 230 പേർ സംബന്ധിച്ച് സർട്ടിഫിക്കറ്റ് നേടി.

**2. രജിസ്ട്രേഷൻ**

ഓഗസ്റ്റ് 28-30, സെപ്റ്റംബർ 11-13, 25-27 എന്നീ തീയതികളിൽ നടക്കുന്ന കോഴ്സിന്റെ രജിസ്ട്രേഷൻ തുടരുന്നു.

**3. പേരന്റ്സ് മീറ്റ്**

ഓഗസ്റ്റ്മാസത്തിലെ വിവാഹ ഒരുക്ക ധ്യാനത്തിലെ കുട്ടികളുടെ പേരന്റ്സ് മീറ്റിങ്ങിൽ പ്രഫ. റ്റി.സി തങ്കച്ചൻ, റവ. ഫാ. തോമസ് വടക്കേൽ

എന്നിവർ ക്ലാസ്സ് എടുത്തു. 430 മാതാപിതാക്കൾ മീറ്റിങ്ങിൽ പങ്കെടുത്തു.

**B. മാതൃവേദി**

**ക്ലാസ്സ്**

ഓഗസ്റ്റ് 15-ാം തീയതി രാവിലെ 11 മണിക്ക് നെല്ലിയാനി മാതൃവേദി യൂണിറ്റ് അംഗങ്ങൾ ചേർന്നൊരുക്കിയ അമ്മമാരുടെ കൂട്ടായ്മയിൽ പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റ് അസി. ഡയറക്ടർ ഫാ. മാത്യു കാടൻകാവിൽ സംബന്ധിക്കുകയും ക്ലാസ്സ് എടുക്കുകയും ചെയ്തു.

**C. സീറോ മലബാർ പാലാ മാട്രിമണി**

**ഡേറ്റാ സ്വീകരണം**

നമ്മുടെ രൂപതയിലെ മാട്രിമണിയിൽ സേവനവിഭാഗമായ സീറോ മലബാർ മാട്രിമണി സീറോ മലബാർ സഭയിലെ 35 രൂപതകളുടെയും മാട്രിമണികളുമായി ചേർന്നു പ്രവർത്തിക്കുകയാണ്. നമ്മുടെ രൂപതയിലെ വിവാഹാർത്ഥികൾക്ക് ഉത്തമരായ ജീവിതപങ്കാളികളെ തിരഞ്ഞെടുക്കുവാൻ ഈ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് സീറോ മലബാർ മാട്രിമണിയിലെ പാലാ ഓഫീസിലെ 7306915897, 9778199182 എന്നീ നമ്പറുകളിൽ വിളിക്കാവുന്നതാണ്.

**D. മഡോണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോം ലൈഫ്**

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ കീഴിലുള്ള മഡോണ ഇൻസ്റ്റിറ്റ്യൂട്ടിൽ ഉത്തമ കുടുംബജീവിതത്തിനാവശ്യമായ കുടുംബവിജ്ഞാനപരമായ ക്ലാസ്സുകൾ, പാചകകലയിൽ പരിശീലനം, തയ്യൽപരിശീലനം, ഹാന്റി ക്രാഫ്റ്റ്സ്, പൂക്കൾനിർമ്മാണം, ഫ്ളവർ അറേഞ്ച്മെന്റ്സ്, ഫേബ്രിക് പെയിന്റിങ്, നീഡിൽ വർക്ക്, ബീഡ്സ് വർക്കുകൾ, ഗ്ലാസ്സ് പെയിന്റിങ്, മെറ്റൽ എമ്പോസിങ്, ഹാന്റ് എമ്പ്രോയിഡറി, സെറാമിക് വർക്കുകൾ, ക്രോച്ചറ്റ് വർക്കുകൾ, കൊളാഷ് വർക്കുകൾ, ടോയ് മെയ്ക്കിങ്, പോട്ട് പെയിന്റിങ്, കോഫി പെയിന്റിങ്, ഓർണമെന്റ്സ് മെയിക്കിങ് തുടങ്ങിയ വിഷയങ്ങൾക്കുള്ള ക്ലാസ്സുകൾ നടത്തപ്പെടുന്നു. കോഴ്സുകളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മഡോണ ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധപ്പെടുക. വിശദവിവരങ്ങൾക്ക് വിളിക്കേണ്ട നമ്പർ : 7306293048

**E. മംഗല്യനിധി**

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ വിവാഹ സഹായമായ മംഗല്യനിധി പദ്ധതി വഴി വെള്ളികുളം ഇടവകയിലെ പെൺകുട്ടിക്ക് വിവാഹസഹായം നല്കി.

**ഫാ. ജോസഫ് നരിതൂക്കിൽ** (ഡയറക്ടർ)

**ഫാ. മാത്യു കാടൻകാവിൽ** (അസി. ഡയറക്ടർ)

# കത്തോലിക്കാ കോൺഗ്രസ്

**1. ദേശീയസമ്മേളനം**

കത്തോലിക്കാ കോൺഗ്രസ് പ്രഥമ ദേശീയസമ്മേളനം 1, 2 തീയതികളിൽ കല്യാൺ അതിരൂപതയുടെ ആതിഥേയത്വത്തിൽ നടത്തി. ഭാരതത്തിലെ എല്ലാ രൂപതകളിലുംനിന്നുള്ള പ്രതിനിധികൾ പങ്കെടുത്തു. ആർച്ചുബിഷപ് അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കലിന്റെ നേതൃത്വത്തിൽ പ്രതിനിധികളെ സ്വീകരിക്കുകയും എല്ലാവർക്കും വേണ്ട ക്രമീകരണങ്ങൾ നടത്തുകയും ചെയ്തു.

അഭിവന്ദ്യ മേജർആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ, മാർ റെമീജിയോസ് ഇഞ്ചനാനിയിൽ, കർദിനാൾ ഓസ്വാൾഡ് ഗ്രേഷ്യസ്, മാർ ജോസഫ് അരുമച്ചാടത്ത്, മാർ തോമസ് പാടിയത്ത്, മാർ റാഫി മഞ്ഞളി തുടങ്ങിയ പിതാക്കന്മാരുടെ സാന്നിധ്യവും സാമൂഹിക, രാഷ്ട്രീയ സമുദായനേതാക്കളുടെ വിഷയാവതരണങ്ങളും ചർച്ചകളും സമ്മേളനത്തിനു പുതിയ മാനങ്ങൾ നല്കി. സമുദായം നേരിടുന്ന വിഷയങ്ങൾ ഏഴു സെഷനുകളിലായി ചർച്ച ചെയ്തു.

ഗ്ലോബൽ പ്രസിഡന്റ് രാജീവ് കൊച്ചുപറമ്പിലിന്റെ നേതൃപാടവവും നേതാക്കളുടെ ഒത്തൊരുമയും സമ്മേളനത്തിന്റെ മാറ്റുകൂട്ടി. പാലാ രൂപതയിൽനിന്ന് 5 പ്രതിനിധികൾ പങ്കെടുത്തു.

**12-ാമത് അടുക്കളത്തോട്ടമത്സരം**

സെപ്റ്റംബർ 1 മുതൽ ആരംഭിക്കുന്നു. നിബന്ധനകൾ: ഇടവകയിൽനിന്ന് 1 ഉം 2 ഉം സ്ഥാനം നേടുന്നവർക്ക് ഫൊറോന തലത്തിൽ മത്സരിക്കാം. ഫൊറോനയിൽനിന്ന് 1 ഉം 2 ഉം സ്ഥാനം നേടുന്നവർക്ക് രൂപതയിൽ മത്സരിക്കാം.

മത്സരത്തിന് പച്ചക്കറിയിനങ്ങളിൽ 7 ഇനവും മാക്സിമം 10 ഇനവും മാത്രമേ പരിഗണിക്കുകയുള്ളൂ.

പച്ചക്കറിയിനങ്ങൾ: പയർ, പാവൽ, വെണ്ട, ചീര, വഴുതന, മുളക്, കോവൽ, തക്കാളി, വെള്ളരി, മുരിങ്ങ.

മാർക്ക് ഇടീൽ തീയതികൾ: യൂണിറ്റ് തലത്തിൽ: 2026 നവംബർ 7,8 തീയതികളിൽ

ഫൊറോനതലത്തിൽ: 2026 നവംബർ 10,11 തീയതികളിൽ

രൂപതാതലത്തിൽ: 2026 നവംബർ 13, 14, 15 തീയതികളിൽ.

മത്സരത്തിന്റെ മാർക്ക് വിഭജനരീതി:

ഫലദായകത്വം - 50%

പുഷ്ടിമ - 30 %

ക്രമീകരണമികവ് - 20 %

**കർഷകസംഗമവും വിത്തുവിതരണവും**

*ഇലഞ്ഞി സോൺ:* ഇലഞ്ഞി, മുട്ടുചിറ, കടുത്തുരുത്തി, കൂത്താട്ടുകുളം ഫൊറോനകളിലെ ഇടവകകളിൽനിന്നുള്ള പ്രതിനിധികളുടെ സംഗമം കൂത്താട്ടുകുളം യൂണിറ്റിന്റെ സഹകരണത്തോടെ ഹോളിഫാമിലി ഫൊറോനപ്പള്ളി പാരിഷ് ഹാളിൽ നടത്തി. ഗ്ലോബൽ സെക്രട്ടറി ആൻസമ്മ സാബു അധ്യക്ഷത വഹിച്ചു. ഫൊറോന വികാരി വെരി. റവ. ഫാ. ജയിംസ് കുടിലിൽ ഉദ്ഘാടനം ചെയ്തു. ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ജോസ് വട്ടുകുളം, ബേബി ആലുങ്കൽ, തുടങ്ങിയവർ സംസാരിച്ചു. റ്റോമി കണ്ണീറ്റുമ്യാലിൽ സെമിനാർ നയിച്ചു.

*മൂലമറ്റം സോൺ:* മൂലമറ്റം, തുടങ്ങനാട്, കടനാട്, രാമപുരം ഫൊറോന ഇടവകകളിലെ പ്രതിനിധികൾ പങ്കെടുത്തു. സിബിഗിരി മുട്ടം ടൗൺ പള്ളി ഹാളിൽ നടന്ന സമ്മേളനത്തിൽ രൂപത വൈസ് പ്രസിഡന്റ് ജോൺസൺ ചെറുവള്ളി അധ്യക്ഷത വഹിച്ചു. സിബിഗിരി വികാരി ഫാ. അഗസ്റ്റിൻ പീടികമലയിൽ ഉദ്ഘാടനം ചെയ്തു.

ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ജോസ് വട്ടുകുളം, എഡ്വിൻ പാമ്പാറ, ജോബിൻ പുതിയിടത്തുചാലിൽ എന്നിവർ സംസാരിച്ചു. റ്റോമി കണ്ണീറ്റുമ്യാലിൽ സെമിനാറിന് നേതൃത്വം വഹിച്ചു.

*അരുവിത്തുറ സോൺ:* അരുവിത്തുറ, തീക്കോയി, പൂഞ്ഞാർ, കൂട്ടിക്കൽ ഫൊറോന ഇടവകകളിലെ പ്രതിനിധികൾ പങ്കെടുത്ത സമ്മേളനം തീക്കോയി ഫൊറോനപ്പള്ളി ഹാളിൽ നടത്തി. ഫൊറോന വികാരി റവ. ഫാ. ജോർജ് വെട്ടുകല്ലേൽ ഉദ്ഘാടനം ചെയ്തു. രൂപത വൈസ് പ്രസിഡന്റ് പയസ് കവളംമാക്കൽ അധ്യക്ഷത വഹിച്ചു. ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ജോസ് വട്ടുകുളം, ബെന്നി കിണറ്റുകര, സാബു പൂണ്ടിക്കുളം, ജോൺസൺ വീട്ടിയാങ്കൽ, ജോ സെബാസ്റ്റ്യൻ തുടങ്ങിയവർ ആശംസകൾ നേർന്നു സംസാരിച്ചു. കർഷകവേദി ചെയർമാൻ റ്റോമി കണ്ണീറ്റുമ്യാലിൽ സെമിനാറിനു നേതൃത്വം വഹിച്ചു.

*കുറവിലങ്ങാട് സോൺ:* കുറവിലങ്ങാട്, കോതനല്ലൂർ, ചേർപ്പുങ്കൽ, കടപ്ലാമറ്റം ഫൊറോന ഇടവകകളിലെ യൂണിറ്റുകളിൽനിന്നുള്ള പ്രതിനിധികൾ കർഷകസംഗമത്തിലും വിത്തുവിതരണത്തിലും സെമിനാറിലും പങ്കെടു

ത്തു. കടപ്ലാമറ്റം ഫൊറോന പള്ളി ഹാളിൽ നടന്ന സമ്മേളനം ഫൊറോന വികാരി വെരി. റവ. ഫാ. ജോസഫ് മുളഞ്ഞനാൽ ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡന്റ് സി.എം. ജോർജ് അധ്യക്ഷത വഹിച്ചു. ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ജോസ് വട്ടുകുളം, അഡ്വ. സജീവ് മാത്യു, ഡോ. നിധീഷ് നിധീരി തുടങ്ങിയവർ ആശംസകൾ നേർന്നു. റ്റോമി കണ്ണീറ്റുമ്യാലിൽ സെമിനാറിനു നേതൃത്വം വഹിച്ചു.

**യൂണിറ്റ് വാർത്തകൾ**

*ഉാലം പഴയപള്ളി:* കേരളസർക്കാരിന്റെ തൂഫാൻ പദ്ധതിക്ക് ഐക്യദാർഢ്യം പ്രകടിപ്പിച്ചുകൊണ്ട് ഉാലം പഴയപള്ളി യൂണിറ്റിന്റെ നേതൃത്വത്തിൽ സിഗ്നേച്ചർ ക്യാംപെയിൽ സംഘടിപ്പിച്ചു.

രാജേഷ് പാറയിൽ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. ഡയറക്ടർ ഫാ. ജോസഫ് തടത്തിൽ അധ്യക്ഷത വഹിച്ചു. മാണി സി. കാപ്പൻ എം. എൽ.എ. ഉദ്ഘാടനം ചെയ്തു. പാലാ ഡി.വൈ.എസ്.പി. കെ. സദൻ മുഖ്യാതിഥിയായി. എസ്.എച്ച്.ഒ. ദിലീപ് കുമാർ, ജോഫി വട്ടക്കുന്നേൽ തുടങ്ങിയവർ ആശംസകൾ നേർന്നു സംസാരിച്ചു.

**കൊഴുവനാൽ:** യൂണിറ്റ് വാർഷികവും ഇടവകാംഗങ്ങളായ ഡോക്ടേഴ്സിനെ ആദരിക്കലും നടത്തി. രൂപതാ ഡയറക്ടർ ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ സമ്മേളനം ഉദ്ഘാനം ചെയ്തു. ഫൊറോന വികാരി റവ. ഫാ. ജോസ് നെല്ലിക്കത്തെരുവിൽ, ഡോക്ടേഴ്സിനെ ആദരിച്ചു. മാർ സ്ലീവാ ഹോസ്പിറ്റൽ ഡയറക്ടർ ഫാ. മാത്യു ചേന്നാട്ട് മുഖ്യാതിഥിയായിരുന്നു. യൂണിറ്റ് പ്രസിഡന്റ് വർഗീസ് റ്റി.വി. അധ്യക്ഷത വഹിച്ചു. രൂപതാ പ്രസിഡന്റ് എമ്മാനുവൽ നിധീരി മുഖ്യപ്രഭാഷണം നടത്തി. രൂപത ട്രഷറർ ജോയി കണിപറമ്പിൽ, ബേബിച്ചൻ അഴിയാത്ത് തുടങ്ങിയവർ ആശംസകൾ നേർന്നു.

**ഏഴാച്ചേരി:** കത്തോലിക്കാ കോൺഗ്രസ് ഏഴാച്ചേരി യൂണിറ്റ് സംഘടിപ്പിച്ച വേൾഡ് കപ്പ് പ്രവചനമത്സരത്തിലെ വിജയി ജോസ് അലക്സ് ഇടമലശേരിക്ക് യൂണിറ്റ് സമ്മേളനത്തിൽ ഡയറക്ടർ ഫാ. ലൂക്കോസ് കൊട്ടുകാപ്പള്ളി മെമന്റോയും ക്യാഷ് അവാർഡും സമ്മാനിച്ചു. യൂണിറ്റ് പ്രസിഡന്റ് ബിനോയി പള്ളത്ത് അധ്യക്ഷത വഹിച്ചു. അജോ തൂണുങ്കൽ ആശംസകൾ നേർന്നു.

**ജോസ് വട്ടുകുളം** (ജനറൽ സെക്രട്ടറി)

# പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി

**സംസ്ഥാന കർഷക അവാർഡ് പാലാ രൂപതയുടെ സാൻതോം കമ്പനി ഏറ്റുവാങ്ങി.**

സംസ്ഥാന കൃഷിവകുപ്പ് കളമശ്ശേരി ആശിഷ് കൺവെൻഷൻ സെന്ററിൽ വച്ച് സംഘടിപ്പിച്ച സംസ്ഥാന തല കർഷകദിനാഘോഷത്തിൽ വച്ച് ഭക്ഷ്യസ്വയംപര്യാപ്തതയുടെ കാവൽക്കാരായ കർഷകർക്കും കർഷകത്തൊഴിലാളികൾക്കും കാർഷികസംരംഭകർക്കുമുള്ള അവാർഡുകളുടെ വിതരണോദ്ഘാടനം മുഖ്യമന്ത്രി വി.ഡി. സതീശൻ നിർവഹിച്ച വേദിയിൽ കൃഷിവകുപ്പുമന്ത്രി ടി. സിദ്ദിഖിൽനിന്ന് കേരളത്തിലെ ഏറ്റവും മികച്ച ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനും കമ്പനിയുമായ പാലാ സാൻതോം ഫാർമർ പ്രൊഡ്യൂസർ കമ്പനിയുടെ പ്രൊമോട്ടിങ് ഏജൻസിയായ പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ മാനേജർ രൂപതാ വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ വേത്താനത്തിന്റെ നേതൃത്വത്തിൽ ഡയറക്ടർ ഫാ. ജോസഫ് വാട്ടപ്പിള്ളിൽ, അസിസ്റ്റന്റ് ഡയറക്ടർമാർ പാലാ സാന്തോം ചെയർമാൻ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, മറ്റ് സ്റ്റാഫ് അംഗങ്ങൾ എന്നിവർ ചേർന്ന് അവാർഡ് ഏറ്റുവാങ്ങി. പാലാ രൂപതയുടെ ഉടമസ്ഥതയിൽ കരൂർ സ്റ്റീൽ ഇന്ത്യ കാമ്പസിൽ പ്രവർത്തിക്കുന്ന പാലാ സാൻതോം ഫുഡ് ഫാക്ടറിയുടെ പ്രവർത്തനങ്ങളും അഗ്രിമ സെൻട്രൽ നേഴ്സറിയുടെ മുന്നേറ്റങ്ങളും കേരളഗ്രോ സ്റ്റോർ, 'പാലനോവ' ബ്രാന്റഡ് ഉൽപന്നങ്ങൾ നാട്ടിലും വിദേശങ്ങളിലേക്കും വിപണനം ചെയ്യപ്പെടുന്നതും വിവിധ ഡിപ്പാർട്ടുമെന്റുകളുടെയും ഏജൻസികളുടെയും സാങ്കേതിക സാമ്പത്തിക സഹായങ്ങൾ ഫലപ്രദമായി വിനിയോഗിച്ചുകൊണ്ട് സുസ്ഥിരമായ സംയോജിത സംരംഭകത്വ മുന്നേറ്റം മുൻനിറുത്തിയുമാണ് പാലാ സാൻതോം എഫ്.പി.സി. സംസ്ഥാനതലത്തിൽ അവാർഡിനർഹമായത്.

**ദുരന്തഭൂമിയിൽ സാന്ത്വനവുമായി പാലാ രൂപത**

മനുഷ്യജീവനും ജീവനോപാധികളും നഷ്ടപ്പെടുന്നതിനു കാരണമായ പ്രകൃതിക്ഷോഭത്തിൽ അകപ്പെട്ടവർക്ക് ആശ്വാസം പകരാൻ പാലാ രൂപതയുടെ സഹായഹസ്തം. അതിതീവ്രമഴയെത്തുടർന്ന് ഉരുൾപൊട്ടലും മണ്ണിടിച്ചിലുമുണ്ടായ മലയോരപ്രദേശങ്ങളും നാശനഷ്ടങ്ങളും വിവിധ ദുരിതാശ്വാസകേന്ദ്രങ്ങളും രൂപതാകേന്ദ്രത്തിൽനിന്നു സന്ദർശിച്ച് അടിയന്തരസഹായം ഉറപ്പു വരുത്തി. ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ടിന്റെ പ്രത്യേക സർക്കുലർപ്രകാരം ദുരിതബാധിതമേഖലകളിലെ വിവിധ ഇടവകപ്പള്ളികളുടെ ആഭിമുഖ്യത്തിൽ വിവിധ സാമൂഹികസന്നദ്ധ കൂട്ടാ

യ്മകളുടെ പ്രവർത്തനങ്ങൾക്ക് പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി (PSWS) നേതൃത്വം കൊടുത്തു. രൂപതയുടെ മുഖ്യ വികാരി ജനറാൾ മോൺ. ജോസഫ് തടത്തിൽ, വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്, വികാരി ജനറാൾ മോൺ. ജോസഫ് കണിയോടിക്കൽ, ഫിനാൻസ് ഓഫീസർ ഫാ. ജോസഫ് മുത്തനാട്ട്, പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി (PSWS) ഡയറക്ടർ ഫാ. ജോസഫ് വാട്ടപ്പിള്ളിൽ, അസിസ്റ്റന്റ് ഡയറക്ടർമാരായ ഫാ. ഫ്രാൻസീസ് ഇടത്തിനാൽ, ഫാ. മാത്യു പുളിക്കപ്പറമ്പിൽ, തീക്കോയി ഫൊറോനാ പള്ളി വികാരി ഫാ.ജോർജ് വെട്ടുകല്ലേൽ, തിടനാട് പള്ളി വികാരി ഫാ.ജോസഫ് എട്ടുപറ, പെരിങ്ങുളം പള്ളി വികാരി ഫാ.ജോർജ് മടുക്കാവിൽ, അമ്പാറ നിരപ്പേൽ പള്ളി വികാരി ഫാ.ജോർജ് കിഴക്കേഅരഞ്ഞാണിയിൽ, കൈപ്പള്ളി പള്ളി വികാരി ഫാ. കുര്യാക്കോസ് പുളിന്താനം, പെരിങ്ങുളം സഹ വികാരി ഫാ. മാത്യു അമ്മോട്ടുകുന്നേൽ എന്നിവർ വിവിധ പ്രദേശങ്ങൾ സന്ദർശിച്ചു. ദുരിതാശ്വാസക്യാമ്പുകളിൽ കഴിയുന്നവർക്ക് ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ പഞ്ചായത്ത് അധികൃതരോടു ചേർന്ന് ഉറപ്പു വരുത്തി.

**പെരിങ്ങുളത്ത് 'കാവൽ' ദുരിതാശ്വാസപദ്ധതിക്ക് തുടക്കം**

ദുരന്തബാധിതർക്ക് ആശ്വാസം പകരുന്നതിനായി വിവിധ ഇടവകപ്രദേശങ്ങളിലായി പതിനഞ്ചു പുതിയ വീടുകളുടെ നിർമ്മാണവും പതിനെട്ടു വീടുകളുടെ പുനർനിർമ്മാണവും നിരവധി കുടുംബങ്ങളുടെ ജീവിതമാർഗം വീണ്ടെടുക്കലും ലക്ഷ്യം വച്ചുള്ള രൂപതയുടെ സമഗ്രപദ്ധതിയുടെ ഭാഗമായി പെരിങ്ങുളം ഇടവകയുടെ 'കാവൽ' പദ്ധതിയും നടപ്പിലാക്കുന്നതിന് പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി നേതൃത്വം കൊടുക്കും. ദുരിതബാധിതർക്ക് രൂപതയുടെ സ്നേഹോപഹാരം ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് സമ്മാനിച്ചു.

**പാലാ സാൻതോം എഫ്.പി.സി.ക്ക് കാർഷികസർവകലാശാലയുടെ ആദരം**

കേരളത്തിലെ ഏറ്റവും മികച്ച ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനായി സംസ്ഥാന കൃഷിവകുപ്പിന്റെ സംസ്ഥാന അവാർഡ് കരസ്ഥമാക്കിയ പാലാ സാൻതോം ഫാർമർ പ്രൊഡ്യൂസർ കമ്പനിയെ കാർഷികസർവകലാശാല ആദരിച്ചു.തൃശൂർ വെള്ളായനിക്കരയിൽ കേരള അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റിയുടെ അഗ്രിബിസിനസ്സ് ഇൻകുബേഷൻ സെന്ററിൽ നടന്ന യൂണിവേഴ്സിറ്റിയുടെ ബിരുദാനന്തര ബിരുദപരീക്ഷാ വിജയദിനാഘോഷവേളയിൽ വൈസ് ചാൻസിലർ ഡോ.റ്റി. സജിതാ റാണിയിൽനിന്ന് ആദരസൂചകമായ മെമന്റോ പാലാ സാൻതോം ഫാർമർ

പ്രൊഡ്യൂസർ കമ്പനിയുടെ ഡയറക്ടർ ബോർഡിനുവേണ്ടി ചെയർമാനും പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ റീജിയൺ കോർഡിനേറ്ററുമായ സിബി മാത്യു കണിയാംപടിയും ഡയറക്ടർ ബോർഡംഗവും പാലാ രൂപതയുടെ കർഷക ബാങ്ക് പദ്ധതിയുടെ പ്രോജക്ട് ഓഫീസറുമായ പി.വി. ജോർജ് പുരയിടവും സംയുക്തമായി ഏറ്റുവാങ്ങി.

**പാലനോവ ഉൽപ്പന്നങ്ങൾ കർദിനാളിനും ആഭ്യന്തര മന്ത്രിക്കും സമ്മാനിച്ചു**

മലങ്കര സുറിയാനി കത്തോലിക്കാ സഭ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവായുടെ മെത്രാഭിഷേക രജതജൂബിലിയാഘോഷവേളയിൽ പാലാ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് പാലാ രൂപതയുടെ സാൻതോം ഫുഡ് ഫാക്ടറിയിൽ ഉൽപാദിപ്പിക്കുന്ന 'പാലനോവ ഫുഡ്സ്' സമ്മാനിച്ചു. ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തലയ്ക്കും പാലാ രൂപതയുടെ സാൻതോം ഫുഡ് ഫാക്ടറിയിൽ ഉൽപാദിപ്പിക്കുന്ന 'പാലനോവഫുഡ്സ്' സമ്മാനിക്കുകയും ചെയ്തു. ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ടിനെ തൂഫാൻവാരിയേഴ്സ് ബാഡ്ജ് അണിയിക്കുന്നതിന് ബിഷപ്സ്ഹൗസിലെത്തിയപ്പോഴാണ് പാലനോവ ഫുഡ്സും അഗ്രിമ ഉൽപന്നങ്ങളും ബിഷപ് മന്ത്രിക്കു സമ്മാനിച്ചത്.

**അഗ്രിമ ഓണവിപണി**

ഗുണമേന്മയുള്ള എല്ലാവിധ പച്ചക്കറികളും പഴവർഗങ്ങളും ഓണക്കാലത്ത് ഉറപ്പു വരുത്താൻ പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി പാലാ അഗ്രിമ ഓപ്പൺ മാർക്കറ്റിൽ ഓണവിപണി തുറന്നു. പച്ചക്കറികൾ, പഴവർഗങ്ങൾ, ഏത്തയ്ക്കാ ചിപ്സ്, ശർക്കര വരട്ടി തുടങ്ങി പാല നോവ ഓണപ്പായസംവരെ ഓണവിപണിയിൽ ലഭ്യമായിരുന്നു. ഓണ വിപണിയുടെ ഉദ്ഘാടനം വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് നിർവഹിച്ചു. പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി ഡയറക്ടർ ഫാ.ജോസഫ് വാട്ടപ്പിള്ളിൽ അധ്യക്ഷത വഹിച്ചു.

**5% അപേക്ഷ ക്ഷണിച്ചു**

2026 സെപ്റ്റംബർ 30 ന് അഞ്ചുവർഷ കാലാവധി പൂർത്തിയാകുന്ന എസ്.എച്ച്.ജി അഥവാ കർഷകദളങ്ങൾക്ക് പലിശയോടുകൂടി തങ്ങളുടെ 5% തുക തിരിച്ചുനൽകുന്നതാണ്. ഇതു സംബന്ധിച്ച നിർദിഷ്ട അപേക്ഷാ ഫോറം സോൺ കോർഡിനേറ്റർമാരിൽനിന്ന് സ്വാശ്രയസംഘം അഥവാ കർഷകദളഫെഡറേഷൻ ഭാരവാഹികൾ വാങ്ങി പൂരിപ്പിച്ച് ഒപ്പുവെച്ച് ഒക്ടോബറിലെ സോൺ മീറ്റിങ്ങുകളിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

**പാലനോവ സ്റ്റാൾ ഭരണങ്ങാനത്ത്**

വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് ഭരണങ്ങാനം പള്ളിയങ്കണത്തിൽ പാലാ രൂപതയുടെ 'പാലനോവ' ഉൽ പന്നങ്ങളുടെ പ്രത്യേക കൗണ്ടർ പ്രവർത്തിക്കുകയുണ്ടായി. പാലാ സാൻ തോം ഫാർമർ പ്രൊഡ്യൂസർ കമ്പനിയുടെ വിവിധ ഉൽപന്നങ്ങളാണ് 'പാലനോവ' ബ്രാന്റിൽ വിപണനം ചെയ്തുവരുന്നത്.

**'പാലനോവ' പായസം**

പാലാ സാൻതോം ഫാർമർ പ്രൊഡ്യൂസർ കമ്പനി ഓണത്തോ ടനുബന്ധിച്ച് 'പാലനോവ' എന്ന ബ്രാന്റിൽ വിവിധയിനം പായസങ്ങൾ വിപണിയിൽ ഇറക്കുകയുണ്ടായി. ശർക്കരവരട്ടി, ചിപ്സ്, അവിയൽ, സാമ്പാർ കറി കട്ടിങ് തുടങ്ങിയവയും വിപണിയിലിറക്കി .

**വാഴക്കർഷക കൂട്ടായ്മയുമായി പി.എസ്.ഡബ്ലിയു.എസ്.**

രൂപതയുടെ കർഷക ബാങ്ക് പദ്ധതിയുടെ ഭാഗമായി പാലാ സോ ഷ്യൽ വെൽഫെയർ സൊസൈറ്റി വിവിധ കൃഷിമേഖലയിൽ കർഷക രുടെ കൂട്ടായ്മ രൂപീകരിക്കുന്നു. ഏത്തക്കായ്ക്കും ചെറുപഴങ്ങൾക്കും വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾക്കനുസരിച്ച് ഉൽപ്പാദനവും ന്യായവില യും ഉറപ്പുവരുത്താനാകുംവിധം സമഗ്രമായ പദ്ധതി വിഭാവനം ചെയ്യു ന്നതിന്റെ ഭാഗമായിട്ടാണ് ആദ്യഘട്ടത്തിൽ വാഴക്കർഷകരുടെ കൂട്ടായ്മ രൂപീകരിക്കുന്നത്. ഗുണമേന്മയുള്ള വിത്തുകളും വളങ്ങളും കീടനാശി നികളും യഥാസമയം കർഷകർക്കു ലഭ്യമാക്കി പന്ത്രണ്ടുമാസവും വിള വെടുക്കാൻ കഴിയുന്നവിധം സമഗ്രവും സുസ്ഥിരവുമായ പദ്ധതിയാണ് ലക്ഷ്യം വയ്ക്കുന്നത്. കൂട്ടായ്മയിൽ അംഗങ്ങളാകുന്ന കർഷകരുമായി ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിൽ കൊടുക്കൽവാങ്ങൽ നടത്താ നും രൂപതയുടെ ആഭിമുഖ്യത്തിലുള്ള പാലാ സാൻതോം ഫുഡ് ഫാക്ടറി യിൽ നിന്ന് മൂല്യവർദ്ധിത ഉൽപന്നങ്ങളുണ്ടാക്കി 'പാലനോവ' ബ്രാന്റിൽ ആഭ്യന്തര, വിദേശവിപണിയിലെത്തിക്കാനുമാണ് ലക്ഷ്യം വയ്ക്കുന്നത്. വാഴക്കർഷക കൂട്ടായ്മയിൽ പങ്കുചേരുന്നവരുടെ സമ്മേളനം ചേർന്ന് ഭാവിപരിപാടികൾ വിശദീകരിക്കുന്നതാണ്. രൂപതയുടെ കർഷകമുന്നേറ്റ പ്രവർത്തനങ്ങളുടെ ഭാഗമായി വാഴക്കർഷക കൂട്ടായ്മയിൽ അംഗങ്ങളാ കാനാഗ്രഹിക്കുന്നവർ ബന്ധപ്പെടുക. 9961668240 & 9074556721.

**കേരളാ ഗ്രോ ജില്ലാ പ്രീമിയം സ്റ്റോർ കോട്ടയത്ത് പ്രവർത്തനം ആരം ഭിച്ചു.**

കർഷകക്കൂട്ടായ്മകളും സംരംഭകരും ഉണ്ടാക്കുന്ന ഗുണമേന്മ യുള്ള കാർഷികവിളകൾ, ഉൽപന്നങ്ങൾ എന്നിവയ്ക്ക് സംസ്ഥാന കൃഷി

വകുപ്പ് നൽകുന്ന 'കേരള ഗ്രോ' എന്ന ബ്രാന്റ് നെയിമോടു കൂടിയ ഉൽ പന്നങ്ങളുടെ വിപണനസംവിധാനം ഒരുക്കുന്നതിന്റെ ഭാഗമായി സംസ്ഥാന വ്യാപകമായി ആവിഷ്കരിച്ചിരിക്കുന്ന 'കേരളാ ഗ്രോ' സ്റ്റോറിന്റെ ജില്ലാ തല പ്രീമിയം ഔട്ട്ലെറ്റ് കോട്ടയം – ഏറ്റുമാനൂർ റൂട്ടിൽ എസ്.എച്ച് മൗ ണ്ടിൽ പ്രവർത്തനം ആരംഭിച്ചു. നബാർഡിന്റെ അംഗീകാരത്തോടെ പാലാ രൂപതാ സോഷ്യൽ വെൽഫെയർ സൊസൈറ്റി (PSWS) പ്രൊമോട്ട് ചെ യ്യുന്ന കാഞ്ഞിരമറ്റം അഗ്രോ പ്രൊഡ്യൂസർ കമ്പനിക്ക് സംസ്ഥാന സർ ക്കാർ അനുവദിച്ചിരുന്ന ജില്ലയിലെ ഏക കേരളാ ഗ്രോ പ്രീമിയം ഔട്ട് ലെറ്റാണ് എസ്.എച്ച് മൗണ്ടിൽ പ്രവർത്തനം ആരംഭിച്ചത്. കേരളത്തിലെ നൂറിൽപരം കർഷകക്കൂട്ടായ്മകളുടെ വ്യത്യസ്തങ്ങളായ കേരളാ ഗ്രോ ഉൽപന്നങ്ങൾ സ്റ്റോറിൽനിന്നു ലഭ്യമാകുന്നതാണ്. പാലാ രൂപതയുടെ സാൻതോം ഫാക്ടറിയുടെ 'പാലനോവ' ഫുഡ്സ്, കാഞ്ഞിരമറ്റം കമ്പ നിയുടെ 'കാൻവേ' ഉൾപ്പെടെ നൂറ്റമ്പതിൽ പരം ഉൽപന്നങ്ങളാണ് ആദ്യ ഘട്ടത്തിൽ വിപണനത്തിനുള്ളത്. ചൂട്ടുവേലിയിൽ ഫെഡറൽ ബാങ്കിനു സമീപം മൈജി ഫ്യൂച്ചറിന് എതിർവശമാണ് ഔട്ട്ലെറ്റ് പ്രവർത്തിക്കുന്നത്.

**അഭിനന്ദനങ്ങൾ**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയെ ഒരു ഗവേഷണ വിഷയമാക്കി ഡോക്ടറേറ്റ് കരസ്ഥമാക്കിയ ഡോ. ജിസ്മോൻ തോമസിന് PSWS കുടുംബാംഗങ്ങളുടെ അഭിനന്ദനങ്ങൾ!

ജയ്ഗിരി ക്രിസ്തുരാജ ദേവാലയത്തിൽ വച്ച് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിൽനിന്നും ശുശ്രൂഷാപൗരോഹിത്യം സ്വീ കരിച്ച ഡീക്കൻ ജോസഫ് നെടുനിലത്തിന് പാലാ സോഷ്യൽ വെൽഫെ യർ സൊസൈറ്റി (PSWS) കുടുംബാംഗങ്ങളുടെ അഭിനന്ദനങ്ങൾ. PSWSൽ ബ്രദർ റീജന്റ് ആയി സേവനം അനുഷ്ഠിച്ചിരുന്നു.

**പഠനസന്ദർശങ്ങൾ**

BVM കോളേജ് ചേർപ്പുങ്കൽ രണ്ടാംവർഷ MSW വിദ്യാർത്ഥികൾ 2026 ഓഗസ്റ്റ് 11 വെള്ളിയാഴ്ച PSWS സദർശിക്കുകയും PSWS നേതൃത്വം നൽകുന്ന വിവിധങ്ങളായ പ്രോജക്ടുകളെക്കുറിച്ചു പഠിക്കുകയും ചെയ്തു. തുടർന്ന് PSWS ന്റെ കീഴിൽ പ്രവർത്തിക്കുന്ന വിവിധങ്ങളായ സ്ഥാപന ങ്ങൾ സന്ദർശിക്കുകയും ചെയ്തു.

**എൻ.സി.ഡി.സി ഉന്നതസംഘം പാലായിൽ**

പതിനായിരം കർഷക ഉത്പാദക കമ്പനികൾ ഉണ്ടാക്കുന്ന കേന്ദ്ര സർക്കാർ പദ്ധതി പ്രകാരം നാഷണൽ കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ കോട്ടയം ജില്ലയിൽ പാലാ സോഷ്യൽ

വെൽഫെയർ സൊസൈറ്റി രൂപീകരിച്ച ഫാർമർ ഓർഗനൈസേഷനുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുവാനും ജില്ലാതല പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നതിനുമായി എൻ.സി.ഡി.സി യുടെ റീജിയൺ ഡയറക്ടർ സുരേന്ദ്രകുമാർ സുമനും റീജിയൺ അസിസ്റ്റന്റ് ഡയറക്ടർ എസ് ശങ്കരനാരായണനുമടങ്ങുന്ന ഉന്നതതലസംഘം പാലായിൽ സന്ദർശനം നടത്തി. ക്ലസ്റ്റർ ബെയ്സ്ഡ് ബിസിനസ് ഓർഗനൈസേഷൻ എന്ന നിലയിൽ പ്രവർത്തിക്കുന്ന പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ ഓഫീസിലെത്തി ഡയറക്ടർ ഫാ. ജോസഫ് വാട്ടപ്പിള്ളിൽ, അസിസ്റ്റന്റ് ഡയറക്ടർമാരായ ഫാ. ജോസഫ് താഴത്തുവരിക്കയിൽ, ഫാ. ഫ്രാൻസിസ് ഇടത്തിനാൽ, ഫാ. മാത്യു പുളിക്കപറമ്പിൽ എന്നിവരുമായി ചർച്ച ചെയ്തു. തുടർന്ന് വെള്ളികുളത്തുള്ള ഈരാറ്റുപേട്ട ബ്ലോക്ക് കർഷക കമ്പനിയും അയർക്കുന്നത്തുള്ള പള്ളം ബ്ലോക്ക് കർഷക കമ്പനിയും ജൈവവളം നിർമ്മാണ യൂണിറ്റും സംഘാംഗങ്ങൾ സന്ദർശനം നടത്തി.

**അരുണാപുരത്ത് സൺഡേ മാർക്കറ്റ്**

അരുണാപുരം പള്ളിയിൽ തേജസ് കർഷകദളത്തിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ച സൺഡേ മാർക്കറ്റിന്റെ ഉദ്ഘാടനം വികാരി ഫാ. എബ്രഹാം കുപ്പപുഴയ്ക്കൽ നിർവഹിച്ചു. പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ വിവിധ മൂല്യവർധിത സംരംഭങ്ങളിൽ നിന്നുമുള്ള ഗുണമേന്മയുള്ള ഭക്ഷ്യവസ്തുക്കളും പാലാ സാൻതോം ഫാർമർ പ്രൊഡ്യൂസർ കമ്പനിയുടെ 'പാലനോവ' ഉൽപന്നങ്ങളും വിപണിയിൽ ലഭ്യമാണ്.

**വാർഷികയോഗങ്ങൾ**

കടനാട് സോണൽ വാർഷികവും കടുത്തുരുത്തി, ചോലത്തടം എന്നീ സ്വാശ്രയസംഘങ്ങളുടെ വാർഷികങ്ങളും നടന്നു. ഗ്രൂപ്പുകളുടെ പ്രവർത്തനങ്ങളുടെ അവലോകനവും വിവിധ കലാപരിപാടികളും നടത്തപ്പെട്ടു.

**ഡ്രീം ഫെസ്റ്റ് ഇൻസ്റ്റാൾമെന്റ് പദ്ധതി**

സ്റ്റീൽ അലമാര, വാട്ടർ ടാങ്ക്, എന്നിവയുൾപ്പെടെ ഗുണമേന്മയുള്ള ഗൃഹോപകരണങ്ങൾ ലളിതവും സൗകര്യപ്രദവുമായ തവണ വ്യവസ്ഥയിലൂടെ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തു.

**താറാവ്, കോഴിക്കുഞ്ഞുങ്ങൾ വിതരണം**

മേൽത്തരം മുട്ടത്താറാവ്, BV3 80 കോഴിക്കുഞ്ഞുങ്ങൾ, ഹൈടെക് കോഴിക്കൂടുകൾ എന്നിവയുടെ പ്രദർശനവും വിപണനവും അഗ്രിമയിൽ സംഘടിപ്പിച്ചു.

**അവലോകനയോഗങ്ങൾ**

സ്വയംസഹായ സംഘങ്ങളുടെ അവലോകനയോഗങ്ങൾ (PME) വിവിധ ഇടവകകളിൽ സംഘടിപ്പിച്ചു. പുതിയ ഗ്രൂപ്പുകളുടെ രൂപീകരണവും കൃഷിസംബന്ധമായ ബോധവത്കരണ ക്ലാസുകളും നടന്നു.

**ഫാ. ജോസഫ് വാട്ടപ്പിള്ളിൽ** (ഡയറക്ടർ)

# ഡി.സി.എം.എസ്.

**കുറവിലങ്ങാട് ഫൊറോനാ എക്സിക്യൂട്ടീവ് മീറ്റിംഗ്**

ഡിസിഎംസ് പാലാ രൂപത സമിതിയുടെ നേതൃത്വത്തിൽ 2026 ജസ്റ്റീസ് സൺഡേ ആചരണം നടത്തുന്നതു സംബന്ധിച്ച പ്രത്യേക ഫൊറോനാ എക്സിക്യൂട്ടീവ് മീറ്റിങ് കുറവിലങ്ങാട് ഫൊറോനാ പള്ളിയിൽ 2026 ഓഗസ്റ്റ് 2 നു കൂടുകയുണ്ടായി. യോഗത്തിൽ ഡിസിഎംസ് രൂപത ഡയറക്ടർ ഫാ. തോമസ് കിഴക്കേക്കൊല്ലിത്താനത്ത്, കുറവിലങ്ങാട് ഫൊറോനാപള്ളി വികാരി വെരി.റവ.ഡോ. തോമസ് മേനാച്ചേരി, ഫൊറോനാ ഡയറക്ടർ ഫാ. ജോവാനി കുറുവാച്ചിറ, ഫൊറോനാ പ്രസിഡന്റ് ആൽവിൻ മാത്യു, രൂപത പ്രതിനിധികൾ, ഫൊറോനാ, യുണിറ്റ് പ്രതിനിധികൾ എന്നിവർ പങ്കെടുത്തു.

**ദുരിതാശ്വാസപ്രവർത്തനം**

പാലാ രൂപത DCMS ന്റെ യുവജനപ്രസ്ഥാനമായ DCYL അംഗങ്ങൾ ചേർന്ന് പ്രകൃതിദുരന്തവും മഴ ക്കെടുതിയുംകൊണ്ട് കഷ്ടതയനുഭവിച്ച ഇടങ്ങളിൽ ദുരിതാശ്വാസപ്രവർത്തനങ്ങളിലും ക്ലീനിങ്ങുകളിലും ഏർപ്പെട്ടു.

**ദുരിതാശ്വാസക്യാമ്പ് സന്ദർശനം**

അതിതീവ്രമഴയും വെള്ളപ്പൊക്കവും രൂക്ഷമായ സാഹചര്യത്തിൽ ദുരിതബാധിതർക്ക് സഹായം ഒരുക്കണമെന്ന് പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ ആഹ്വാനത്തോടുചേർന്നുനിന്നുകൊണ്ട് രൂപതാതിർത്തിക്കുള്ളിലെ 35 ഓളം DCMS കുടുംബങ്ങൾ താമസിക്കുന്ന മുത്തോലി ദുരിതാശ്വാസക്യാമ്പ് മുത്തോലി സെന്റ് ജോർജ് പള്ളി വികാരി കുര്യൻ വരിക്കമാക്കിലച്ചന്റെ നേതൃത്വത്തിൽ രൂപതാഡയറക്ടർ ഫാ. തോമസ് കിഴക്കേക്കൊല്ലിത്താനത്ത്, രൂപത എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ, പാലാ ഫോറോനാ കമ്മിറ്റി അംഗങ്ങൾ, മുത്തോലി യൂണിറ്റ് പ്രസിഡന്റ് സജി വൈക്കംപറമ്പിൽ, മുത്തോലി പള്ളി കൈക്കാരന്മാർ എന്നിവർ സന്ദർശിച്ചു.

**ഓഫീസ് സോഫ്റ്റ്‌വെയറിന്റെ ഉത്ഘാടനം**

പാലാ DCMS ഓഫീസ് പ്രവർത്തനം കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കുന്നതിനായും, സംഘടയുടെ മുഴുവൻ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നതിനും, വിവരങ്ങൾ അറിയാനും, അറിയിക്കാനും ഡിജിറ്റൽ ആയി സൂക്ഷിക്കുന്നതിനും ചൂണ്ടച്ചേരി സെന്റ് ജോസഫ്സ് എൻജിനീയറിങ് കോളേജിന്റെ സഹകരണത്തോടെ വികസിപ്പിച്ച ഓഫീസ് സോഫ്റ്റ്‌വെയറിന്റെ ഉദ്ഘാടനകർമ്മം അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് 2026 ഓഗസ്റ്റ് 8 നു നിർവഹിച്ചു.

**ഓഗസ്റ്റ് 10 വഞ്ചനാദിനം**

1950 ഓഗസ്റ്റ് 10 ഭാരത ദളിത് കത്തോലിക്കരെ സംബന്ധിച്ചിടത്തോളം നമ്മുടെ ഭരണഘടനാ അവകാശങ്ങൾ നിഷേധിക്കപ്പെട്ട ദിനമാണ്. DCMS സംസ്ഥാനസമിതിയുടെ നേതൃത്വത്തിൽ 2026 ഓഗസ്റ്റ് 10 നു കോട്ടയം തിരുനക്കര പ്രൈവറ്റ് ബസ് സ്റ്റാന്റിൽ നടന്ന കരിദിനാചരണത്തിൽ രൂപത ഡയറക്ടർ, രൂപത പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, രൂപത സെക്രട്ടറി മറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയംഗങ്ങൾ, DCMS പ്രവർത്തകർ പങ്കെടുത്തു.

**ഫാ. ജോസഫ് കൊച്ചുപറമ്പിൽ അനുസ്മരണം**

ഡി.സി.എം.എസ് പ്രഥമ സംസ്ഥാനഡയറക്ടറായിരുന്ന ഫാ. ജോസഫ് കൊച്ചുപറമ്പിലിന്റെ അനുസ്മരണം വിമലഗിരി കത്തീഡ്രൽ പള്ളിയിൽ നടന്നു. അനുസ്മരണപ്രാർത്ഥനയിലും ഒപ്പീസിലും രൂപതയിൽ നിന്ന് രൂപത ഡയറക്ടർ, രൂപത പ്രസിഡന്റ് ബിനോയ് ജോൺ, വൈസ് പ്രസിഡന്റ്, രൂപത സെക്രട്ടറി, മറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയംഗങ്ങൾ, DCMS പ്രവർത്തകർ എന്നിവർ പങ്കെടുത്തു.

**ദേശീയ സിമ്പോസിയം**

ജസ്റ്റീസ് സൺഡേ ദിനത്തിൽ ചങ്ങനാശ്ശേരി രൂപത DCMS ന്റെ നേതൃത്വത്തിൽ നടത്തിയദേശീയ സിമ്പോസിയത്തിൽ പാലാ രൂപതയെ പ്രതിനിധീകരിച്ചു രൂപത കൗൺസിൽ അംഗങ്ങളായ ജെഫിൻ ജോമോൻ, ബിബിൻ ബേബി, സുബിൻ ബാബു, സിജു സെബാസ്റ്റ്യൻ എന്നിവർ ങ്കെടുത്തു.

**ജസ്റ്റീസ് സൺഡേ ദിനാചരണം**

2026 ഓഗസ്റ്റ് 16നു പാലാ രൂപതയുടെ വിവിധ യൂണിറ്റുകളിൽ ജസ്റ്റീസ് ദിനാചരണം നടത്തി. മൂലമറ്റം മേഖലയുടെ നേതൃത്വത്തിൽ വെള്ളിയാമറ്റം യൂണിറ്റിൽ നടന്ന ജസ്റ്റീസ് സൺഡേ ദിനചാരണത്തിൽ രൂപത ഡയറക്ടർ ഫാ. തോമസ് കിഴക്കേ കൊല്ലിത്താനത്ത് പതാക ഉയർത്തി. മൂലമറ്റം ഫൊറോന ഡയറക്ടർ ഫാ. സക്കറിയ വാഴേപ്പറമ്പിൽ, വെള്ളി

യാമറ്റംയൂണിറ്റ് ഡയറക്ടർ ഫാ. ജെയിംസ് വെട്ടുകല്ലേൽ, രൂപത ഭാരവാഹികൾ എന്നിവർ സന്നിഹിതരായിരുന്നു. രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ ക്ലാസ് നയിച്ചു. ദിനാചരണത്തിന്റെ ഭാഗമായി രൂപതയിലെ വിവിധ DCMS യൂണിറ്റുകളിൽ പതാക ഉയർത്തി.

**ജസ്റ്റീസ് സൺഡേ (നീതി ഞായർ) പാലാ രൂപതാതല ആചരണം**

DCMS പാലാ രൂപത സമിതിയുടെ നേതൃത്വത്തിൽ കുറവിലങ്ങാട് മേജർ ആർക്കി എപ്പിസ്കോപ്പൽ മർത്ത്മറിയം ഫൊറോനാ പള്ളിയിൽ വച്ച് ജസ്റ്റീസ് സൺഡേ ദിനചാരണം നടത്തി. DCMS പാലാ രൂപതാപ്രസിഡന്റ് ബിനോയ് ജോൺ അമ്പലംകട്ടയിൽ അധ്യക്ഷത വഹിച്ച യോഗം കേരള സംസ്ഥാന ജലവിഭവ വകുപ്പുമന്ത്രി ബഹു. ശ്രീ മോൻസ് ജോസഫ് ഉദ്ഘാടനം ചെയ്തു. ദളിത് ക്രൈസ്തവരുടെയും പാർശ്വവൽക്കരിക്കപെട്ടവരുടെയും അവകാശങ്ങളെകുറിച്ചു സംസാരിച്ച അദ്ദേഹം ഈ കാര്യം നിയമസഭയിൽ ചർച്ച ചെയ്യുമെന്നും ഉറപ്പു നൽകി.

DCMS സംസ്ഥാന ഡയറക്ടർ റവ. ഫാ. ജോസുകുട്ടി ഇടത്തിനകം ആമുഖസന്ദേശം നൽകിയ സമ്മേളനത്തിൽ പാലാ രൂപത വികാരി ജനറാൾ വെരി. റവ.ഡോ. സെബാസ്റ്റ്യൻ വേത്താനത്ത് മുഖ്യസന്ദേശം നൽകി. മേജർ ആർക്കി എപ്പിസ്കോപ്പൽ മർത്ത് മറിയം ചർച്ച് വികാരി ആർച്ച് പ്രീസ്റ്റ് വെരി. റവ. ഡോ. തോമസ് മേനാച്ചേരി അനുഗ്രഹപ്രഭാഷണം നടത്തി. DCMS പാലാ രൂപതാ ഡയറക്ടർ റവ.ഫാ. തോമസ് കിഴക്കേകൊല്ലിത്താനത്ത്, DCMS സംസ്ഥാന പ്രസിഡന്റ് ശ്രീ ഷിബു ജോസഫ്, DCMS പാലാ രൂപത സെക്രട്ടറി ബിന്ദു ആന്റണി, കുറവിലങ്ങാട് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ സിബി മാണി, പിതൃവേദി രൂപത ഖജൻജി ശ്രീ ജോർജ് ഡിക്സൺ, DCMS കുറവിലങ്ങാട് യൂണിറ്റ് പ്രസിഡന്റ് KD ജോസഫ്, കുറവിലങ്ങാട് ഫൊറോനാ പ്രസിഡന്റ് ആൽവിൻ മാത്യു എന്നിവർ സംസാരിച്ചു.

ഈ സമ്മേളനത്തിൽ വച്ച് കെ.സി.ബി.സി.യും, DCMS പാലാ രൂപതയും ദളിത് ക്രൈസ്തവകുട്ടികൾക്കായി നൽകുന്ന വിവിധ സ്കോളർഷിപ്പുകളും വിതരണം ചെയ്യപ്പെടുന്നു.

**ഫാ. തോമസ് കിഴക്കേകൊല്ലിത്താനം** (ഡയറക്ടർ)

# കെയർ ഹോംസ്

**എക്സിക്യൂട്ടീവ്**

6-08-2026 വ്യാഴാഴ്ച ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് എക്സിക്യൂട്ടീവ് മീറ്റിങ് നടത്തപ്പെട്ടു.

**ഓണാഘോഷപരിപാടി**

ഓണാഘോഷപരിപാടികൾ സ്കൂളുകളിൽ നടത്തുന്നതിനെക്കുറിച്ച് ആലോചിച്ചു.

**ഓണാഘോഷം**

പുലിയന്നൂർ ഡി.സി.എം ആർ സ്പെഷ്യൽ സ്കൂൾ ഓണാഘോഷപരിപാടികളിൽ ഡയറക്ടറച്ചൻ പങ്കെടുത്തു.

**എക്സിക്യൂട്ടീവ് മീറ്റിങ്ങുകൾ**

1. സ്പെഷ്യൽ സ്കൂൾ എക്സിക്യൂട്ടീവ്
2. ഓൾഡേജ് ഹോം എക്സിക്യൂട്ടീവ്

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

## കെ.എൽ.എം.

**എക്സിക്യൂട്ടീവ്**

13-08-2026 വ്യാഴാഴ്ച ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് എക്സിക്യൂട്ടീവ് മീറ്റിങ് നടത്തപ്പെട്ടു.

**എം പവർ പ്രോജക്ട്**

എം പവർ പ്രോജക്ടിന്റെ ഭാഗമായി ലഭിച്ച ഗ്രാസ് കട്ടറും, ട്രോളിയും അസംഘടിതതൊഴിലാളികൾക്കു നൽകി.

**ക്ഷേമനിധി**

ക്ഷേമനിധി അംഗത്വം തുടർന്നുകൊണ്ടിരിക്കുന്നു.

**വിവിധ ക്ഷേമനിധികൾ**

1. അസംഘടിത തൊഴിലാളി ക്ഷേമനിധി
2. നിർമ്മാണത്തൊഴിലാളി ക്ഷേമനിധി
3. തയ്യൽ തൊഴിലാളി ക്ഷേമനിധി
4. സുരക്ഷാക്ഷേമനിധി

അംഗത്വം എടുക്കാൻ താത്പര്യമുള്ളവർ ഈ നമ്പറിൽ ബന്ധപ്പെടുക - 8304981275.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# അഡാർട്ട്

**ലഹരിവിമുക്തജീവിതം നയിക്കുന്നവരുടെ കൂട്ടായ്മ (എ.എ. മീറ്റിംഗ്)**

ഓഗസ്റ്റ് 2,9,16,23,30 തീയതികളിൽ AA മീറ്റിങ്ങുകൾ നടന്നു. ഫാ. ജെയിംസ് പൊരുന്നോലിൽ, എൻ.എം. സെബാസ്റ്റ്യൻ എന്നിവർ ക്ലാസുകൾക്കു നേതൃത്വം നൽകി.

**അൽ-അനോൺ, അൽ-അറ്റീൻ കൂട്ടായ്മ**

ലഹരിവിമുക്തജീവിതം നയിക്കുന്നവരുടെ ജീവിതപങ്കാളികളുടെയും (അൽ -അനോൺ) അവരുടെ മക്കളുടെയും (അൽ-അറ്റീൻ) സംഗമം ഓഗസ്റ്റ് 9-ാം തീയതി ഞായറാഴ്ച രാവിലെ 11.30 ന് നടന്നു.

**സ്വാതന്ത്ര്യദിനാഘോഷം**

ഓഗസ്റ്റ് 15 സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് അഡാർട്ട് ഡയറക്ടർ ഫാ. ജെയിംസ് പൊരുന്നോലിൽ അധ്യക്ഷത വഹിച്ച യോഗം പാലാ സെന്റ് തോമസ് കോളേജ് വൈസ് പ്രിൻസിപ്പൽ റവ. ഡോ. കുര്യാക്കോസ് കാപ്പിലിപറമ്പിൽ ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി. കെ.ജെ. എബ്രഹാം ആശംസ അറിയിച്ച് സംസാരിച്ചു. സീനിയർ കൗൺസിലർ ജോയ് കെ. മാത്യു കൃതജ്ഞത അർപ്പിച്ചു. ദേശീയഗാനത്തോടെ യോഗം അവസാനിച്ചു.

**ലീഫ് ലെറ്റ് പ്രകാശനം**

അഡാർട്ട് ക്ലബ് ഗാന്ധിദർശൻ പ്രോഗ്രാമുകളുടെ ഭാഗമായി ഈ വർഷം കുട്ടികൾക്കു പഠിക്കാനുള്ള പാഠഭാഗം ലീഫ് ലെറ്റ് പ്രകാശനം ചെയ്തു. ജലക്ഷാമത്തിന് ഒരു പരിഹാരം എന്ന വിഷയമാണ് ഈ വർഷത്തെ പാഠഭാഗം.

**ട്രെയിനിങ് പ്രോഗ്രാം**

സി.എം.സി പ്രൊവിൻഷ്യൽ ഹൗസ് പാലായിലെ സിസ്റ്റേഴ്സിന് ലഹരിവിരുദ്ധ ബോധവൽക്കരണപ്രവർത്തനങ്ങൾക്കായുള്ള പരിശീലന ക്ലാസ് നടത്തി.അഡാർട്ട് ഡയറക്ടർ ഫാ. ജെയിംസ് പൊരുന്നോലിൽ ക്ലാസ് നയിച്ചു.

**ഭവനസന്ദർശനം**

അഡാർട്ട് ഡയറക്ടർ ഫാ. ജെയിംസ് പൊരുന്നോലിൽ, പ്രോജക്ട് കോർഡിനേറ്റർ എൻ.എം. സെബാസ്റ്റ്യൻ എന്നിവർ അഡാർട്ടിൽ ചികിത്സ പൂർത്തിയാക്കിയ ഭരണങ്ങാനം, പൈക ഭാഗത്തുള്ള എ.എ അംഗങ്ങളുടെ ഭവനങ്ങൾ സന്ദർശിച്ചു.

**ഫാ. ജെയിംസ് പൊരുന്നോലിൽ** (ഡയറക്ടർ)

# ബൈബിൾ അപ്പോസ്തലേറ്റ്

**ലോഗോസ് ക്വിസ്**

ലോഗോസ് ക്വിസ് രജിസ്ട്രേഷൻ പാലാ രൂപത 34000 പേരെ രജിസ്റ്റർ ചെയ്തു രണ്ടാം സ്ഥാനം നേടി.

ലോഗോസ് ക്വിസ് 2026 ന്റെ രജിസ്ട്രേഷൻ അവസാനിച്ചു 33948 പേര് നമ്മുടെ രൂപതയിൽനിന്ന് രജിസ്റ്റർ ചെയ്തു. നമ്മുടെ രൂപതയിൽ 185 പരീക്ഷാ സെന്ററുകളിലായിട്ടാണ് ലോഗോസ് ക്വിസ് നടത്തപ്പെടുന്നത്. ഏറ്റവും കൂടുതൽ ആളുകളെ പങ്കെടുപ്പിച്ച് രൂപതയിലെ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനം നേടിയ ഇടവകകളുടെ പേരുകൾ:

ഒന്നാം സ്ഥാനം: മേജർ ആർക്കി എപ്പിസ്കോപ്പൽ മർത്ത് മറിയം ആർച്ച് ഡീക്കൻ പിൽഗ്രിം ചർച്ച് കുറവിലങ്ങാട്

രണ്ടാം സ്ഥാനം: സെന്റ് ജോർജ് ഫൊറോന പള്ളി അരുവിത്തുറ

മൂന്നാം സ്ഥാനം: ഹോളി ഗോസ്റ്റ് ഫോറോന പള്ളി മുട്ടുചിറ

**ലോഗോസ് ക്വസ്റ്റ്യൻ പേപ്പർ വിതരണം**

ലോഗോസ് ക്വിസ് 2026 ന്റെ ചോദ്യപ്പേപ്പർ വിതരണം സെപ്റ്റംബർ 26 ശനിയാഴ്ച രാവിലെ 10 മണി മുതൽ വൈകുന്നേരം 5.00 മണി വരെ ഷലോം പാസ്റ്ററൽ സെന്ററിൽ നടക്കും. എല്ലാവരും അന്നുതന്നെ ചോദ്യപ്പേപ്പർ കൈപ്പറ്റണമെന്നു താത്പര്യപ്പെടുന്നു.

ലോഗോസ് ക്വിസ് നടത്തപ്പെടുന്നത് 2026 സെപ്റ്റംബർ 27 ഞായർ ഉച്ചകഴിഞ്ഞ് 2.00 മുതൽ 3.30 വരെ ആയിരിക്കും.

ലോഗോസ് ക്വിസ് ഉത്തരക്കടലാസ് തിരികെ നൽകേണ്ടത് സെപ്റ്റംബർ 28 തിങ്കളാഴ്ച രാവിലെ 10 മണി മുതൽ 5 മണി വരെ ആയിരിക്കും. ബൈബിൾ അപ്പോസ്തലേറ്റ് ഓഫീസിലാണ് ഉത്തരപ്പേപ്പർ ഏല്പിക്കേണ്ടത്.

**ബൈബിൾ കോഴ്സ്**

അല്മായർക്കായി സംഘടിപ്പിക്കുന്ന ബൈബിൾ ക്ലാസ്സ് ഓഗസ്റ്റ് 29 ശനിയാഴ്ച നടത്തപ്പെട്ടു.

**ഫാ. പോൾ കുന്നുംപുറത്ത്** (ഡയറക്ടർ)

# കരിസ്മാറ്റിക് വാർത്തകൾ

1. Aug 7,8 തീയതികളിൽ എമ്മാവുസ് സെന്ററിൽ നടന്ന KCSC കരിസ്മാറ്റിക് സോണൽ റിട്രീറ്റിൽ പാലാ സോൺ ടീം മുഴുവൻ പങ്കെടുത്തു. മാർ അലക്സ് താരമംഗലംപിതാവിൽനിന്നു കൈവയ്പുപ്രാർത്ഥന ലഭിച്ചു.

2. പാലാ രൂപത 20 സബ്സോൺ ടീം അംഗങ്ങൾക്കുള്ള ഒരുക്കധ്യാനം അതിരമ്പുഴ കാരിസ് ഭവനിൽ വച്ച് ഓഗസ്റ്റ് 10,11,12 തീയതികളിൽ ബഹു. ബിജിൽ ചക്കിയത്തച്ചന്റെ നേതൃത്വത്തിൽ നടന്നു. കൈവയ്പ്പുപ്രാർത്ഥനയിൽ പാലാ സോണിൽനിന്നും സബ്സോണിൽനിന്നുമായി 170 പേർ പങ്കെടുത്തു. പാലാ രൂപത വികാരി ജനറാൾ പെരിയ ബഹു.സെബാസ്റ്റ്യൻ വേത്താനത്തച്ചൻ അനുഗ്രഹപ്രഭാഷണം നടത്തി.

**3. വെള്ളിയാഴ്ച കൺവെൻഷൻ**

ഓഗസ്റ്റ് 7,14,21,28 തീയതികളിൽ പാലാ കത്തീഡ്രൽ പള്ളിയിൽ വച്ചു ഇവാഞ്ചലൈസേഷൻ ഡയറക്ടർ ഫാ. തോമസ് ഓലയത്തിലിന്റെയും, ഫാ. പോൾ കുന്നുംപുറത്തിന്റെയും, സോണൽ സേവനസമിതിയുടെയും നേതൃത്വത്തിൽ കൺവൻഷൻ നടത്തി.

**4. കുടുംബസംഗമം**

പാലാ സോണിലെ എല്ലാ സബ്സോണുകളിലെയും ഭാരവാഹികളുടെ സംഗമം കിഴടതടിയൂർ പള്ളി പാരിഷ് ഹാളിൽ വച്ച് ഇരുപത്തിരണ്ടാം തീയതി ശനിയാഴ്ച നടത്തി.

**5. രാത്രിയാരാധന**

എല്ലാ മാസവും നാലാം ശനിയാഴ്ച വൈകിട്ട് 7 മുതൽ ഞായറാഴ്ച വെളുപ്പിന് 5 മണി വരെ രൂപത സോണൽ സമിതിയുടെ നേതൃത്വത്തിൽ രാത്രിയാരാധന നടത്തപ്പെടുന്നു. ഈ മാസം 29-ാം തീയതി നടന്ന രാത്രിയാരാധനയിൽ ഫാ. മാത്യു ഓലിക്കൽ വി.സി. പത്തനംതിട്ട, കുർബാന, വചനപ്രഘോഷണം, ആരാധന എന്നിവ നടത്തി.

6. ഭരണങ്ങാനം അസ്സീസി ധ്യാനകേന്ദ്രത്തിന്റെ അൻപതാം ജൂബിലി സമ്മേളനത്തിൽ ഫാ തോമസ് ഓലായത്തിൽ പങ്കെടുത്തു.

**ഫാ. തോമസ് ഓലായത്തിൽ** (ഡയറക്ടർ)

**ഫാ. പോൾസൺ കുന്നുംപുറത്ത്** (അസിസ്റ്റന്റ് ഡയറക്ടർ)

# ജീസസ് ഫ്രട്ടേണിറ്റി

**പ്രാർത്ഥനക്കൂട്ടായ്മ**

ജീസസ് ഫ്രട്ടേണിറ്റി അംഗങ്ങൾ ഓഗസ്റ്റ് 7 ന് അഡാർട്ടിൽ ഒത്തുകൂടി തടവറയിൽ കഴിയുന്നവർക്കുവേണ്ടിയും അവർക്കിടയിലെ ജീസസ് ഫ്രട്ടേണിറ്റി പ്രവർത്തനങ്ങൾക്കായും പ്രാർത്ഥിച്ചു.

**ബോധവൽക്കരണക്ലാസ്**

ഓഗസ്റ്റ് 10 ന് പാലാ മീനച്ചിൽ സബ് ജയിൽ സന്ദർശിക്കുകയും, ബോധവൽക്കരണക്ലാസ് നയിക്കുകയും ചെയ്തു.

ഓഗസ്റ്റ് 18 ന് ഇടുക്കി ജില്ലാ ജയിൽ സന്ദർശിക്കുകയും, ബോധവൽക്കരണക്ലാസ് നയിക്കുകയും ചെയ്തു

**കൗൺസെലിങ്**

പാലാ മീനച്ചിൽ സബ് ജയിലിൽ കഴിയുന്ന അന്തേവാസികൾക്കായി ഓഗസ്റ്റ് 12, 19 തീയതികളിൽ കൗൺസെലിങ് നടത്തി.

**യൂണിറ്റ് സമ്മേളനം**

ഓഗസ്റ്റ് 21 ന് ജീസസ് ഫ്രട്ടേണിറ്റി പാലാ യൂണിറ്റ് അംഗങ്ങൾ ഒത്തുചേർന്ന് തുടർപ്രവർത്തനങ്ങളും യൂണിറ്റ്തല മാസസമ്മേളനവും, പ്രാർത്ഥനായോഗങ്ങളും നടത്തി.

**ഫാ. ജെയിംസ് പൊരുന്നോലിൽ** (ഡയറക്ടർ)

# മൗണ്ട് നെബോ ധ്യാനകേന്ദ്രം

**1. ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം:**

രണ്ടാം ശനിയാഴ്ചകൾതോറും നടത്തപ്പെടുന്ന ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം - രാവിലെ 9 മണിക്ക് ആരംഭിച്ച്, വിശുദ്ധ കുർബാന, തിരുവചനപ്രഘോഷണം, ആരാധന, വിടുതൽ ശുശ്രൂഷ, അഭിഷേക-കൈവയ്പുശുശ്രൂഷകൾ എന്നിവയോടുകൂടി 3 മണിക്ക് പൂർത്തിയാകുന്ന ധ്യാനം - ഓഗസ്റ്റ് 8 ന് മൗണ്ട് നെബോ ആബാഭവനത്തിൽ വച്ച് നടത്താൻ നിശ്ചയിച്ചിരുന്നത് പ്രതികൂലകാലാവസ്ഥമൂലം ക്യാൻസൽ ചെയ്യേണ്ടി വന്നു.

**2. പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം**

ഓഗസ്റ്റ് 23 മുതൽ 29 വരെ മൗണ്ട് നെബോ ആബാഭവനത്തിൽ വച്ച് പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം നടത്തി.

**3. Adorator Regni Dei**

മൗണ്ട് നെബോ ആബാഭവനത്തിൽ വന്ന് പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം കൂടിയവർക്കു ദൈവരാജ്യാനുഭവത്തിൽ വളരുന്നതിനായി ക്രമീകരിച്ചിരിക്കുന്ന Adorator Regni Dei എന്ന വേദിയുടെ ഈ മാസത്തിലെ സെഷനുകൾ ഓഗസ്റ്റ് 17 മുതൽ 19 വരെയുള്ള ദിവസങ്ങളിൽ നടത്തി. ദിവസം മുഴുവനും നിശ്ശബ്ദമായ ദിവ്യകാരുണ്യ ആരാധന, കുമ്പസാരിക്കാനും വ്യക്തിപരമായി ആത്മീയ ഉപദേശം തേടാനുമുള്ള അവസരം, പൊതുവായ വിശുദ്ധ കുർബാനയർപ്പണം, തിരുവചന വിചിന്തനം എന്നിവയാണ് ആത്മീയാന്വേഷകർക്കായി ഈ വേദിയിൽ ക്രമീകരിച്ചിട്ടുള്ളത്.

4. മൗണ്ട് നെബോ ആബാഭവനത്തിൽ അടുത്ത മാസങ്ങളിലെ ശുശ്രൂഷകൾ താഴെപ്പറയുംവിധം ആയിരിക്കും:

എല്ലാ രണ്ടാം ശനിയാഴ്ചയും 9 am - 3 pm:
ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം.

2026 സെപ്റ്റംബർ 13 ഞായർ, 5 pm - 19 ശനി, 9 am:
പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം

2026 ഒക്ടോബർ 11 ഞായർ, 5 pm 17 ശനി, 9 am:
പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം.

ധ്യാനങ്ങൾക്ക് ബുക്കിങ്ങിന്: mountnebovagamon.org

അന്വേഷണങ്ങൾക്ക്: 9847472522; 7306371028

**ഫാ. തോമസ് വാഴചാരിക്കൽ** (ഡയറക്ടർ)

## ദീപിക ഫ്രണ്ട്സ് ക്ലബ്

**എക്സിക്യൂട്ടീവ്**

12-08-2026 ബുധനാഴ്ച ഷലോം പാസ്റ്ററൽ സെന്ററിൽവച്ച് എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തപ്പെട്ടു.

**ഭാഷാപദ്ധതി**

ദീപിക നമ്മുടെ ഭാഷാപദ്ധതിയുടെ ഭാഗമായി രൂപതയിലെ വിവിധ സ്കൂളുകളിൽ ഭാഷാപദ്ധതി ഉദ്ഘാടനം ചെയ്തു.

സ്കൂളുകൾ

1. പാലാക്കാട് നിർമ്മൽ ജ്യോതി പബ്ലിക് സ്കൂൾ
2. അന്ത്യാളം സെന്റ് മാത്യൂസ് എൽ.പി. സ്കൂൾ
3. കുറവിലങ്ങാട് സെന്റ് മേരീസ് ഗേൾസ് എൽ.പി. സ്കൂൾ

4. പാലാ സെന്റ് തോമസ് ടി.ടി.ഐ
5. കുടയത്തൂർ ഗവ.ഹയർ സെക്കൻഡറി സ്കൂൾ
6. കൊഴുവനാൽ സെന്റ് ജോൺ നെപുംസ്യാൻസ് ഹയർ സെക്കൻഡറി സ്കൂൾ
7. കുടയത്തൂർ സെന്റ് അഗസ്റ്റിൻസ് എൽ.പി. സ്കൂൾ
8. ഉള്ളനാട് സേക്രഡ് ഹാർഡ് യു.പി. സ്കൂൾ
9. ചേർപ്പുങ്കൽ ഹോളി ക്രോസ്ഹയർ സെക്കൻഡറി സ്കൂൾ
10. കടനാട് സെന്റ് സെബാസ്റ്റ്യസ് ഹൈസ്കൂൾ
11. കടനാട് സെന്റ് മാത്യൂസ് എൽ.പി. സ്കൂൾ
12. മുത്തോലി സെന്റ് ജോസഫ് ടി.ടി.ഐ
13. മേരി മാതാ പബ്ലിക് സ്കൂൾ
14. മൂലമറ്റം ഐ.എച്ച് ഇ.പി. ഗവ.യു.പി.സ്കൂൾ

**സംസ്ഥാന മീറ്റിങ്**

19-08-2026 ൽ നടന്ന ഓൺലൈൻ മീറ്റിങ്ങിൽ ഡയറക്ടറച്ചൻ പങ്കെടുത്തു.

**ടീച്ചേഴ്സ് കോപ്പി**

ദീപിക ടീച്ചേഴ്സ് കോപ്പിക്കുള്ള ഫോമുകൾ സ്കൂളുകളിൽ എത്തിച്ചു.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

---

# ഇൻഫാം

---

**പച്ചക്കറിവിത്ത് ജില്ലാതല വിതരണോദ്ഘാടനം**

ഇൻഫാമിന്റെ പഞ്ചവത്സരപദ്ധതിയുടെ ഭാഗമായി അടുക്കളത്തോട്ട വ്യാപനത്തോടനുബന്ധിച്ചുള്ള പച്ചക്കറിവിത്തുകളുടെ പാലാ കാർഷി കജില്ലാതല വിതരണോദ്ഘാടനം 14-8-2026 വെള്ളിയാഴ്ച രാവിലെ 10 ന് ബിഷപ്സ് ഹൗസിൽ വച്ച് അഭിവന്ദ്യ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നിർവഹിച്ചു. നാഷണൽ ഡയറക്ടർ ഫാ. ജോസഫ് ചെറുകരകുന്നേൽ, ജില്ലാ ഡയറക്ടർ ഫാ. ജോസ് തറപ്പേൽ, ജില്ലാ പ്രസിഡന്റ് ഡോ. കെ. കെ. ജോസ് കരിപ്പാക്കുടിയിൽ, നാഷണൽ കമ്മിറ്റിയംഗം മാത്യു മാമ്പറ മ്പിൽ, നാഷണൽ ട്രഷറർ സണ്ണി അഗസ്റ്റിൻ അരഞ്ഞാണിപുത്തൻപുര, ജില്ലാ സെക്രട്ടറി തോമസ് മറ്റം എന്നിവർ ഉൾപ്പെടെ 40 ഓളം ഇൻഫാം അംഗങ്ങൾ പങ്കെടുത്തു. എല്ലാ ഗ്രാമസമിതികളിലേക്കുമുള്ള വിത്തുകളും അന്നേദിവസം വിതരണം ചെയ്തു.

**ഗ്രാമസമിതിയിലെ വിതരണോദ്ഘാടനം**

പച്ചക്കറിവിത്തിന്റെ വിതരണോദ്ഘാടനം മലയിഞ്ചിപ്പാറ ഗ്രാമ സമിതിയിൽ 16-8-2026 ൽ വികാരി ഫാ. തോമസ് ഓലിക്കൽ പുത്തൻപുരയും ചെമ്മലമറ്റം ഗ്രാമസമിതിയിൽ വികാരി ഫാ. സെബാസ്റ്റ്യൻ കൊല്ലമ്പറമ്പിലും നിർവഹിച്ചു.

**രത്നഗിരി യൂണിറ്റിന്റെ ഉദ്ഘാടനം**

ഇൻഫാം രത്നഗ്രി യൂണിറ്റിന്റെ ഉദ്ഘാടനം ജില്ലാ ഡയറക്ടർ ഫാ. ജോസ് തറപ്പേൽ 17-8-2026 ൽ നിർവഹിച്ചു. അസിസ്റ്റന്റ് വികാരി ഫാ. അബ്രാഹം പുള്ളിക്കാട്ടിൽ, ജില്ലാ സെക്രട്ടറി തോമസ് മറ്റം എന്നിവർ പങ്കെടുത്തു.

**കർഷകദിനാചരണം**

ചേർപ്പുങ്കൽ ഗ്രാമസമിതിയിൽ 18-8-2026 ൽ കർഷകദിനം നടത്തി. വികാരി ഫാ. ജോസ് വള്ളോംപുരയിടം മികച്ച കർഷകനെ ആദരിച്ചു. പച്ചക്കറിവിത്തുകളുടെ വിതരണോദ്ഘാടനം ജില്ലാ സെക്രട്ടറി തോമസ് മറ്റം നിർവഹിച്ചു.

**ഫാ. ജോസഫ് തറപ്പേൽ** (ഡയറക്ടർ)



# അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ ഡയറിയിൽനിന്ന്

## AUGUST 2026

| | | |
|---|---|---|
| 2 | 4.00 pm | പയ്യാനിത്തോട്ടം പള്ളിയിൽ പ്രളയ ദുരന്തത്തിൽ മരണമടഞ്ഞ ശ്രീമതി റെജീനയുടെയും മകൻ ജോസഫൈന്റെയും സംസ്കാരശുശ്രൂഷകൾക്ക് മുഖ്യകാർമികത്വം വഹിച്ചു. |
| 3 | 6.30 am | ഗുഡ് ഷെപ്പേർഡ് മൈനർ സെമിനാരി സന്ദർശിച്ചു വിശുദ്ധ കുർബാനയർപ്പിച്ചു പ്രാർഥിച്ചു. |
| 4- | 9.30 pm | ജയ്ഗിരി പള്ളിയിൽ വച്ച് ഡീക്കൻ ജോസ് നെടുനിലത്തിന് പൗരോഹിത്യം നൽകി. |
| | 12.00 pm | മുട്ടുചിറ ആശുപത്രിയുടെ പുതിയ കാത്ത്ലാബ് വെഞ്ചരിച്ചു. |
| 4-7 | | കാക്കനാട് മൗണ്ട് സെന്തോമസിൽ വച്ചു നടന്ന KCBC ധ്യാനത്തിൽ സംബന്ധിച്ചു. |
| 8 | | ളാലം പഴയ പള്ളിയിൽവച്ച് കിഴക്കേക്കര വാകാനിയിൽ സിജോയുടെയും അനിറ്റയുടെയും വിവാഹം ആശീർവദിച്ചു. |
| 9 | 5.00 pm | കുറവിലങ്ങാട് പള്ളിയുടെ നവീകരിക്കപ്പെട്ട ചെറുകര കുരിശുപള്ളി വെഞ്ചരിച്ചു. |
| | 6.30 pm | മുണ്ടാങ്കൽ ഇടവകയിൽ പരേതയായ ശ്രീമതി എൽസി ജെയിംസ് വടക്കന്റെ ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർഥിച്ചു. |
| 11 | 11.00 am | പൊടിമറ്റം പള്ളിയിൽ വച്ചു നടന്ന കാഞ്ഞിരപ്പള്ളി രൂപതാ മാതൃസംഗമം ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. |

| | | |
|---|---|---|
| 13 | 3.00 pm | കീഴൂർ ഇടവകയിൽ ഹോം പാലാ പ്രൊജക്ടിൽ ഉൾപ്പെട്ട ഒരു ഭവനം വെഞ്ചരിച്ചു. |
| 14 | 11.00 am | തീക്കോയി ഇടവകയിൽ പരേതയായ ശ്രീമതി റോസക്കുട്ടി ജെയിംസ് പുന്നപ്ലാക്കലിന്റെ ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർഥിച്ചു. |
| | | മംഗളഗിരി, പെരിങ്ങുളം എന്നീ ഇടവകകളിൽ ഉരുൾപൊട്ടൽ ദുരന്തത്തിൽ അകപ്പെട്ട കുടുംബങ്ങളെ സന്ദർശിച്ചു സാന്ത്വനവും സഹായവും നൽകി. |
| | 5.00 pm | മാർസ്ലീവാ മെഡിസിറ്റിയുടെ ഗവേർണിങ് ബോഡി മീറ്റിങ്ങിൽ പങ്കെടുത്തു. |
| 15 | 10.30 am | അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചു നടന്ന KCYM സംസ്ഥാന സമിതിയുടെ അർദ്ധവാർഷിക സെനറ്റ് സമ്മേളനം ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി. |
| | 2.00 pm | പാലാ സെൻറ് തോമസ് സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ചു നടന്ന വേദപാഠ-സന്മാർഗ്ഗപഠനങ്ങളുടെ രൂപതാതല വാർഷികം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയും സമ്മാനവിതരണം നടത്തുകയും ചെയ്തു. |
| | 5.00 pm | കടപ്ലാമറ്റം ഇടവകയിൽ പുതിയ സെമിത്തേരി ചാപ്പലും മോണ്ടളത്തിൽ സ്ഥാപിച്ച പരിശുദ്ധ അമ്മയുടെ തിരുസ്വരൂപവും ആശീർവദിച്ചു. |
| | 6.00 pm | കുറിച്ചിത്താനം പള്ളിയുടെ നവീകരിച്ച പാരിഷ് ഹാൾ വെഞ്ചരിച്ചു. |
| 17-28 | | സിറോ മലബാർ സിനഡിൽ പങ്കെടുത്തു. |
| 22 | | തിരുവനന്തപുരത്തുവച്ചു നടന്ന മലങ്കര കത്തോലിക്കാ സഭയുടെ മേജർ ആർച്ചുബിഷപ് കർദിനാൾ ബസേലിയോസ് മാർ ക്ലീമിസ് ബാവായുടെ മെത്രാഭിഷേക രജതജൂബിലിയിൽ സംബന്ധിച്ച് ആശംസകൾ അർപ്പിച്ചു. |

| | | |
|---|---|---|
| 23 | | അരുവിത്തുറ ഇടവകയിൽ പരേതനായ മേക്കാട്ട് ശ്രീ എം.ജെ. മത്തായിയുടെ ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 25 | 4.00 pm | ഭരണങ്ങാനം പള്ളിയിൽവച്ച് പരേതനായ ബഹു. അലക്സാണ്ടർ ഓലിക്കലച്ചന്റെ സംസ്കാരശുശ്രൂഷകൾക്ക് മുഖ്യകാർമികത്വം വഹിച്ചു. |
| 29 | 4.00 pm | പൂവത്തോട് പള്ളിയിൽ വച്ച് കടപ്പാ രൂപതാംഗമായ പരേതനായ ബഹു. ജോർജ് ആലക്കളം അച്ചന്റെ സംസ്കാരശുശ്രൂഷകൾക്ക് മുഖ്യകാർമികത്വം വഹിച്ചു. |
| 31 | | പറത്താനം സീവ്യൂ എസ്റ്റേറ്റ് സന്ദർശിച്ചു. |




പാലാ കോർപ്പറേറ്റിന്റെ
കീഴിലുള്ള സ്കൂളുകളിലെ

# വേദപാഠ-സന്മാർഗ്ഗ

# മെറിറ്റ് ഡേ

അഭിവന്ദ്യ
## മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ്

പാലാ സെന്റ് തോമസ് സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച്
ഉദ്ഘാടനം ചെയ്ത് സമ്മാനവിതരണം നടത്തി.











15.08.2026



15.08.2026

**അത്യാസന്നനിലയിലുള്ള**
**രോഗികൾക്ക് ജീവൻ നിലനിർത്താനുള്ള**
**നിർണായകപിന്തുണ നൽകുന്ന**
**ECMO (Extracorporeal Membrane**
**Oxygenation) സംവിധാനം മാർ സ്ളീവാ**
**മെഡിസിറ്റിയിൽ**
**പ്രവർത്തനം ആരംഭിച്ചു.**
**അഭിവന്ദ്യ**
**മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ്**
**ECMO സംവിധാനത്തിന്റെ**
**ആശീർവാദകർമ്മം നിർവഹിച്ചു.**



13.08.2026

ഹോം പാലാ, കീഴൂർ



അഭിവന്ദ്യ കർദിനാൾ
മോറാൻ മോർ ബസേലിയോസ്
ക്ലീമിസ് കാതോലിക്കാ ബാവയുടെ

# മെത്രാഭിഷേക രജതജൂബിലി

## ആഘോഷങ്ങളിൽ

മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ്
പങ്കെടുത്ത് ആശംസാപ്രസംഗം നിർവഹിച്ചു.









22.08.2026

## സ്നേഹസ്മരണയ്ക്ക്



**സി. ജയിംസ് മരിയ SMS (83)**
**പാമ്പയ്ക്കൽ**

| | |
|---|---|
| ഇടവക | : അന്തിനാട് |
| ജനനം | : 07.08.1938 |
| നിത്യവ്രതം | : 24.051966 |
| മരണം | : 18.08.2026 |
| മൃതസംസ്കാരം | : പൈക |

നെല്ലിയാനി, കടനാട്, വടകര, പൈക, പുതുവേലി, കാഞ്ഞിരമറ്റം,
കുറുമണ്ണ്, കുന്നോന്നി, മരങ്ങോലി, കടുത്തുരുത്തി

## സ്നേഹസ്മരണയ്ക്ക്



# ഫാ. അലക്സാണ്ടർ ഓലിക്കൽ

1936 ഡിസംബർ 30ന് ഭരണങ്ങാനം ഓലിക്കൽ കുടുംബത്തിൽ ചാണ്ടി – അന്നമ്മ ദമ്പതികളുടെ മകനായി ജനിച്ചു. സെബാസ്റ്റ്യൻ, ബേബി (പരേതൻ), ജോസ്, ഫാ. തോമസ് എന്നിവരാണ് സഹോദരങ്ങൾ. സി. ഇലക്ടാ മേരി F.C.C., സി. അലക്സ് മേരി F.C.C. (പരേത), സിസ്റ്റർ ജയ SMS (പരേത), ഡോളി, ലില്ലി, മാഗി എന്നിവർ സഹോദരിമാരാണ്. 1937 ജനുവരി 6ന് ഭരണങ്ങാനം പള്ളിയിൽ വച്ച് ഫാ. ദേവസ്യാ കുന്നത്തുപുരയിടം മാമ്മോദീസ നൽകി. 1951 മേയ് 22ന് ഭരണങ്ങാനത്ത് മാർ സെബാസ്റ്റ്യൻ വയലിൽപിതാവിൽനിന്ന് സ്ഥൈര്യലേപനം സ്വീകരിച്ചു. ഭരണങ്ങാനം L.F. L.P. സ്കൂളിലും തുടർന്ന് സെന്റ് മേരീസ് ഹൈസ്കൂളിലും വിദ്യാഭ്യാസം നടത്തി. വൈദികപരിശീലനത്തിനായി പാലായിലെ G.S.M. സെമിനാരിയിലും ആലുവയിലെ പൊന്തിഫിക്കൽ സെമിനാരിയിലും പഠിച്ച് B.D. ബിരുദം നേടി. 1964 മാർച്ച് 11ന് ഭരണങ്ങാനത്ത് മാർ സെബാസ്റ്റ്യൻ വയലിൽ പിതാവിൽനിന്ന് പൗരോഹിത്യം സ്വീകരിച്ചു. തുടർന്ന് കൂട്ടിക്കൽ, രാമപുരം എന്നിവിടങ്ങളിൽ അസിസ്റ്റന്റ് വികാരിയായും, അടിവാരം, പാലക്കാട്ടുമല, രത്നഗിരി, വടകര, നീലൂർ, കൂടല്ലൂർ, തിടനാട്, കടുത്തുരുത്തി എന്നീ ഇടവകകളിൽ വികാരിയായും സേവനം ചെയ്തു. 1979 മുതൽ 1989 വരെ Sea View Estateന്റെ മാനേജരായും ശുശ്രൂഷ നിർവഹിച്ചു. 2012 ഫെബ്രുവരി 11 മുതൽ 2026 ഏപ്രിൽ 6 വരെ പാലായിലെ Carmel Medical Centre-ൽ ചാപ്ലെനായി സേവനമനുഷ്ഠിച്ചു. ദീർഘമായ വൈദികജീവിതത്തിലുടനീളം വിവിധ ഇടവകകളിലും സ്ഥാപനങ്ങളിലുമായി വിശ്വാസികൾക്ക് ആത്മീയനേതൃത്വവും നല്ലയിടയനടുത്ത അജപാലനശുശ്രൂഷയും അച്ചൻ നൽകി. സ്വഭവനത്തിൽ വിശ്രമജീവിതം നയിച്ചുവരവേ ഓഗസ്റ്റ് 23 –ാം തീയതി നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. ഓഗസ്റ്റ് 25 ന് അദ്ദേഹത്തിന്റെ സംസ്കാരശുശ്രൂഷയുടെ വീട്ടിലെ കർമ്മങ്ങൾക്ക് അഭിവന്ദ്യ മാർ തോമസ് മേനാപറമ്പിൽ പിതാവ് നേതൃത്വം നൽകി. തുടർന്ന് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിലും അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവിന്റെ സഹകാർമ്മികത്വത്തിലും അദ്ദേഹത്തിന്റെ സംസ്കാരശുശ്രൂഷയുടെ അവസാനഭാഗങ്ങൾ ഭരണങ്ങാനം പള്ളിയിൽ വച്ച് നടത്തപ്പെട്ടു.



### സി. ജയിംസ് മരിയ SMS (88)
### പാമ്പയ്ക്കൽ

| | |
|---|---|
| ഇടവക | : അന്തിനാട് |
| ജനനം | : 07.08.1938 |
| നിത്യവ്രതം | : 24.051966 |
| മരണം | : 18.08.2026 |
| മൃതസംസ്കാരം | : പൈക |

**സേവന മണ്ഡലങ്ങൾ**

നെല്ലിയാനി, കാഞ്ഞിരമറ്റം, സേവ്യർപുരം, ഉള്ളനാട്, കടുത്തുരുത്തി, മുത്തോലപുരം, കൂടല്ലൂർ, കാക്കൊമ്പ്, കളത്തൂർ, നിർമ്മൽ ഭവൻ, നസ്രത്ത് ഹിൽ, ഉരുളികുന്നം, പൈക



### സി. ജയ SMS (83)
### ഓലിക്കൽ

| | |
|---|---|
| ഇടവക | : ഭരണങ്ങാനം |
| ജനനം | : 01.12.1943 |
| നിത്യവ്രതം | : 01.05.1980 |
| മരണം | : 27.08.2026 |
| മൃതസംസ്കാരം | : പാലാ |

**സേവന മണ്ഡലങ്ങൾ**

പൂവത്തിളപ്പ്, കരൂർ, മണിയംകുളം, ഏന്തയാർ, നെന്മേനി, ജഗദൽപ്പൂർ, കരുണാലയം, ബോയ്സ് ടൗൺ, സ്നേഹാലയം




പാലാ സാന്തോം ഫാർമർ പ്രൊഡ്യൂസർ കമ്പനിക്ക് 2025 ലെ കേരള സർക്കാരിന്റെ മികച്ച എഫ്.പി.സി.ക്കുള്ള സംസ്ഥാന അവാർഡ് ലഭിച്ചു. രൂപതാ വികാരി ജനറാൾ റവ. മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്, പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ റവ. ഫാ. ജോസഫ് വാട്ടപ്പള്ളിൽ എന്നിവർ ബഹുമാനപ്പെട്ട കൃഷിമന്ത്രി അഡ്വ. ടി. സിദ്ദിഖിൽനിന്നാണ് പുരസ്കാരം ഏറ്റുവാങ്ങിയത്.

Printed at St.Thomas Press, Palai and Published by Fr. Augustine Kandathilkudilil